Reg. No. C. 101, M: 2293

വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6-0-0
പ്രതിവർഷം തപാൽ 6-8-0
ഒററപ്രതി 0-2-0

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8-0
പ്രതിമാസം തപാൽ 1-12-0
ഒററപ്രതി 0- 1-0

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മിഥുനം 1 | ലക്കം 41 |
|---|---|---|

# പരിശുദ്ധ കുർബാനയുടെ ചരിത്രം

(എടമരത്തു വി. സെബാസ്ത്യൻ, വിദ്വാൻ)

തിരുസഭയുടെ കർമ്മാനുഷ്ഠാനങ്ങളിൽ വെച്ചു് ശ്രേഷ്ഠവും സർവ്വോപരി ഫലപ്രദവുമായ പരിശുദ്ധ കുർബാനപോലെ നമുക്കു സുപരിചിതമായ ആചാരം മറെറാന്നില്ല. ലോകരക്ഷകനായ മിശിഹായുടെ ഉപദേശം അനുസരിച്ചു് അപ്പസ്തോലന്മാരുടെകാലംതുടങ്ങിത്തന്നെ അതു സഭയിൽ നടപ്പായിട്ടുള്ളതാണു്. എങ്കിലും അന്നുമുതൽ ഇന്നുവരെ വി. കുർബാനയുടെ അനുഷ്ഠാനം സംബന്ധിച്ചു സഭയിൽ ഉണ്ടായിട്ടുള്ള മാററങ്ങളും അഭിവൃദ്ധിയും ചെറുതല്ല.

ആദ്യശതാബ്ദങ്ങളിൽ പ്രതിദിനം എല്ലാവൈദികന്മാരും കുർബാനചൊല്ലുക പതിവായിരുന്നില്ല. അക്കാലത്തു ഞായറാഴ്ചകളിൽമാത്രമേ ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നുള്ളു. പക്ഷേ മെത്രാന്മാർക്കു് അവരുടെ ഇഷ്ടം അനുസരിച്ചും പരേതന്മാരുടെ ആത്മശാന്തിക്കുവേണ്ടിയും ഇടദിവസങ്ങളിലും കുർബാന അനുഷ്ഠിക്കാമെന്നു നിയമമുണ്ടായിരുന്നു.

മൂന്നാം ശതാബ്ദംമുതൽ പ്രതിദിന കുർബാനയെക്കുറിച്ചുള്ളലക്ഷ്യങ്ങൾ സഭാചരിത്രങ്ങളിൽ കാണുന്നുണ്ടു്. എങ്കിലും പലസ്തീന, ആഫ്റിക്ക എന്നീ പ്രദേശങ്ങളിലുള്ള ചില സഭകളിലല്ലാതെ തിരുസഭയുടെ കേന്ദ്രമായ റോമയിലും അലക്സാന്ത്രിയാ മുതലായ സ്ഥലങ്ങളിലും അതു് അന്നും നടപ്പായില്ല. ആറാംനൂററാണ്ടുതുടങ്ങി നൊയമ്പുകാലങ്ങളിൽ പ്രതിദിനകുർബാന സർവ്വത്ര ആരംഭിച്ചുവെങ്കിലും ചില റീത്തുകളിൽ വെള്ളിശനിയാഴ്ചകളിൽ ദിവ്യപൂജ വിരോധിക്കപ്പെട്ടിരുന്നു. മിലാൻ റീത്തിൽ നൊയമ്പുകാലത്തു ഞായറാഴ്ചകളിലും കുർബാന അനുഷ്ഠേയമായിരുന്നില്ല.

പ്രായേണ റോമാറീത്തിൽ ദിവസംതോറും കുർബാന അനുഷ്ഠിക്കാമെന്നു വ്യവസ്ഥയുണ്ടായെങ്കിലും ഒരു ദേവാലയത്തിൽ പ്രതിദിനം ഒരു കുർബാനമാത്രമേ പാടുള്ളു എന്നും നിയമമുണ്ടായിരുന്നു. തന്നിമിത്തം മെത്രാനോ മററു പ്രധാന പുരോഹിതനോമാത്രം കാർമ്മികനായി പൂജ സമർപ്പിക്കയും ശേഷം വൈദികന്മാർ അദ്ദേഹത്തിനു പരികർമ്മം ചെയ്യുകയുമായിരുന്നു അന്നത്തെ നടപ്പു്. ഈ ഏർപ്പാടുനിമിത്തം അക്കാലത്തു ദേവാലയങ്ങളിൽ ഒരു ബലിപീഠംവീതമേ ഉണ്ടായിരുന്നുള്ളു. ഏകദേശം മദ്ധ്യശതാബ്ദങ്ങളുടെ ആരംഭത്തോടെ ഇമ്മാതിരി പൊതുബലികൾക്കു് പാശ്ചാത്യദേശങ്ങളിൽ വീണ്ടും മാററം സംഭവിച്ചു. അതിനു കാരണം ഓരോ കുർബാനയ്ക്കും അസാമാന്യമായ ഫലം ഉള്ളതുകൊണ്ടു് കുർബാന വർദ്ധിക്കുന്തോറും ഫലത്തിനും ആധിക്യം ലഭിക്കുമെന്നുള്ള ജനങ്ങളുടെ വിശ്വാസദാർഢ്യമായിരുന്നു. കൂടാതെ എട്ടാം ശതാബ്ദത്തിൽ യൂറോപ്പിലുള്ള സന്യാസാശ്രമങ്ങളിൽ വൈദികന്മാർ മരിച്ച സഹോദരന്മാർക്കുവേണ്ടി ഏതാനും ബലികൾ അർപ്പിക്കണമെന്നും അവക്കു പ്രത്യേകോദ്ദേശ്യംപ്രമാണിച്ചു പൂജ അർപ്പിക്കാമെന്നും തദർത്ഥംദാനങ്ങൾ സ്വീകരിക്കാമെന്നുംചില നിയമങ്ങളും ഉണ്ടായി. ഏതന്മൂലം പൊതുകുർബാനാനുഷ്ഠാനം ക്ഷയിച്ചു് സഭയിൽ പ്രത്യേകപൂജാർപ്പണം ചെയ്യുന്ന സമ്പ്രദായം വേഗേന പ്രചാരപ്പെടാൻതുടങ്ങി.

ഒമ്പതാംശതകംതുടങ്ങി കുർബാനയുടെ സംഖ്യ ക്രമാധികം വർദ്ധിച്ചു. ഒരു വൈദികൻതന്നെ പ്രതിദിനം മൂന്നും നാലും കുർബാനകൾ ചൊല്ലുക സാധാരണമായി. 816-ൽ നിര്യാതനായ മൂന്നാം ലെയോൻമാർപ്പാപ്പാതന്നെയും ദിവസംതോറും ഒമ്പതുതവണവീതം പൂജ സമർപ്പിച്ചിരുന്നതായി ഒരു ചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ടു്. അനന്തരം 13-ാം ശതാബ്ദംമുതൽ അനാശാസ്യമായി വർദ്ധിച്ച കുർബാനയുടെ ആവർത്തനാധിക്യം കുറയ്ക്കുന്നതിനുള്ള ശ്രമം സഭയിൽ പ്രത്യക്ഷപ്പെട്ടു. തൽഫലമായി ചില പ്രത്യേകാവസരങ്ങളിലല്ലാതെ പട്ടക്കാർ പ്രതിദിനം ഒന്നിലധികം കുർബാന ചൊല്ലിക്കൂടെന്നും അധികൃതന്മാർ ആജ്ഞാപിച്ചു. കുർബാനയുടെ ആവർത്തനം മേൽപ്രകാരം വർദ്ധിച്ചതുതന്നെയാണു് കത്തോലിക്കാദേവാലയങ്ങളിലും സന്യാസാശ്രമങ്ങളിലും ബലിപീഠങ്ങളുടെ എണ്ണം ക്രമേണ അധികമാകാൻ കാരണമായതു്.


ഇനി ആധുനികകാലത്തു നാമാവശേഷമായിത്തീർന്ന ചില കുർബാനക്രമങ്ങളേയും തച്ചടങ്ങുകളേയും കുറിച്ചുകൂടി അല്പം പ്രസ്താവിക്കാം.

യാതൊരു ശുശ്രൂഷകൻെറയും സഹായംകൂടാതെ വൈദികൻ തനിയെ "ഏകാന്തകുർബാന" അനുഷ്ഠിക്കുക പണ്ടു നടപ്പുണ്ടായിരുന്നു. അതുപോലെ കാഴ്ചവയ്പു്, കുർബാന കൂദാശചെയ്യൽ ദിവ്യകാരുണ്യസ്വീകാരം എന്നീ അംശങ്ങൾകൂടാതെ പ്രാർത്ഥനകളോടുകൂടിമാത്രം നടത്തിയിരുന്ന ഒരുവക ശുഷ്കബലിയും പുരാതനകാലത്തു പതിവില്ലാതിരുന്നില്ല. ഉച്ചയ്ക്കുശേഷമുണ്ടാകുന്ന വിവാഹം, ശവസംസ്കാരം മുതലായവ സംബന്ധിച്ചു സാക്ഷാത്തായ കുർബാന നടത്താൻ അനുവദിക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ അക്കാലത്തു താദൃശ സന്ദർഭങ്ങളിലും പട്ടക്കാർ ശുഷ്കബലി സാധാരണമായി നിർവ്വഹിച്ചുവന്നിരുന്നു. അതിൽതിരുവോസ്തിക്കു പകരം തിരുശേഷിപ്പാണു് ഉയർത്തപ്പെട്ടിരുന്നതു്. 19-ാം ശതാബ്ദത്തിൻെറ മദ്ധ്യഘട്ടംവരെ മിലാനിൽ ഇത്തരം ബലികൾ നടന്നിരുന്നതായും ഇപ്പോഴും ദുഃഖവെള്ളി ശനിയാഴ്ചകളിൽ അതിൻെറ അവശിഷ്ടം ആചരിക്കപ്പെട്ടുവരുന്നതായും കാർഡിനൽ ബോനാ എന്ന ദേഹം പറയുന്നുണ്ടു്.

കുർബാനയിൽ കാനൻവരെയുള്ള ഭാഗങ്ങൾ രണ്ടും മൂന്നും പ്രാവശ്യം ആവർത്തിച്ചു്, അതിനു ശേഷമുള്ള ഭാഗം ഒരിക്കൽമാത്രം ചൊല്ലി ഒരു കുർബാന തന്നെ രണ്ടും മൂന്നുമായി പരിഗണിക്കുന്ന മറെറാരു പതിവും മുൻപു് ചില പ്രദേശങ്ങളിൽ നടപ്പുണ്ടായിരുന്നു. കൂടാതെ സമുദ്രയാത്ര, നായാട്ടു് മുതലായവ നടത്തുമ്പോൾ തത്തൽസൗകര്യങ്ങൾക്കു് ഒത്തവിധത്തിലും ചില വിശേഷതരം കുർബാനച്ചടങ്ങുകൾ ഇല്ലാതിരുന്നില്ല. അവയെല്ലാം ഇപ്പോൾ മുടക്കപ്പെട്ടുപോയി.

ആധുനിക കുർബാനയിലും അപ്പവും വീഞ്ഞും വാഴ്ത്തുമ്പോൾ വൈദികൻ ഉച്ചരിക്കുന്ന മന്ത്രം ഒഴിച്ചു് വേറെ അധികമൊന്നും അപ്പസ്തോലകാലത്തെ വകയായി ശേഷിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ചരിത്രം പരിശോധിച്ചാൽ കുർബാനയിൽ വൈദികൻ ഇപ്പോൾ ചൊല്ലുന്ന പ്രാർത്ഥനകൾ മിക്കതും ഓരോ കാലത്തും ഓരോ മാർപ്പാപ്പാമാരുടെ ആജ്ഞാപനം അനുസരിച്ചും കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളവയാണെന്നു കാണാം. പട്ടക്കാരൻ കുർബാനയിൽ പ്രാർത്ഥന മുൻകൂട്ടി പഠിക്കാതെതന്നെ ചൊല്ലുകയും ജനങ്ങൾ വേണ്ട ഘട്ടങ്ങളിൽ ഏററുച്ചരിക്കയുമായിരുന്നു പഴയകാലത്തെ പതിവു്. മൂന്നാം നൂററാണ്ടുമുതൽ ഈ സമ്പ്രദായം കുറേശ്ശെ ഭേദപ്പെട്ടു. എട്ടാം ശതാബ്ദത്തിൽ നടപ്പുണ്ടായിരുന്ന കുർബാനക്രമം പോലും ഇന്നത്തേതിൽ നിന്നു വളരെവ്യത്യസ്തമായിരുന്നു. അത്യാഘോഷപൂർവ്വം നടത്താറുള്ള പൊന്തിഫിക്കൽകുർബാനയ്ക്കുപോലും മണിയടിക്കയോധൂമക്കുററി വീശുകയോചെയ്ക പതിവുണ്ടായിരുന്നില്ല. വിശ്വാസപ്രമാണം ഉച്ചരിക്കുക, ഉത്ഥാപനം ചെയ്ക എന്നിമുറകളും ഇടക്കാലത്തുണ്ടായവയാണു്. മുൻപു കുർബാനസ്വീകാരത്തിനുമുമ്പാണു് ഉത്ഥാപനം തന്നെ നടത്തപ്പെട്ടിരുന്നതു്. തദവശിഷ്ടമായി ഇപ്പോഴും "ആകാശങ്ങളിലിരിക്കുന്ന" എന്നു തുടങ്ങുന്ന മന്ത്രം ഉച്ചരിക്കുന്നതിനു മുമ്പു് ഒരു ചെറിയ ഉത്ഥാപനം ആചരിച്ചുപോരുന്നു. കുർബാനയുടെ മദ്ധ്യഘട്ടത്തിലുള്ള ഉത്ഥാപനം 12-ാം ശതാബ്ദം മുതൽക്കാണു് ആരംഭിച്ചതു്. കൂദാശ ചെയ്യുന്ന വസ്തു എന്തെന്നു ജനങ്ങളെ കാണിപ്പാൻവേണ്ടി വൈദികൻ വിശുദ്ധീകരണത്തിനുമുമ്പും കൂദാശ ചെയ്യപ്പെട്ടതെന്തെന്നു കാണിപ്പാനായി തദനന്തരവും തിരുശരീരവും രക്തവും ഉയർത്തുക പതിവായി. ഈ ആചാരം പഴക്കം പ്രാപിച്ചതോടെ ജനങ്ങൾക്കു് അതു കാണ്മാനുള്ള ആഗ്രഹം വർദ്ധിക്കയും തൽഫലമായി ഉയർത്തപ്പെട്ട തിരുവസ്തുക്കൾ കണ്ണിൽപ്പെടാത്തപക്ഷം കുർബാന കണ്ട ഫലം ലഭ്യമല്ലെന്നുള്ള വിചാരം ജനമദ്ധ്യേ മദ്ധ്യശതാബ്ദങ്ങളിൽ സുസ്ഥിരമായി

(ശേഷം 12-ാം പേജിൽ)



പ്രഥമപൂജാർപ്പണം

# യാക്കോബായ സഭയിലെ സമാധാനപരിശ്രമങ്ങൾ

(ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി)

II

കോട്ടയത്തെ "മലങ്കരസഭാ സമാധാനസംഘടന"യ്ക്കു വിജയം ആശംസിച്ചുകൊണ്ടു് "മലയാള മനോരമ" പത്രാധിപരായ മി: കെ. സി. മാമ്മൻ മാപ്പിള അയച്ചുകൊടുത്ത ഒരു സന്ദേശം ഇപ്രകാരമായിരുന്നു:

"സ്നേഹിതരേ, നമ്മുടെ പാവപ്പെട്ട സഭയുടെ ഉന്നമനത്തിനുവേണ്ടി യഥാശക്തി യത്നിക്കുവാൻ സന്നദ്ധരായി നിങ്ങൾ ഉൾപ്പെടെ ഏതാനും യുവാക്കന്മാർ "മലങ്കര യാക്കോബായ സമാധാന സംഘടന" എന്ന നാമത്തിൽ ഒരു സംഘടന സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. നമ്മുടെ അനൈക്യം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ സഭയെ നാശഗർത്തത്തിൽ നിന്നും വിമോചിപ്പിക്കാനായി സർവ്വാത്മനാ പ്രയത്നിക്കയെന്നുള്ളതു് സഭയുടെ മക്കളായ ഏവരിലും നിക്ഷിപ്തമായിട്ടുള്ള ദൈവാജ്ഞയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. നിങ്ങളുടെ ഏവംവിധങ്ങളായ സകല പ്രവർത്തനങ്ങളിലും ദൈവസഹായവും ദൈവനടത്തിപ്പും ഉണ്ടാകണമെന്നു പ്രാർത്ഥിക്കുകയും അവയ്ക്കു സകല വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു."

കേരളത്തിലെ യാക്കോബായസഭ രണ്ടു കക്ഷികളായി ഭിന്നിച്ചു പിരിയുന്നതിനും, അതിൽ ഒരു കക്ഷിയായ മെത്രാൻ കക്ഷിയുടെ (ഇപ്പോഴത്തെ ഓർത്തഡോക്സ് സഭ) നിലനില്പിനും പുരോഗതിക്കുംവേണ്ടി അശ്രാന്തം പരിശ്രമിക്കുന്നതിനും, ഇരുകൂട്ടർക്കും ഒരുപോലെ വിനാശകരമായിത്തീർന്നിരിക്കുന്ന കേസ്സുകളും വ്യവഹാരങ്ങളും വാശിയോടുകൂടെ നടത്തുന്നതിനും വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസു തിരുമേനിയുടെ വലങ്കൈയായി നിന്നു പ്രവർത്തിച്ചിട്ടുള്ള ചുരുക്കം ചില സമുദായനേതാക്കന്മാരിൽ ഒരാളാണു് മി. മാമ്മൻ മാപ്പിള. മുപ്പതിൽപ്പരം വർഷത്തെ സമുദായസേവനത്തിനുശേഷം തന്റെ "സഭ പാവപ്പെട്ട സഭ"യാണെന്നും, അതിൽ "അനൈക്യം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു"വെന്നും, അതു "നാശഗർത്തത്തിൽ നിപതിച്ചിരിക്കുന്നുവെന്നുമുള്ള പരമാർത്ഥം ഇപ്പോഴെങ്കിലും തുറന്നു പ്രസ്താവിക്കുവാൻ ധൈര്യപ്പെട്ടതിൽ അദ്ദേഹം അനുമോദനാർഹൻതന്നെ. പക്ഷേ, താനും തന്നോടൊന്നിച്ചു് ഒട്ടനേകം സമുദായനേതാക്കന്മാരും ഏതൊരുകാര്യസാദ്ധ്യാർത്ഥം സുദീർഘവർഷങ്ങൾ ഉരുപരിശ്രമിച്ചുകൊണ്ടിരുന്നുവോ ആ കാര്യം ആരെക്കൊണ്ടും ഇനിയും സാദ്ധ്യമല്ലെന്നു ബോദ്ധ്യപ്പെട്ടിട്ടും കോട്ടയത്തെ ഏതാനും യുവാക്കന്മാരെക്കൊണ്ടു് സാധിപ്പിക്കാമെന്നുള്ള പ്രതീക്ഷയിൽ വിജയാശംസാസഹിതം അവരെ മുമ്പോട്ടു തള്ളിവിട്ടശേഷം അണിയറയിലേക്കു സ്വയം പിൻവലിഞ്ഞുകളഞ്ഞതിൽ പ്രദർശിപ്പിച്ച സമുദായസ്നേഹത്തെക്കാളും സമാധാനകാംക്ഷയെക്കാളും പ്രശംസനീയമായിട്ടുള്ളതു് അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യമാണെന്നുള്ളതിനു തെല്ലും സംശയമില്ല.

യാക്കോബായ സഭയിലുണ്ടായിട്ടുള്ള സകല കുഴപ്പങ്ങൾക്കും കാരണം മാതൃസഭയായ കത്തോലിക്കാസഭയുടെ ഐക്യത്തെ ഉപേക്ഷിക്കുകയും, റീത്തുപാത്രിയർക്കീസായ റോമാ പാത്രിയർക്കീസിന്റെ അധികാരത്തെ പരിത്യജിക്കുകയും ചെയ്തതാണെന്നുള്ള വാസ്തവം അറിഞ്ഞുകൂടാത്ത ഒരാളല്ല മി: മാമ്മൻ മാപ്പിള. കത്തോലിക്കാസഭയുടെ പുരാതനത്വത്തേയും, വിശ്വവ്യാപകത്വത്തേയും, പാപ്പാസ്ഥാനത്തിന്റെ അനുസ്യൂതമായ പിന്തുടർച്ചയേയും സാർവ്വലൗകികമാഹാത്മ്യത്തേയും പുരസ്കരിച്ചു് "മനോരമ"യിൽത്തന്നെ അദ്ദേഹം എഴുതിയിട്ടുള്ള നിരവധി ലേഖനങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. ബാഹ്യവും ആഭ്യന്തരവുമായ സമാധാനം സ്വസഭയിലെ അംഗങ്ങൾക്കു ലഭിക്കണമെന്നു് അദ്ദേഹം യഥാർത്ഥമായി അഭിലഷിക്കുന്നുവെങ്കിൽ കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിക്കണമെന്നും റീത്തുപാത്രിയർക്കീസിന്റെ അധികാരത്തിനു കീഴ്‌വഴങ്ങണമെന്നും സ്വസമുദായമേലദ്ധ്യക്ഷന്മാരെ ഉപദേശിക്കുകയും, സമുദായാംഗങ്ങളെ ഉദ്ബോധിപ്പിക്കയും, സ്വയം അപ്രകാരം പ്രവർത്തിച്ചു മാതൃക കാണിച്ചുകൊടുക്കയുമത്രേ അദ്ദേഹം ചെയ്യേണ്ടതു്. അതിനുവേണ്ടി ധൈര്യപൂർവ്വം മുമ്പോട്ടു ഇറങ്ങുന്നതിനുള്ള സന്നദ്ധത ഈ വാർദ്ധക്യകാലത്തെങ്കിലും അദ്ദേഹം പ്രകടിപ്പിക്കുമെന്നു പരിപൂർണ്ണമായി വിശ്വസിക്കട്ടെയോ?

ആയിരത്തോളം പ്രതിനിധികൾ കൂടിയിരുന്ന കോട്ടയം സമ്മേളനം ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം ചുവടെ ചേർക്കുന്നു:—

"മലങ്കര യാക്കോബായ സുറിയാനി സഭ കഴിഞ്ഞ 38 വർഷങ്ങൾക്കു മേൽ വ്യവഹാരത്തിലേർപ്പെട്ടിരിക്കുന്നതുമൂലം നാൾക്കുനാൾ സഭയും അതിന്റെ പ്രവർത്തനങ്ങളും അധോഗതി പ്രാപിച്ചുവരികയും ലോകസമക്ഷം പരിഹാസപാത്രമായിത്തീരുകയും ചെയ്യുന്നു എന്നുള്ള വസ്തുത ഹൃദയവേദനയോടുകൂടെ ഈ യോഗം രേഖപ്പെടുത്തിക്കൊള്ളുന്നു. ക്രൈസ്തവാദർശങ്ങൾക്കു വിരുദ്ധമായ വ്യവഹാരപാരമ്പര്യം അവസാനിപ്പിച്ചു് സഭയിൽ സമാധാനം സ്ഥാപിക്കയെന്നുള്ളതു് ഇന്നത്തെ ഒരു അടിയന്തിരാവശ്യമായി പരിണമിച്ചിരിക്കുന്നു. സമാധാനം കൂടാതെ പുരോഗമനം അസാദ്ധ്യമാകയാൽ ഇരുപക്ഷത്തുമുള്ള സമുദായനേതാക്കന്മാർ സ്വാർത്ഥചിന്തകൾ വെടിഞ്ഞു് പ്രാർത്ഥനാപൂർവ്വം സഹോദരമനോഭാവത്തോടു് അടുത്തുവന്നു സമാധാനത്തിനായി വീണ്ടും ശ്രമിക്കണമെന്നു നേതാക്കന്മാരോടു് അഭ്യർത്ഥിക്കുകയും സഭാംഗങ്ങൾ വേണ്ട പിന്തുണ നൽകുവാൻ അവരെ ആഹ്വാനം ചെയ്കയും ചെയ്തുകൊള്ളുന്നു."

"സഭയിലെ സകല വ്യവഹാരങ്ങളും അവസാനിപ്പിക്കണ"മെന്നും "സഭയിൽ സമാധാനം സംസ്ഥാപിക്കണ"മെന്നും മാറുമുള്ള മുറവിളി ഇക്കഴിഞ്ഞ മുപ്പതിൽപ്പരം വർഷങ്ങൾ അനേകായിരങ്ങൾ മുഴക്കിയിട്ടും ഇതേവരെ സമാധാനത്തിന്റെ കണികപോലും തങ്ങളുടെ സഭയിൽ ഉണ്ടായിട്ടില്ലാത്തതിന്റെ യഥാർത്ഥകാരണം എന്തെന്നു ചിന്തിക്കുവാൻ സന്നദ്ധത പ്രദർശിപ്പിക്കയാണു് സമാധാനകാംക്ഷികളായ ഈ യുവസഹോദരന്മാർ ആദ്യമായി ചെയ്യേണ്ടതു്. അല്ലാതെ, സഭാമേലദ്ധ്യക്ഷന്മാരോടു് താണുവീണു അപേക്ഷിച്ചതുകൊണ്ടോ, സമുദായാംഗങ്ങളെ ഉയർന്ന സ്വരത്തിൽ ആഹ്വാനം ചെയ്തതുകൊണ്ടോ നിരാഹാരവ്രതമോ സത്യഗ്രഹമോ അനുഷ്ഠിച്ചതുകൊണ്ടോ യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നുതന്നെയല്ലാ നിഷ്കന്മഷരും ഊർജ്ജസ്വലരുമായ ഏതാനും യുവാക്കന്മാരുടെ സമയവും, പണവും, ആരോഗ്യവും, സർവ്വോപരി മതവിശ്വാസംകൂടെയും നഷ്ടപ്പെടുന്നതിനു പ്രസ്തുത പരിശ്രമങ്ങൾ ഇടയാക്കിത്തീർക്കുകയും ചെയ്യും. ആകയാൽ, സമുദായസ്നേഹികളായ യുവജനങ്ങൾക്കു് ഈ അവസരത്തിൽ കരണീയമായിട്ടുള്ളതു് യാക്കോബായസഭയുടെ അടിസ്ഥാനംതന്നെ തെറ്റിയിരിക്കുകയാണെന്നു മനസ്സിലാക്കി പ്രസ്തുതസഭയേയും വേണ്ടിവന്നാൽ അതിന്റെ സകല സ്വത്തുക്കളേയും ഉപേക്ഷിക്കുന്നതിനും, വിശ്വാസപ്രമാണത്തിൽ ദിനംപ്രതി ഏതൊരുസഭയെയാണോ തങ്ങൾ ഏറ്റുപറയുന്നതു് ആ സഭയെ— അതെ കാതോലികവും, ശ്ലൈഹികവും, ഏകവും, വിശുദ്ധവുമായ ആ സഭയെ—ആശ്ലേഷിക്കുന്നതിനും, വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയും, യാക്കോബായ കാനോൻ അനുസരിച്ചുള്ള സാക്ഷാൽ റീത്തുപാത്രിയർക്കീസും, അഖിലലോകവന്ദ്യനുമായ റോമാമാർപ്പാപ്പായുടെ ആധിപത്യത്തെ സ്വീകരിക്കുന്നതിനും, അങ്ങനെ യഥാർത്ഥസമാധാനം കൈവരുത്തുന്നതിനും സ്വസമുദായമേലദ്ധ്യക്ഷന്മാരോടും അംഗങ്ങളോടും അഭ്യർത്ഥിക്കുകയും അതിനായി അശ്രാന്തം പരിശ്രമിക്കയുമത്രേ.

കോട്ടയം സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച മി. സി. പി. മാത്തൻ ചെയ്ത പ്രസംഗത്തിൽ ഇസ്രായേൽമക്കൾ നാല്പതുവർഷത്തെ പര്യടനത്തിനും കഷ്ടപ്പാടിനുംശേഷം കനാൻനാട്ടിൽ എത്തിയതുപോലെ യാക്കോബായസഭയും ഇക്കഴിഞ്ഞ നാല്പതുവർഷക്കാലം നിരവധി പീഡകൾ സഹിച്ചുകഴിഞ്ഞതിനാൽ അടുത്തുതന്നെ കനാൻനാട്ടിലെ സൗഭാഗ്യം അനുഭവിക്കുന്നതിനിടയായിത്തീരുമെന്നു പ്രസ്താവിക്കയുണ്ടായി. സ്വസഭയിലെ സന്ധിപരിശ്രമങ്ങൾ വിജയപ്രദമായിത്തീരുകയും, സമുദായക്കേസ്സു പിൻവലിക്കപ്പെടുകയും, സമുദായമേലദ്ധ്യക്ഷന്മാർ അന്യോന്യം സ്വീകരണം നടത്തി യോജിക്കുകയും ചെയ്തശേഷമുള്ള സമാധാനപൂരിതമായ ഒരു യാക്കോബായസഭയെ ആസന്നഭാവിയിലല്ല, വിദൂരഭാവിയിൽപ്പോലും ദർശിക്കുവാൻ സാദ്ധ്യമല്ലെന്നു മറ്റുള്ളവരെപ്പോലെതന്നെ മി. മാത്തനും നിശ്ചയമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. കാരണം, ആരുതന്നെ വിചാരിച്ചാലും നീക്കുന്നതിനോ പരിഹരിക്കുന്നതിനോ നിവൃത്തിയില്ലാത്തവിധമുള്ള അഭിപ്രായവ്യത്യാസങ്ങളും, വിശ്വാസവൈപരീത്യങ്ങളും, അധികാരപ്രമത്തതയും, ദുസ്സ്വാതന്ത്ര്യകാംക്ഷയും, വ്യവഹാരമനസ്ഥിതിയും യാക്കോബായസഭയുടെ അസ്ഥിമജ്ജയിൽക്കൂടെയും വ്യാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നു പലപല അനുഭവങ്ങൾ മുഖാന്തിരം അദ്ദേഹത്തിനും ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു് അസാമാന്യചിന്തകനും, വിദൂരവിചക്ഷണനുമായ മി. മാത്തൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ച "കനാൻ നാടു്" ഏതാണെന്നുള്ളതു ഇന്നത്തെ യാക്കോബായ സഭാംഗങ്ങളുടെ ഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതുതന്നെയാണു്.

"പാലും തേനും ഒഴുകുന്ന" കനാൻനാടിനെ ഉപേക്ഷിച്ചു കേവലം അപരിചിതമായ മിസ്രയിം ദേശത്തു എത്തിച്ചേരുന്നതിനും, ഫറോവോന്റെ അടിമത്തത്തിൽ അകപ്പെടുന്നതിനും നിർഭാഗ്യം സിദ്ധിച്ച പിതാക്കന്മാരുടെ സന്താനങ്ങൾ അനേകം വർഷങ്ങൾ മിസ്രയിമിലെ കഷ്ടതകൾ അനുഭവിച്ചു ക്ഷീണിച്ചുവശരായിത്തീർന്നു. തൽഫലമായി തങ്ങളുടെ മാതൃരാജ്യത്തിലേക്കു പോകുവാൻ അവർ അതിയായി ആഗ്രഹിക്കുകയും, അതിനായി നിരവധി യാതനകൾ അനുഭവിക്കുകയും, അവസാനം ദൈവാനുഗ്രഹത്താൽ അതിനുള്ള ഭാഗ്യം അവർക്കു സിദ്ധിക്കുകയും ചെയ്തു. ഏതാണ്ടിതുപോലെതന്നെ ഏതൊരു സഭയിൽ 16 ശതവർഷക്കാലത്തോളം സമാധാനപൂർവ്വം തങ്ങളുടെ പിതാക്കന്മാർ ഉൾപ്പെട്ടു നിന്നിരുന്നുവോ ആ സഭയെ കേവലം നിസ്സാരകാരണങ്ങളാൽ പരിത്യജിച്ചു യാക്കോബായസഭയാകുന്ന മിസ്രയിമിൽ ചെന്നു ചേരുന്നതിനും, അവിടത്തെ അധികാരപ്രമത്തരായ ഫറവോന്മാരുടെ അടിമത്തനുകത്തിൻ കീഴിൽ അകപ്പെടുന്നതിനും നിർഭാഗ്യം സിദ്ധിച്ച കേരളത്തിലെ പുത്തൻകൂർ പിതാക്കന്മാരും അവരുടെ സന്താനങ്ങളും ആ മിസ്രയിംദേശത്തെ യാതനകൾ നിരവധി ഇതിനോടകം അനുഭവിച്ചുകഴിഞ്ഞു. തൽഫലമായി തങ്ങളുടെ മാതൃസഭയാകുന്ന കത്തോലിക്കാസഭയിലേക്കു്— അതേ, പാലും തേനും ഒഴുകുന്ന ആ കനാൻനാട്ടിലേക്കു് — പോകുവാനുള്ള അതിയായ ആഗ്രഹം അവർ ദീർഘനാളുകളായി പ്രകടിപ്പിക്കുകയും അതിനുവേണ്ട പരിശ്രമങ്ങൾ സമുദായനേതാക്കന്മാർ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കയും ചെയ്തു. പക്ഷേ, സാഹചര്യപ്രാതികൂല്യം ഹേതുവാൽ കനാൻനാട്ടിലെത്തുവാൻ—അതെ കത്തോലിക്കാപുനരൈക്യം പ്രാപിക്കുവാൻ— ഇവിടത്തെ ഇസ്രായേൽ മക്കൾക്കു് അവസരവും ഭാഗ്യവും സിദ്ധിച്ചില്ല. എങ്കിലും അവർ അതിലേക്കുള്ള തീവ്രമായ ആഗ്രഹം പ്രദർശിപ്പിക്കയും, തുടരെയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കയുമാണു ചെയ്തിരുന്നിട്ടുള്ളതു്. തന്മൂലം കനാൻനാടിനെ സമീപിക്കുവാൻ അവർക്കു ഏറെക്കുറെ സാധിച്ചും കഴിഞ്ഞു.

കനാൻനാടിനെ സമീപിച്ചപ്പോൾ, പ്രസ്തുതരാജ്യത്തു ചെന്നു് അവിടത്തെ സ്ഥിതിഗതികൾ വേണ്ടവിധം ഗ്രഹിക്കുന്നതിനും, അനന്തരം അവയെല്ലാം വിശദമായി തങ്ങളെ ധരിപ്പിക്കുന്നതിനുമായി ഏതാനും ആളുകളെ ഇസ്രായേൽ മക്കൾ നിയോഗിക്കയുണ്ടായി. ഏതാണ്ടു് ഇതുപോലെതന്നെ ഈ അടുത്തകാലത്തു യാക്കോബായസഭയിൽ നിന്നും ഒട്ടനേകരെ തങ്ങളുടെ മാതൃസഭയായ കത്തോലിക്കാസഭയിലേക്കു് അയക്കുകയും അവർ അവിടത്തെ സ്ഥിതിഗതികൾ വേണ്ടവിധം ഗ്രഹിക്കുകയും ചെയ്തുകഴിഞ്ഞു. കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചവർ തങ്ങൾ പ്രവേശിച്ച കനാൻനാടിന്റെ മാഹാത്മ്യത്തേയും, ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധി പ്രാപിക്കുവാൻ അതിലുള്ള വിവിധമാർഗ്ഗങ്ങളേയുംപറ്റി സവിസ്തരം തങ്ങളുടെ സഹോദരങ്ങളോടു പ്രതിപാദിച്ചുകൊണ്ടിരിക്കുന്നു. യാക്കോബായസഭയിൽനിൽക്കുന്ന തങ്ങളുടെ സഹോദരങ്ങളെ പാലും തേനും ഒഴുകുന്ന ആ കനാൻ നാട്ടിലേക്കു പ്രവേശിക്കുവാൻ, സഹോദരസ്നേഹത്താൽ പ്രേരിതരായി, അവർ പ്രതിദിനം ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ വാക്കിനെ വിശ്വസിക്കുവാൻ—അവരുടെ ക്ഷണത്തെ സ്വീകരിക്കുവാൻ—ആ കനാൻനാട്ടിലേക്കു പ്രവേശിക്കുവാൻ—യഥാർത്ഥ സമാധാനം പ്രാപിക്കുവാൻ ഇവിടത്തെ യാക്കോബായ സഹോദരങ്ങൾ ആസന്നഭാവിയിൽത്തന്നെ സന്നദ്ധത പ്രദർശിപ്പിക്കുമെന്നും അങ്ങനെ മി. സി. പി. മാത്തന്റെ പ്രവചനം ഉടൻതന്നെ നിവൃത്തിയാകുമെന്നും വിശ്വസിക്കുന്നു. അതിനുവേണ്ടി "വെളിവും മനോധൈര്യവും" ഞങ്ങളുടെ ഈ സഹോദരങ്ങൾക്കു നൽകണമേ എന്നു സഭാസ്ഥാപകനായ ക്രീസ്തുനാഥനോടു പ്രാർത്ഥിച്ചുകൊണ്ടു് വിരമിക്കുന്നു.


## ട്രാവൻകൂർ ഫെഡറൽ ബാങ്ക് ക്ലിപ്തം

### ആലുവാ, അങ്കമാലി, പെരുമ്പാവൂര്

ആദായനികുതി, വാഹനനികുതി, സെയിത്സ്ടാക്സ്, ലയിസൻസ് ഫീസ്, വൃക്ഷക്കരം മുതലായ ഇനങ്ങളിൽ കുന്നത്തുനാട്ടു് ട്രഷറിയിൽ പണം അടയ്ക്കുവാൻ ആവശ്യമുള്ളവർക്കു് ആയതു ഞങ്ങളുടെ ബ്രാഞ്ചുകൾ വഴിയായി സൗകര്യപ്രദമായും ആദായകരമായും നടത്താവുന്നതാണു്. കൂടാതെ ട്രഷറിചെക്കുകൾ ഡിസ്കൗണ്ടു് ചെയ്തുകൊടുക്കുന്നതുമാണു്. കൂടുതൽ വിവരങ്ങൾക്കു് ആവശ്യപ്പെടുക.

ക്യാപ്റ്റൻ ഫ്രാൻസിസ്
B. A., M. B., B. S., D. A. (Eng)
ചെയർമാൻ

കെ. പി. ഹോർമിസ്,
B. A. B. L.
മാനേജിംഗ് ഡയറക്ടർ


## കർദ്ദിനാൾ നിയമിതനായി

ലണ്ടനിലെ മിൽഹിൽ ഫോറിൻ മിഷൻ സൊസൈറ്റിയുടെ സംരക്ഷകനായി കാർഡിനൽ കനാലിയെ പ. പിതാവു് നിയമിച്ചിരിക്കുന്നു.

വേദശാസ്ത്രപംക്തി

# പ. കുർബാന

## പാരമ്പര്യപ്രബോധനം

പരിശുദ്ധ കുർബാനയെ ഏകവിഷയമാക്കി രചിച്ചിട്ടുള്ള കൃതികൾ നാലാം നൂററാണ്ടുവരെ ചുരുക്കമാണ്. ഓറശ്ലേമിലെ വി. സിറിലിനു മുമ്പ് വേദസാക്ഷിയായ വി. ജസ്റ്റിൻ ഒഴികെ മററാരും ആദിമശതകങ്ങളിൽ പ. കുർബാനയെപ്പററി പ്രകടമായി പ്രതിപാദിച്ചുകാണുന്നില്ല. എങ്കിലും അതിനെ അനുസ്മരിക്കുകയും സ്പർശിക്കുകയും ചെയ്യുന്ന സംഖ്യയില്ലാത്ത പ്രസ്താവനകൾ സഭാപിതാക്കന്മാരുടേയും ഗ്രന്ഥകാരന്മാരുടേയും അമൂല്യകൃതികളിൽ ചിന്നിച്ചിതറിക്കിടപ്പുണ്ട്. മററു വിഷയങ്ങളെക്കുറിച്ച് ഉപന്യസിക്കയിലാണ് അത്തരം സ്മരണകൾ പ്രസംഗവശാൽ അവർ കുറിച്ചിട്ടുള്ളതു്. കുർബാനയെപ്പററി പഠിപ്പിക്കണമെന്ന പ്രത്യേകോദ്ദേശം കൂടാതെ സന്ദർഭാനുസാരം ചെയ്തിട്ടുള്ള പ്രസ്തുത പ്രസ്താവനകൾ ഏകാഗ്രവും ക്രമീകൃതവുമായ പ്രതിപാദനത്തെക്കാൾ കൂടുതൽ പ്രബോധകങ്ങളായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ ദിവ്യരഹസ്യത്തെക്കുറിച്ച് അവർ നല്കുന്ന സൂചനകൾ അതിനു വിശ്വാസികളുടെ ഇടയിൽ ലഭിച്ചിരുന്ന സാർവ്വത്രികവും നിരാക്ഷേപവുമായ അംഗീകരണത്തെയാണ് വ്യഞ്ജിപ്പിക്കുക. കൂടുതൽ വിശദീകരണങ്ങൾ ആവശ്യമില്ലാത്തവിധം ഈ പരമരഹസ്യത്തെക്കുറിച്ചുള്ള തത്വങ്ങൾ സുവിദിതങ്ങളായിരുന്നിരിക്കണം. അനുദിനമുള്ള സമാഗമം വഴിയായി പ. കുർബാനയെപ്പററി വേണ്ടത്ര അറിവ് അക്കാലത്തെ ജനങ്ങൾക്കുണ്ടായിരുന്നതുകൊണ്ടും (താഴെ ചേർത്തിട്ടുള്ള ഒറിജൻെറ പ്രസ്താവന കാണുക) ആരും അതിൻെറ യാഥാർത്ഥ്യത്തെ ചോദ്യംചെയ്യാതിരുന്നതുകൊണ്ടും ആയിരിക്കാം സഭാപിതാക്കന്മാർ 4-ാം നൂററാണ്ടുവരെ വിശേഷാൽ കൃതികൾ അതെപ്പററി പ്രസിദ്ധപ്പെടുത്തുന്നതിനു പൊതുവെ വിമുഖരായിരുന്നതു്.

അപ്പസ്തോലപ്രബോധനങ്ങളെ അതേവിധത്തിൽ പ്രകാശിപ്പിച്ചിട്ടുള്ള പിതാക്കന്മാരുടെ ഗ്രന്ഥതല്ലജങ്ങളിൽ കണ്ടുമുട്ടുന്ന പ്രസ്താവനകളിൽ ചിലതുമാത്രം ഇവിടെ പകർത്തിക്കൊള്ളുന്നു. ഉദാഹരണത്തിനായി ചിലതുമാത്രം രേഖപ്പെടുത്താമെന്നല്ലാതെ, മുഴുവനായോ പ്രാധാന്യമർഹിക്കുന്നവമാത്രം പോലുമോ ഉദ്ധരിക്കുന്നതിനു സ്ഥലപരിമിതി അനുവദിക്കുന്നില്ല. മാത്രമല്ല, പാരമ്പര്യപ്രബോധനത്തെ ഗ്രഹിക്കുന്നതിനു് എല്ലാം എടുത്തുകാണിക്കേണ്ട ആവശ്യമില്ലെന്നും വിചാരിക്കുന്നു.

ക്രി. വ. 107-ൽ രക്തസാക്ഷിയായി മരിച്ച വി. ഇഗ്നേഷ്യസ് അന്ത്യോക്യാ സിംഹാസനത്തിൽ വി. പത്രോസിൻെറ രണ്ടാമത്തെ പിൻഗാമിയായിരുന്നു. വി. യോഹന്നാൻെറ ശിഷ്യനായ അദ്ദേഹം ഫിലാഡെൽഫിയായിലെ സഭയിലേക്കു് ഒരു ലേഖനം അയച്ചിട്ടുണ്ട്. സഭയിൽ ഐക്യം പാലിക്കേണ്ടതിൻെറ ആവശ്യകതയെ ചർച്ച ചെയ്യുകയിൽ പ. കുർബാനയെപ്പററി പറയുന്ന ഭാഗം ശ്രദ്ധേയമായിരിക്കുന്നു. ഐക്യത്തിൻെറ ആവശ്യകത തെളിയിക്കാൻ പ. കുർബാനയെയാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു്. "നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരം ഒന്നു്; അവിടുത്തെ രക്തത്തിൻെറ പങ്കുപററലിനുള്ള പാനപാത്രം ഒന്നു്; അൾത്താര ഒന്നു്; പുരോഹിതന്മാരോടും ആറാംപട്ടക്കാരോടും ചേർന്നുള്ള മെത്രാനും ഒന്നാകുന്നു." ഇവിടെ അദ്ദേഹം അൾത്താരയിൽ സ്ഥിതിചെയ്യുന്ന മിശിഹായുടെ ശരീരത്തേയും രക്തത്തേയുംപററിയാണല്ലോ സംസാരിക്കുന്നതു്. അതായതു് അൾത്താരയിലെ യഥാർത്ഥസാന്നിധ്യത്തെ ഏററുപറയുകയാണു ചെയ്യുന്നതു്.

ക്രി. വ. 100-ൽ സമേരിയായിൽ ജനിച്ചു് 166-ൽ റോമിൽവെച്ചു് രക്തസാക്ഷിയായി വീരമരണം പ്രാപിച്ച വിശുദ്ധനാണ് ജസ്റ്റിൻ. മതാർത്ഥികളെ പഠിപ്പിക്കുന്നതിനും മതവിരോധികളെ എതിരിടുന്നതിനുംവേണ്ടി അദ്ദേഹം റോമയിൽ ഒരു പാഠശാല സ്ഥാപിച്ചു് നടത്തിപ്പോന്നിരുന്നു. 139-ൽ അന്തോണിയസ് പയസ് എന്ന ചക്രവർത്തിക്കു്, ക്രിസ്ത്യാനികളെ അവരുടെ പേരിനെമാത്രം ആസ്പദമാക്കാതെ, പ്രവൃത്തികളെ ആധാരമാക്കി വിധിക്കണമെന്നു കാണിച്ചു് ഒരു പ്രത്യക്ഷപത്രം (Apology) സമപ്പിക്കയുണ്ടായി. അതിൽ ക്രിസ്തീയ സമ്മേളനങ്ങളെ അവഹേളിച്ചിരുന്ന മതവിരോധികൾക്കു് (പുറജാതികൾക്കു്) മറുപടിയായി മാമ്മോദീസായുടേയും കുർബാനയുടേയും ക്രമങ്ങൾ കുറച്ചെല്ലാം വിസ്തരമായിത്തന്നെ വിശദീകരിച്ചിട്ടുണ്ട്. കുർബാനയുടെ സ്വീകരണത്തെപ്പററി അദ്ദേഹം എഴുതിയിരിക്കുന്നതിങ്ങനെയാണ്: "നാം ഇവയെ സ്വീകരിക്കുന്നതു സാധാരണഭക്ഷണമായിട്ടോ, സാധാരണപാനീയമായിട്ടോ അല്ല. മറിച്ചു്, ദൈവവചനത്താൽ നമ്മുടെ രക്ഷകൻ ഈശോ മാംസമായതുപോലെ, അവിടുന്നു ഏർപ്പെടുത്തിയ പ്രാർത്ഥനാവചനങ്ങളാൽ ആശീർവദിക്കപ്പെടുന്ന അപ്പം അവതരിച്ച ഈശോയുടെ മാംസവും രക്തവും ആകുന്നു." അനാഗതരെ ഉദ്ദേശിച്ചാണ് ആ ഗ്രന്ഥം രചിച്ചതു്. ക്രിസ്തീയലോകം പ. കുർബാനയെ വെറും അടയാളം മാത്രമായിട്ടാണ് പരിഗണിച്ചിരുന്നതെങ്കിൽ തീർച്ചയായിട്ടും അങ്ങനെ അദ്ദേഹം വ്യക്തമായി പ്രസ്താവിക്കുമായിരുന്നു. എന്നാൽ, നിയമാനുസൃതം ആശീർവദിക്കപ്പെടുന്ന അപ്പവും വീഞ്ഞും നമ്മളെപ്രതി അവതരിച്ച മിശിഹായുടെ മാംസവും രക്തവും ആകുന്നുവെന്നല്ലെ അദ്ദേഹം അസന്നിഗ്ദ്ധമായി, അശേഷം സംശയമോ ഭയമോ കൂടാതെ പ്രഖ്യാപനം ചെയ്യുന്നതു്?

വി. ഇറനേവൂസ് ഏഷ്യാമൈനറിൽ ജനിച്ചു. അദ്ദേഹം വി. പോളിക്കാർപ്പിൻെറ ശിഷ്യനായിരുന്നു. പോളിക്കാർപ്പ് വി. യോഹന്നാൻേറയും. 178-ൽ ഇറനേവൂസ് ഫ്രാൻസിൽ ലിയോൺസ് പട്ടണത്തിലെ മെത്രാനായി. അവിടെവെച്ചു 202-ൽ വേദസാക്ഷിയായി മരിച്ചു. പാഷണ്ഡമതങ്ങൾക്കെതിരായി അദ്ദേഹം രചിച്ചിട്ടുള്ള കൃതിയിൽ പ. കുർബാനയെപ്പററി അങ്ങിങ്ങായി ധാരാളം പരാമർശങ്ങൾ കാണാം. അജ്ഞേയവാദികളുടെ സിദ്ധാന്തങ്ങൾ അബദ്ധങ്ങളാണെന്നു് അദ്ദേഹം അതിൽ സമർത്ഥിച്ചിട്ടുണ്ട്. എല്ലാ പദാർത്ഥങ്ങളും പ്രകൃത്യാ തിന്മയാണെന്നു അവർ വാദിച്ചു. ആ അഭിപ്രായത്തെ ഖണ്ഡിക്കയിൽ, "ദൈവവചനത്താൽ മിശിഹായുടെ ശരീരവും രക്തവും ആകുന്ന, കുർബാനയായി ഭവിക്കുന്ന," അപ്പവും വീഞ്ഞും എന്നു് ഒരിടത്തു പ്രസ്താവിക്കുന്നു. മറെറാരു സ്ഥലത്തു എഴുതുന്നു: "ഭൂമിയിൽനിന്നെടുക്കപ്പെട്ട അപ്പം, ദൈവത്തോടുള്ള പ്രാർത്ഥനവഴിയായി, അതിനുശേഷം സാധാരണ അപ്പമല്ല; ഭൗമികവും സ്വർഗ്ഗീയവും ആയ രണ്ടുഘടകങ്ങളുള്ള കുർബാനയാണ്." ഭൗമികാംശം അപ്പത്തിൻേറയും വീഞ്ഞിൻേറയും ബാഹ്യഗുണങ്ങളും, സ്വർഗ്ഗീയാംശം അവയിലുള്ള മിശിഹായുടെ ശരീരവും രക്തവും ആണല്ലോ. പൗരസ്ത്യരുടേയും പാശ്ചാത്യരുടേയും വിശ്വാസത്തിൻെറ സാക്ഷ്യമാണ് അദ്ദേഹം പ്രദാനം ചെയ്യുന്നതു്. ജനനത്താലും വിദ്യാഭ്യാസത്താലും പൗരസ്ത്യനും, പ്രേഷിതവൃത്തിയിൽ പാശ്ചാത്യനും ആയിരുന്നല്ലോ അദ്ദേഹം.

കാർത്തേജ് പട്ടണത്തിൽ പേഗൻമതാംഗമായി ജനിച്ച ടെർട്ടൂലിയൻ (160-220?) മുപ്പതാമത്തെ വയസ്സിൽ പഠനത്തിൻേറയും ഗവേഷണത്തിൻേറയും ഫലമായി ക്രിസ്തുമതം സ്വീകരിച്ചു. അഗാധ ചിന്തകനും വേദശാസ്ത്രപാരംഗതനും ആയിരുന്ന അദ്ദേഹം നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. പ. കുർബാനയെപ്പററി പ്രസംഗവശാൽ പലപ്പോഴും നൽകിയിട്ടുള്ള പ്രബോധനങ്ങൾ രസകരങ്ങളത്രെ. പ. കുർബാന കൈക്കൊണ്ടാൽ ഉപവാസം ലംഘിക്കപ്പെടുമെന്നു ഭയപ്പെട്ടു് കുർബാനയിൽ സംബന്ധിക്കാതിരുന്ന ചില ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി അദ്ദേഹം രേഖപ്പെടുത്തുന്നു. അവരോടു അദ്ദേഹം ചോദിക്കുന്നു: "കുർബാന ഭക്തിപരമായ ദൈവശുശ്രൂഷയെ നശിപ്പിച്ചുകളയുമോ? അതു നിങ്ങളെ അവിടുന്നുമായി ഗാഢമായി ബന്ധിക്കയില്ലേ? ദൈവത്തിൻെറ അൾത്താരയുടെ മുമ്പാകെ നില്ക്കുന്നപക്ഷം നിങ്ങളുടെ ഉപവാസം കൂടുതൽ പവിത്രമാകയില്ലേ? മിശിഹായുടെ ശരീരത്തെ നിങ്ങൾ സ്വീകരിക്കുകയും അതു വെച്ചുകൊള്ളുകയും ചെയ്യുന്നെങ്കിൽ ബലിയുടെ ഭാഗഭാഗിത്വമോ നിങ്ങളുടെ ഭക്തിയുടെ സമാപനമോ നിങ്ങൾ വിട്ടുകളയുന്നില്ല."

ഒറിജിൻെറ (185-254) ജന്മദേശം അലക്സാന്ത്രിയയാണ്. അവിടേയും പിന്നീടു പലസ്തീനായിലും പാഠശാലകൾ നടത്തിയിട്ടുള്ള മഹാപണ്ഡിതനാണ് അദ്ദേഹം. ഇറാലി, അറേബിയ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ 6000-ൽ പരം ഉണ്ടായിരുന്നെന്നാണ് വി. എപ്പിഫാനിയൂസിൻെറ അഭിമതം. അദ്ദേഹം ഒരിടത്തു കുർബാനയെപ്പററി പറയുന്നതിങ്ങനെയാണ്: "ദിവ്യരഹസ്യങ്ങളിൽ സംബന്ധിച്ച പരിചയമുള്ള നിങ്ങൾക്കറിയാം, കർത്താവിൻെറ ശരീരത്തെ കൈക്കൊള്ളുമ്പോൾ, ക്ലേശം ചെയ്യപ്പെട്ട കാഴ്ചദ്രവ്യങ്ങളിൽനിന്നെന്തെങ്കിലും നിലംപതിക്കാതിരിപ്പാൻ എത്രെല്ലാം മുൻകരുതലോടും വണക്കത്തോടും കൂടെയാണ് അതു കൈക്കൊള്ളുന്നതെന്നു്. നിങ്ങളുടെ സൂക്ഷ്മക്കുറവുകൊണ്ടു് അതിൽനിന്നെന്തെങ്കിലും താഴെ വീണാൽ കുററക്കാരാണെന്നു നിങ്ങൾ വിശ്വസിക്കുന്നു, ന്യായമായി വിശ്വസിക്കുന്നു." പൂർവ്വികന്മാർ എത്ര ഭയഭക്തി വണക്കത്തോടെയാണ് പ. കുർബാന സ്വീകരിച്ചിരുന്നതെന്നു നോക്കുവിൻ. അതിനുള്ള കാരണമെന്താണെന്നു ശ്രദ്ധിപ്പിൻ.

വി. സിപ്രിയൻ (+258) കാർത്തേജ് പട്ടണത്തിൽ പേഗൻ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു. പേഗനായി വളന്നു. മദ്ധ്യവയസ്കനായപ്പോൾ മാമ്മോദീസാ മുങ്ങി. 250-ൽ കാർത്തേജിലെ മെത്രാനായി. 258-ൽ വേദസാക്ഷിയായി സ്വർഗ്ഗം പ്രാപിച്ചു. അൾത്താര ശുശ്രൂഷയും പൂജാർപ്പണവും മെത്രാൻെറ ചുമതലയാണെന്നു അദ്ദേഹം പറയുന്നു. ഡേഷിയസ് ചക്രവർത്തി നടത്തിയ മതപീഡനത്തിൽ (ക്രി. വ. 251) ചില ക്രിസ്ത്യാനികൾ മതത്യാഗികളായി. തക്കപ്രായശ്ചിത്തം ചെയ്യാതെ അവരിൽ ചിലർ പ. കുർബാന സ്വീകരിച്ചു. അതിനെ അനുസ്മരിച്ചുകൊണ്ടു വിശുദ്ധൻ പ്രസ്താവിക്കുന്നു: "മിശിഹായുടെ ശരീരത്തോടും രക്തത്തോടും ബലാൽക്കാരം ചെയ്യപ്പെടുന്നു. അവർ കർത്താവിനെ നിഷേധിച്ചതിനെക്കാൾ കൂടുതൽ പാപം കൈകൊണ്ടും വാകൊണ്ടും അവർ ചെയ്യുന്നു." വിഗ്രഹങ്ങൾക്കു ബലി അപ്പിച്ചതിനെക്കാൾ ദൈവദോഷപരമായ ദിവ്യകാരുണ്യസ്വീകരണമാണ് വലിയ പാപം. അതിൻെറ കാരണം മിശിഹായുടെ യഥാർത്ഥ സാന്നിധ്യമാണല്ലോ.

T. K.

ഫിലോമിനാ പുണ്യവതിയുടേയും അൽഫോൻസാമ്മയുടേയും സഹായത്താൽ, അസാധ്യമായിരുന്ന കാര്യം സാധിച്ചതിനു് കൃതജ്ഞത

K. J. T., E. K. M.




യുവാവു് ഹോട്ടൽക്കാരനോടു്: "ഒന്നരരൂപയോ? ഞാൻ ഒരുകഷണം കേക്ക മാത്രമല്ലേ വാങ്ങിയുള്ളു!"

ഹോട്ടൽക്കാരൻ: "കേക്കിനു തനിച്ചു് എട്ടണയിൽ കൂടുതലാകയില്ല. പക്ഷേ ഇത്ര മനോഹരമായ മേശയും കസേരയും ഇട്ടിരിക്കുന്നതു വെറുതെയാണോ?"

അടുത്ത ദിവസവും ആ യുവാവു വന്നു ഒരു കഷണം കേക്കുവാങ്ങി ഭക്ഷിച്ചശേഷം ഹോട്ടൽക്കാരനോടു്: "ഇതാ എട്ടണ. കസേരയും മററും ഇന്നലെ തന്നു പോയതാണ്."

* * *

അദ്ധ്യാപിക: "സിംഹം ഒരു ക്രൂരജന്തുവാണ്. അതിൻെറ ദംഷ്ട്രങ്ങളും ജടയും കണ്ടാൽ ആരും ഭയന്നുപോകും. സിംഹത്തെക്കാൾ ഭയങ്കരമായ ജന്തു വേറെയുണ്ടോ?"

ഒരു കുട്ടി: "ഉണ്ടു്. പെൺ സിംഹം."

* * *

പരസ്യക്കമ്പനിക്കാരൻ ഷോപ്പുടമസ്ഥനോടു്: "നിങ്ങൾ കടസൂക്ഷിപ്പുകാരനെ ആവശ്യമുണ്ടെന്നു പരസ്യം ചെയ്തിട്ടു വല്ല ഫലവുമുണ്ടായോ?"

ഷോപ്പുകാരൻ: "ഇന്നലെ രാത്രി കടയിൽനിന്നു് പലതും കളവുപോയി."

* * *

ജോർജ്ജും മാത്യുവുംകൂടി ഒരു കഴുതപ്പുറത്തു സഞ്ചരിക്കയായിരുന്നു. രണ്ടുപേരും കൂടിയുള്ള ആ യാത്ര അത്ര സുഖപ്രദമായിരുന്നില്ല. അല്പം ആലോചിച്ചശേഷം ജോർജ്ജ് പറഞ്ഞു:

"ഒരാൾ താഴെ ഇറങ്ങിയെങ്കിൽ എനിക്കു സുഖമായി പോകാമായിരുന്നു."

* * *

ജന്മി പാട്ടപ്പിരിവുകാരനോടു്: "എന്താ, പാട്ടം പിരിക്കാൻ ചെന്നിട്ടു് വല്ലവരും ഒഴിഞ്ഞു മാറാൻ ശ്രമിച്ചോ?"

"ചില സ്ഥലങ്ങളിൽ തൊഴികൊള്ളാതെ ഞാനൊഴിഞ്ഞുമാറേണ്ടിവന്നു."



ചാലക്കുടി ട്രെയിനിംഗ് സെൻററിലെ അദ്ധ്യാപകവിദ്യാർത്ഥികളും സ്റ്റാഫും

സ്റ്റാഫ് അംഗങ്ങൾ (ഇടത്തുനിന്നു വലത്തോട്ടു്) (1) ടി. ജി. തോമസ്, ബി. എ. (2) എ. പി. ഗോപാലകൃഷ്ണയ്യർ, ബി. എ. ബി. ടി. (3) എ. എം. നാരായണ ചാക്യാർ, ബി. എ. എൽ. ടി, (4) റവ. ഫാദർ തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി. (പ്രിൻസിപ്പാൾ), (5) കെ. ജി. നാരായണ അയ്യർ, ബി. എ. ബി. ടി., (6) ടി. പത്മനാഭമേനോൻ, ബി. എ. ബി. ടി.

ബാലരംഗം

# കാടുകയറിയ ആട്

“ഇടയനജങ്ങളെ നാമം
സ്ഫടമോതി വിളിച്ചുകൂട്ടി നികട
കീടയററു തെളിഞ്ഞു വെളി- (ത്തിൽ
ക്കടനവയെത്തക്കപോൽനയിക്കുന്നു.”

പ്രിയ കുഞ്ഞുങ്ങളേ,

ഓററട്ടറിയിൽ ചേന്നു നടന്നിരുന്ന പീററർ എന്നു പേരായ ഒരു ബാലൻ അവിടെനിന്നു പിരിഞ്ഞശേഷം എങ്ങനെയോ വഴിതെററി പ്രോട്ടസ്റ്റൻറുമതത്തിൽചെന്നുചാടി. കുറേനാൾ കഴിഞ്ഞപ്പോൾ അവൻ രോഗബാധിതനായി മരിക്കാറായിക്കിടക്കുന്നുവെന്ന വത്തമാനമാണു ബോസ്കോ അച്ചൻെറ ചെവിയിൽ എത്തപ്പെട്ടതു്. തൽക്ഷണം അദ്ദേഹം പുറപ്പെട്ടു. തേടിനടന്നു് അവൻ കിടന്നിരുന്ന സ്ഥലം കണ്ടുപിടിച്ചു. ഒരു പ്രോട്ടസ്റ്റൻറുപാതിരി വീടിൻെറ ഖാതില്ക്കൽ കാവലുണ്ടു്. യാതൊരു മനുഷ്യനും അകത്തേക്കു കടക്കാൻ അദ്ദേഹം സമ്മതിക്കുന്നില്ല. ഡോക്ടർ സന്ദർശനമെല്ലാം കഠിനമായി മുടക്കിയിരിക്കുകയാണത്രെ. ബോസ്കോ അച്ചനും ഈ മുള്ളുവേലി മുൻകൂട്ടി ദർശിച്ചുകൊണ്ടുതന്നെയാണു ചെന്നിരിക്കുന്നതു്. നല്ല ചങ്കുറപ്പുള്ള രണ്ടുമൂന്നു ചെറുപ്പക്കാരെയും അദ്ദേഹം കൂടെ കൊണ്ടുപോയിട്ടുണ്ടു്.

പാതിരി: ആരും രോഗിയുടെ പക്കലേക്കു കടക്കാൻ ഞാൻ സമ്മതിക്കുന്നതല്ല.

ബോസ്കോഅച്ചൻ: ഒരു വാക്കു പറഞ്ഞിട്ടു പോരാനേയുള്ളു. ഇതാ അവൻെറ അമ്മ വരുന്നു. എൻെറ പീററിൻെറ സുഖക്കേടു എങ്ങനെയിരിക്കുന്നു? എന്നു അവരോടായി ചോദിച്ചുകൊണ്ടു് അദ്ദേഹം അകത്തേക്കു കടപ്പാൻ ഉദ്യമിച്ചു. പാതിരി തടഞ്ഞു നിത്താൻ ശ്രമിച്ചു. തട്ടിമാററിക്കൊണ്ടു് അദ്ദേഹം അകത്തേക്കു ചാടിക്കയറി. “പീററരേ!” എന്നു അദ്ദേഹം രോഗിയെ വിളിച്ചു. അവൻ സ്വരം മനസ്സിലാക്കി. “ബോസ്കോ അച്ചാ!” എന്നു വിളിച്ചുകൊണ്ടു കണ്ണു തുറന്നു നോക്കി. “ഇടയനജത്തിനെ നാമം സ്ഫടമോതി വിളിച്ചതിനോടേ” കാഴ്ചമെല്ലാം തെളിഞ്ഞു.

ബോസ്കോഅച്ചൻ: മകനേ, സുഖക്കേടു എങ്ങനെയിരിക്കുന്നു? നീ ഓററട്ടറിയെപ്പററി ഓക്കുന്നുണ്ടോ?

പീററർ: എങ്ങനെ ഓക്കാതിരിക്കും അച്ചാ! നിർഭാഗ്യത്താൽ ഞാൻ വഴിതെററിപ്പോയി. അച്ചൻ എന്നോടു ക്ഷമിക്കണം.

ഇത്രയുമായപ്പോഴേക്കും കള്ളഇടയൻെറ ഭാവം മാറിക്കഴിഞ്ഞു.

പാതിരി: ഹേ ഫാദർ! ഞാൻ ഒരിക്കൽക്കൂടെ പറയുന്നു. നിങ്ങൾ ഇനി ഇവിടെ നിൽക്കാൻ പാടില്ല.

ബോ. അച്ചൻ: ഞാൻ ഇപ്പോൾ പോകാനുദ്ദേശിച്ചിട്ടില്ല. രോഗിയായ ഈ കുഞ്ഞിനെ വേണ്ടുവോളം ആശ്വസിപ്പിച്ചിട്ടേ പോകുന്നുള്ളു.

പാതിരി: ഞാനാരെന്നു മനസ്സിലായോ? വൽഡേൻഷ്യൻ വൈദികനാണ് എന്നോത്തുകൊള്ളണം.

ബോ. അച്ചൻ: സലേഷ്യൻ ഓററട്ടറിയുടെ ഡയറക്ടരാണു ഞാനെന്നുള്ളതും മനസ്സിലാക്കിയിരിക്കണം.

പാതിരി: ഓററട്ടറിക്കാക്കു് ഇവിടെ എന്തധികാരമാണുള്ളതു്?

ബോ. അ: പത്തുകൊല്ലമായി ഈ കുട്ടി എൻെറ ശിഷ്യഗണത്തിൽ ചേന്നിട്ടു്.

പാതിരി: അപ്പോൾ നിങ്ങൾ പോകുകയില്ല. അല്ലേ?

ബോ. അ: ഇല്ല. നിങ്ങൾക്കു സമ്മതമാണെങ്കിൽ രോഗിതന്നെ ഈ തക്കം തീക്കട്ടെ. പീററരേ! നിൻെറ ആഗ്രഹം എന്താണെന്നു പറയുക.

പീററർ: ഞാൻ ഒരു കത്തോലിക്കനായി ജനിച്ചു. ഒരു നല്ല കത്തോലിക്കനായി മരിപ്പാനും ഞാൻ ആഗ്രഹിക്കുന്നു. ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഞാൻ ചെയ്തുപോയ തെററുകളെക്കുറിച്ചെല്ലാം അനുതപിക്കുന്നു.

ഒരുതരത്തിലും അവിടെ നിലയില്ലെന്നു കണ്ട പാതിരി മുഖം ചുളിച്ചു പിന്മാറിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ബോസ്കോ അച്ചൻ അവനെ ഒരുക്കി വിശ്വാസസത്യം ചെയ്യിപ്പിച്ചു് ഒരു നല്ലകുമ്പസാരം കഴിപ്പിക്കയും ചെയ്തു. പാതിരി വീണ്ടും ആക്രമണത്തിനുവന്നേക്കുമെന്നു ഭയന്നു അദ്ദേഹം അന്നുതന്നെ അവനെ ഒരു കത്തോലിക്കാ ആസ്പത്രിയിലേക്കു മാററിപ്പാപ്പിച്ചു. അധികം താമസിയാതെ അവൻ ഭാഗ്യമരണം പ്രാപിക്കയും ചെയ്തു.

പ്രിയ കുഞ്ഞുങ്ങളേ, ചെന്നായുടെ വായിൽനിന്നു കുഞ്ഞാടിനെ പിടിച്ചു വാങ്ങേണ്ട അവസരം വന്നപ്പോൾ നല്ല ഇടയൻെറ സ്നേഹം ജ്വലിക്കുന്നതു നിങ്ങൾ കണ്ടോ? ദിവ്യ ഇടയനായ ഈശോ ചോരചിന്തി രക്ഷിച്ചു—കുരിശിൽ മരിച്ചു വീണ്ടെടുത്ത—ഒരു കുഞ്ഞാടു നശിക്കുന്നതു കണ്ടുകൊണ്ടു് എങ്ങനെ ശാന്തമായി നില്പാൻ കഴിയും? “എനിക്കു് ആത്മാക്കളെ തരിക; ശേഷമെല്ലാം നിങ്ങളെടുത്തുകൊള്ളുക” എന്നു വി. ഫ്രാൻസീസ് സാലെസ് പറഞ്ഞുവന്നിരുന്നു. ആകയാൽ വഴിതെററിപ്പോകുന്ന ആളുകൾക്കുവേണ്ടി കൂടുതൽ തീക്ഷ്ണതയോടെ മേലാൽ നിങ്ങൾ ദിവസേന പ്രാത്ഥിക്കണം.

## കത്തുകൾക്കുമറുപടി

കെ. സി. ജോസഫ്, കുറവിലങ്ങാട്ടു്.

“സ്കൂൾഫൈനൽ പാസായ വിദ്യാത്ഥികളെ സകല ചെലവുകളും വഹിച്ചു പട്ടത്തിനു പഠിപ്പിക്കുവാൻ തയാറുള്ള ചില മിഷൻകേന്ദ്രങ്ങൾ ഭാരതത്തിലുണ്ടെന്നു അങ്ങു മുമ്പൊരു ലക്കം സത്യദീപത്തിലെ ബാലപംക്തിയിൽ എഴുതിയിരുന്നല്ലൊ. അങ്ങനെയുള്ള മിഷൻകേന്ദ്രങ്ങൾ ഏതെല്ലാമെന്നു വല്യച്ചൻ സത്യദീപദ്വാരാ അറിയിച്ചുതന്നാൽ അതു് എനിക്കും, ജീവിതക്കവലയിൽ എത്തി അങ്ങോട്ടോ ഇങ്ങോട്ടോ എന്നു സംശയിച്ചു നിൽക്കുന്ന മററു പല യുവജനങ്ങൾക്കും പ്രയോജനകരമായിരിക്കുമല്ലൊ..............”

പ്രിയ ജോസഫേ, വടക്കേ ഇൻഡ്യയിലുള്ള പല മിഷൻകേന്ദ്രങ്ങളും, കേരളകത്തോലിക്കരുടെ ഇടയിലേക്കാണു അവരുടെകണ്ണുകൾ തിരിച്ചിരിക്കുന്നതു്. തക്ക യോഗ്യതയുള്ളവരെ അവർ സൗജന്യമായി പഠിപ്പിച്ചു പട്ടം ഏല്പിക്കുന്നുമുണ്ടു്. മദ്രാസ്, വിശാഖപട്ടണം മുതലായ രാജ്യങ്ങളിൽ ഇങ്ങനെ നമ്മുടെ എത്രയെത്ര ചെറുപ്പക്കാർ പ്രശസ്തമായി മിഷൻജോലി നടത്തിവരുന്നുണ്ടെന്നുള്ളതും പ്രസിദ്ധമാണല്ലൊ. അങ്ങനെ ആഗ്രഹമുള്ള നമ്മുടെ യുവജനങ്ങൾ ഓരോ മിഷൻ മേലധികാരികളുമായി എഴുത്തുകുത്തു നടത്തുന്നതിനെക്കാൾ എത്രയും എളുപ്പമായ ഒരു മാർഗ്ഗം നമുക്കിവിടെ തുറന്നിട്ടുണ്ടു്. റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ടു, സെൻറ് ജോസഫ്സ് മിഷൻഹൗസ്, കോട്ടയം എന്ന മേൽവിലാസത്തിൽ എല്ലാവിവരങ്ങളും എഴുതി അറിയിച്ചാൽ അദ്ദേഹം വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഓരോ മിഷനിലേക്കുവേണ്ടി യുവാക്കന്മാരെ എടുത്തു പരിശീലിപ്പിച്ചയക്കുന്ന ഒരു സ്ഥാപനമാണിതു്. നിവൃത്തിയുള്ളവർ അദ്ദേഹത്തെ ചെന്നു കണ്ടു സംസാരിച്ചാൽ കൂടുതൽ സൗകര്യപ്രദമായിരിക്കും. മിക്ക മിഷൻകേന്ദ്രങ്ങളുമായി സമ്പക്കത്തിലാണു് അദ്ദേഹം ഇരിക്കുന്നതു് എന്നുള്ളതും സ്മരണീയമാണു്.

## വി. കർബാനയുടെ തിരുനാൾ.

അടുത്ത വ്യാഴാഴ്ചയാണെന്നു കുഞ്ഞുങ്ങൾ മറന്നുപോകരുതു്. പെസഹാവ്യാഴാഴ്ചയാണല്ലൊ മുറയ്ക്കു ദിവ്യകാരുണ്യത്തിരുനാൾ വരേണ്ടതു്. എന്നാൽ അന്നു ദുഃഖത്തിൻെറ കാലമാകയാൽ ആഘോഷിക്കാൻതക്ക അവസരമല്ല. അതുകൊണ്ടത്രെ ഇക്കാലത്തേക്കു മാററിവച്ചിരിക്കുന്നതു്. സ്നേഹസൂചകമായി നടത്തുന്ന ആരാധന, പ്രദക്ഷിണം മുതലായ ചടങ്ങുകളിലെല്ലാം കുട്ടികൾ മുന്നിട്ടുനിന്നു പ്രവത്തിക്കണം. നിങ്ങളാണു ഇടവകയുടെ ജീവൻ. നിങ്ങളാണു ഈശോയുടെ കണ്ണിലുണ്ണികൾ. കുട്ടികൾ “എൻെറ പക്കലേക്കു വരുവാൻ അനുവദിപ്പിൻ” എന്നു ഈശോ ആജ്ഞാപിക്കുന്നു. ആകയാൽ ആക്കും നിങ്ങളെ തടയാൻ അധികാരമില്ല. വി. കർബാനയുടെ തിരുനാളിലേ പുവിതരലിനു വി. കൊച്ചുത്രേസ്യാ ആകാംക്ഷയോടെ മുന്നിട്ടിറങ്ങിയിരുന്നതു ഓത്തുകൊള്ളണം.

കുർബാനക്കുപ്പായം, കാപ്പ മുതലായ വൈദികവസ്ത്രങ്ങൾ,
സൂർപ്ലീസ്, ആൾബാ, ലേസുകൾ,
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരി വർക്സ്,
ബ്രോഡ്വേ എറണാകുളം

# നസ്രാണീയ മഹന്നാമങ്ങൾ

(ററി. കെ. ജോസഫ്, ബി. എ., എൽ. ററി.)

ഈയിടെ കൊച്ചിയിലുണ്ടായ ദേവസ്സി—ദേവസ്വം—ഡേവിഡ് വ്യുല്പത്തിയബദ്ധം ഇപ്പോൾ സുപ്രസിദ്ധമായല്ലോ. ദേവസ്സി ദേവസ്സി-യാനോസുസഹദായാണെന്നു മി. ദേവസ്സി തിരുത്തിക്കൊടുക്കാഞ്ഞതെന്തോ! ഇന്നത്തെ മററു ചില നസ്രാണിമഹാന്മാരുടെ പേരുകളുടെ നിഷ്പത്തിയെപ്പററി ഇവിടെ അല്പം ചിന്തിക്കാം.

1) മുൻപു മിസ്റ്റർ പി. ജെ തോമ്മാ ആയിരുന്നതു് ഇപ്പോൾ ഡോക്ടർ പി. ജെ. തോമസായി. അതു തെററിയില്ല. 2) യോഹന്നാൻ മത്തായി(സുറിയാനി) ജോൺ മാത്യു (ഇംഗ്ലീഷ്) ആകുന്നതിനു പകരം ജോൺ മത്തായിയായി. മത്തൻ, മത്ത, മാത്തൻ, മാത്തുവുമുണ്ടു്. 3) പോത്തൻ അയ്യയാണു് എഡിററർ പോത്തൻ ജോസഫ്. ഔസേപ്പ്, ഔത, അയ്യു്, അയ്യ, ഊപ്പ്, ഊപ്പാൻ മുതലായവയുമുണ്ടു്. (4) എൽ. എം. പൈലി പൌലൂസാണു്, പീലിപ്പോസല്ല. ഇതിൻെറ രണ്ടദ്ധങ്ങളാണു് പീലിയും പോത്തനും, പോത്തയും. (5) മാമ്മൻ മാപ്പിള തൊമ്മൻ—തോമ്മായാണെന്നു പറയാറുണ്ടു്. ഉമ്മനും തോമ്മായാണു പോലും. കുഞ്ഞുതൊമ്മൻ—കുഞ്ഞുമ്മൻ—ഉമ്മൻ എന്നൊരു പരിപാടി. ഉമ്മൻ ഉമ്മൻ—ഉമ്മാമ്മൻ—മാമ്മൻ എന്നു മറെറാരു തുടർച്ച. അങ്ങനെ തൊമ്മൻ മാമ്മനായി. ശരിയാണോ? 9-ാം ശതകത്തിലെ കൊല്ലം തരിസാ (സുറിയാനി ത്രീസം) ചെപ്പേടിൽ മഹ്മൂൻ എന്നൊരു സാക്ഷി അറബിയക്ഷരത്തിലൊപ്പിട്ടിട്ടുണ്ടു് എന്നോമ്മവരുന്നു. മൈമൂനം എന്നു സ്ത്രീലിംഗരൂപവുമുണ്ടു്. മാമ്മോൻ എന്നു ബൈബിളിൽ കാണുന്ന വാക്കല്ല മാമ്മനായതു് എന്നു വിചാരിക്കാം. (6) റാവു ബഹദൂർ റവ. ജോൺ കുര്യൻ യോഹന്നാൻ കുര്യാക്കോസാണു്. കുരിയൻ, കുരിയാൻ, കുര്യാൻ, കിര്യാൻ എന്നിവയും ഉണ്ടു്. (കുറുവും ഉക്കുറുവും കുര്യാക്കോസല്ല, ഡിക്കൂറൂസാണു്). (7) പാറായി അചിരാ ഉറുമീസുതരകൻ അവറാഹം ഓർമീസ്ദാസാണു് (8) അന്ത്രപ്പേർ അന്ദ്രെ-പെയർ (ആൻഡ്രു പീററർ) എന്ന പറങ്കിനാമരൂപങ്ങളാണു്. (9) ഡോക്ടർ ററി. കെ. കോശി കുര്യാ-ക്കോസിലെ കോസാണു്; “കോശവാൻ, കോശാദ്ധ്യക്ഷഃ ഇതികോശി” എന്നല്ല നിഷ്പത്തി. (10) കുരുവിള സക്കറിയാ കുരിയാപിള്ള സക്കറിയാ. (11) കോരുത് പേർഷ്യൻ കോരേശ് (സൈറസ്), അല്ലെങ്കിൽ ദിയോസ്—കോറ്റ്രസിൻെറ ഉത്തരാദ്ധം. കോരുള കോരുപിള്ളയാണു്. (12) ഐ. സി. ചാക്കോ ജാക്കോബാണു്. എന്നാൽ ചാക്കുണ്ണി ഇസ്ഹാക്കുണ്ണിയാണു്. (13) സി. ജെ. വക്കിയും ററി. എം. വർഗ്ഗീസും ഗീവർഗ്ഗീസ് (= ജോർജ്) ആണു്. (14) നടസ്കാവുകാരൻ ഇനാശു ഇഗ്നാസിയോസു തന്നേ. (തമിഴർ ഇഞ്ഞാസിയാക്കി). (15) പനക്കൽ പാത്തപ്പനും പാത്തുമ്മായും (ഫാത്തിമാ) ഒന്നല്ല. പാത്തപ്പൻ പോത്തനുമല്ല. പേർഷ്യൻ അപ്രാസ് എന്നു തോന്നുന്നു. ഐപ്പാത്തു എന്നും പറയും. ഇതു് ഐപ്പു മാത്തുവോ, ഐപ്പു പാത്തുവോ, അപ്രാസോ? അപ്രാസ് കോട്ടയം കുരിശുകളിലെ പാലവിലിഖിതത്തിലുണ്ടു്. കുന്നങ്കുളത്താണു പേർഷ്യൻ പേരുകളധികം. (പുരവത്ത = മാർ പ്രോത്തുമെത്രാൻ, 9-ാം ശതകം; വാറു = ബാറേശു മുതലാളി, 9-ാം ശതകം). (16) പി. വി. ലോനപ്പൻ ഉലഹന്നാനപ്പൻ (യോഹന്നാൻ). (17) ചുമ്മാർ, ചിമ്മോർ, ചിമ്മോൻ ആണു് ഫാ. സൈമൺ. തല്ക്കാലം ഇത്രയ്ക്കേ സമയമുള്ളു.

---

ആരും അന്നു ദിവ്യകാരുണ്യ ഈശോയെ ഉൾക്കൊള്ളാതെ പോകരുതേ. ദിവ്യകാരുണ്യ ഈശോ എല്ലാവരേയും ആശീവ്വദിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 പരിശുദ്ധ കുർബാനയെ സ്ഥാപിക്കുമെന്നുള്ള ഈശോയുടെ വാഗ്ദാനം എവിടെയാണു രേഖപ്പെടുത്തിയിരിക്കുന്നതു്?

2 “ഇതു എൻെറ ശരീരമാകുന്നു; ഇതു എൻെറ രക്തമാകുന്നു” എന്നു അരുളിച്ചെയ്തുകൊണ്ടു് ഈശോ പരിശുദ്ധ കുർബാന സ്ഥാപിച്ച കാര്യം വേദപുസ്തകത്തിൽ എത്രസ്ഥലത്തു രേഖപ്പെടുത്തിയിട്ടുണ്ടു്?

3 എവിടെയെല്ലാം?

4 “ഇതു എൻെറ ഓമ്മയ്ക്കായി ചെയ്യുവിൻ” എന്ന നിർദ്ദേശം ആരെല്ലാം രേഖപ്പെടുത്തിയിട്ടുണ്ടു്?

5 ശ്ലീഹന്മാരുടെ കാലം മുതൽ തിരുസ്സഭയിൽ ദിവ്യബലി അപ്പിക്കപ്പെട്ടു വന്നുവെന്നതിനു വേദപുസ്തകത്തിൽ വല്ല തെളിവുകളുമുണ്ടോ?

(ഉത്തരങ്ങൾ 8-ാം പേജിൽ)




### അടയ്ക്കായപ്പം

(കുടുംബിനി)

ഒരിടങ്ങഴി പുഴക്കലരി, അര റാത്തൽ ശക്കര, ഒരു തേങ്ങ, രണ്ടു കോഴിമുട്ട, അല്പം ഉപ്പു്.

പുഴക്കലരി വെള്ളത്തിലിട്ടു കുതിത്തു് അരച്ചെടുക്കുക. പഞ്ചസാരയോ, ശക്കരയോ, ചക്കരയോ അതിൽച്ചേത്തു കുഴയ്ക്കുക. രണ്ടു കോഴിമുട്ടയും ഒരു തേങ്ങയുടെ പാലും അതിൽ ഒഴിച്ചു വീണ്ടും കുഴച്ചു യോജിപ്പിക്കുക. ആവശ്യമനുസരിച്ചു് ഉപ്പും ചേത്തശേഷം അടയ്ക്കയുടെ വലിപ്പത്തിൽ ഉരുട്ടി തിളച്ചവെളിച്ചെണ്ണയിലിട്ടു് ചുവപ്പു നിറമാകുമ്പോൾ കോരി എടുക്കുക.

——

അശുദ്ധാരൂപിയെ

## പുറത്താക്കി

റോമയിലെ ഒരു പാഷനിസ്റ്റു് സഭാംഗമെന്ന നിലയിൽ പ്രസിദ്ധിനേടിയിട്ടുള്ള ഫാദർ ലെയൊനാർഡൊ, സഹസന്യാസി വൈദികരുടെ സഹായത്തോടുകൂടി, 22 വയസ്സായ ഒരു യുവതിയിൽ ആവസിച്ചിരുന്ന അശുദ്ധാരൂപിയെ പുറത്താക്കിയിരിക്കുന്നു. 1942-ൽ വധിക്കപ്പെട്ട ലൊമൊവിസിയുടെ സ്വരത്തിൽ അവൾ സംസാരിക്കയും വലിയ സ്വരമുണ്ടാക്കുകയും മററും ചെയ്തിരുന്നു. അവൾ ലത്തീൻ പഠിച്ചിട്ടില്ലെങ്കിലും ആ ഭാഷയിൽ ചോദിച്ച ചോദ്യങ്ങൾക്കു മറുപടിപറകയുണ്ടായി. മൂന്നു മണിക്കൂർ നേരത്തെ പ്രാത്ഥനയുടേയും, അശുദ്ധാരൂപിയോടു അവളെ വിട്ടുപോകാനുള്ള ആജ്ഞാപനത്തിൻേറയും ഫലമായി അവൾ ശാന്തയാകയും പൂവ്വസ്ഥിതിയെ പ്രാപിക്കയും ചെയ്തു.

# കർദ്ദിനാൾ മെസോഫാന്തി

## 104 ഭാഷകൾ വശമായിരുന്ന അസാധാരണപണ്ഡിതൻ

(എം. ഒ. ജോസഫ് നെടുങ്കുന്നം)

വൈദേശികങ്ങളായ 104 ഭാഷകളിൽ പ്രാവീണ്യം നേടുക; അതും വിവിധ ജോലികൾക്കിടയിൽ. ഒരു മനുഷ്യന്റെ ഹ്രസ്വമായ ആയുഷ്ക്കാലത്തു് ഇതു സാദ്ധ്യമാണോ? ആണെന്നാണു കർദ്ദിനാൾ മെസോഫാന്തിയുടെ വിജ്ഞേയമായ ചരിത്രം അസന്നിഗ്ദ്ധമായി തെളിയിക്കുന്നതു്. സുമാർ ഒരു നൂറുകൊല്ലം മുൻപു്, 75-ാമത്തെ വയസ്സിൽ, നിര്യാതനായ ഈ മഹാബുദ്ധിമാനു് 39 ഭാഷകൾ സ്വന്തം മാതൃഭാഷപോലെ വശമായിരുന്നു; വേറെ 65 ഭാഷകളിൽ സംഭാഷണം നടത്തുന്നതിനും ആശയവിനിമയം ചെയ്യുന്നതിനും സാധിച്ചിരുന്നു. ബഹുഭാഷാപാണ്ഡിത്യത്തിൽ കർദ്ദിനാൾ മെസോഫാന്തിയെ അതിശയിക്കുന്ന ഒരു വ്യക്തി അദ്ദേഹത്തിനു മുൻപോ പിൻപോ ജീവിച്ചിരുന്നിട്ടില്ല.


ഉസേപ്പ് ഗാസ്പർദോ മെസോഫാന്തി, 1774 സെപ്തംബർ 19-ാംതീയതി, ഒരു പാവപ്പെട്ട ആശാരിപ്പണിക്കാരന്റെ പുത്രനായി ഇററലിയിൽ ബൊളോഞ്ഞായിൽ ഭൂജാതനായി. വിജ്ഞാനസമ്പാദനത്തിൽ ചെറുപ്പത്തിൽതന്നെ അദ്ദേഹം അസാമാന്യസാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹം സെമ്മിനാരിയിൽ ചേർന്നു തത്വശാസ്ത്രപഠനം തുടങ്ങി. 15-ാമത്തെ വയസ്സിൽ അക്കാലത്തെ പ്രസിദ്ധപണ്ഡിതന്മാരെ വാദപ്രതിവാദത്തിൽ പരാജിതരാക്കിയത്രേ. വേദശാസ്ത്രപഠനവും ഇതുപോലെതന്നെ പ്രശസ്തമായ നിലയിൽ നിർവ്വഹിച്ചു. വിദ്യാഭ്യാസം പൂർത്തിയായെങ്കിലും വേണ്ടത്ര വയസ്സു തികഞ്ഞിട്ടില്ലെന്ന കാരണത്താൽ അധികാരികൾ അദ്ദേഹത്തിനു വൈദികപട്ടം നൽകിയില്ല. ഈ കാലവിളംബം പൗരസ്ത്യഭാഷകൾ പഠിക്കുന്നതിലേക്കു് അദ്ദേഹം വിനിയോഗിച്ചു.

1797-ൽ 23-ാമത്തെ വയസ്സിൽ മെസോഫാന്തി വൈദികനായി അവരോധിക്കപ്പെട്ടു. അക്കൊല്ലംതന്നെ ബൊളോഞ്ഞാ സർവ്വകലാശാലയിലെ ഹിബ്രു പ്രൊഫസറായി നിയമിക്കപ്പെട്ടു. ലത്തീൻ, ഗ്രീക്കു്, ഹിബ്രു, അറബിക്കു്, കോപ്ടിക്കു്, ഫ്രഞ്ചു്, ജർമ്മൻ, സ്വീഡിഷ് എന്നീ ഭാഷകളിൽ ഇക്കാലത്തിനിടയ്ക്കു് അദ്ദേഹം പ്രാവീണ്യം നേടിക്കഴിഞ്ഞിരുന്നു. സ്വീഡിഷ് ഭാഷ പഠിച്ചതിനെപ്പററി ഒരു കഥയുണ്ടു്. സ്വീഡൻ സ്വദേശീയനായ ഒരു ചെറുപ്പക്കാരൻ ബൊളോഞ്ഞായിലെത്തി. ഭാഷ പരസ്പരം നിശ്ചയമില്ലായ്കയാൽ ആശയവിനിമയം ചെയ്യുവാൻ സാധിക്കാതെ യുവാവും അയാളുടെ ആതിഥേയരും കുഴങ്ങി. ഈ ദുർഘടത്തിൽനിന്നു രക്ഷപെടുവാൻ ആതിഥേയർ മെസോഫാന്തിയുടെ സഹായം അഭ്യർത്ഥിച്ചു. ഒരാഴ്ചകൊണ്ടു് അദ്ദേഹം സ്വീഡിഷ് ഭാഷ വശമാക്കി ആ യുവാവുമായി അയാളുടെ ഭാഷയിൽ സംഭാഷണം ചെയ്തു.

പതിനെട്ടാംനൂററാണ്ടിന്റെ അന്ത്യകാലം യൂറോപ്പിൽ വിപ്ലവങ്ങളും യുദ്ധങ്ങളും സർവ്വസാധാരണമായിരുന്നല്ലോ. ബൊളോഞ്ഞായിൽതന്നെ ഒരു റിപ്പബ്ലിക്കു ഭരണം സംസ്ഥാപിതമായി. പുതിയ ഭരണകൂടത്തോടു സത്യപ്രതിജ്ഞ ചെയ്യുവാൻ ഫാദർ മെസോഫാന്തി വിസമ്മതിച്ചു. തന്മൂലം സർവ്വകലാശാലയിലെ ഉദ്യോഗം നഷ്ടമായി. ഉപജീവനത്തിനു വേറേ മാർഗ്ഗങ്ങൾ തേടേണ്ടിവന്നു. കുട്ടികളെ സ്വകാര്യമായി പഠിപ്പിച്ചാണു ജീവസന്ധാരണത്തിനുള്ളവക അദ്ദേഹം നേടിയിരുന്നതു്.

1799 ലെയും 1800 ലെയും യുദ്ധങ്ങൾ നിമിത്തം, ബൊളോഞ്ഞായിലെ സൈനികാശുപത്രികൾ ക്ഷതാംഗരായ സൈനികരെക്കൊണ്ടു നിറഞ്ഞിരുന്നു. ഇവർ വിവിധദേശക്കാരും വിവിധഭാഷക്കാരുമായിരുന്നു. പരസ്പരം ആശയവിനിമയം ചെയ്യുവാൻ തരപ്പെടായ്കയാൽ ഇവരിൽ കത്തോലിക്കരായവർക്കു പാപസങ്കീർത്തനം ചെയ്യുന്നതിനു സാധിച്ചിരുന്നില്ല. ഈ വസ്തുത ഫാദർ മെസോഫാന്തിയെ അത്യധികം വ്യാകുലപ്പെടുത്തിയെന്നു് അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ രോഗികളുടെ ഭാഷ പഠിക്കുവാൻതന്നെ അദ്ദേഹം തീർച്ചയാക്കി. തദ്വാരാ ആ രോഗികളുടെ പാപസങ്കീർത്തനം കേൾക്കുന്നതിനും അവരുടെ മതപരമായ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിനും അദ്ദേഹം പ്രാപ്തനായി. പല പുതിയ ഭാഷകളും പഠിക്കുന്നതിനു ഈ സന്ദർഭത്തിൽ അദ്ദേഹത്തിനു സാധിച്ചു.

1803-ൽ ഫാദർ മെസോഫാന്തി സർവ്വകലാശാലാ ലൈബ്രറിയുടെ അസിസ്റ്റൻറായി നിയമിതനായി. അധികം താമസിയാതെ ഹിബ്രു, ഗ്രീക്കു ഭാഷകളുടെ പ്രൊഫസർ സ്ഥാനം അദ്ദേഹത്തിനുതന്നെ നൽകപ്പെട്ടു. 1806-ൽ വിജിഗീഷുവായ നെപ്പോളിയൻ ഈ ബഹുഭാഷാവിശാരദനെ പാരിസ് സർവ്വകലാശാലയിലേക്കു ക്ഷണിച്ചു. തൂലികയെക്കാൾ ഖഡ്ഗത്തിനു പ്രാമുഖ്യം കല്പിച്ചിരുന്ന നെപ്പോളിയന്റെ ക്ഷണത്തെ അദ്ദേഹം നിരാകരിച്ചുകളഞ്ഞു. 1808-ൽ സർവ്വകലാശാലയിലെ പൗരസ്ത്യഭാഷാവിഭാഗം നിർത്തലാക്കപ്പെട്ടപ്പോൾ ഫാദർ മെസോഫാന്തി



തൃശ്ശൂർ രൂപതയിലെ വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങൾക്കായി നടത്തിയ ഏകാന്തധ്യാനത്തിൽ സംബന്ധിച്ചിരുന്നവർ. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരിയായിരുന്നു.

പിന്നെയും തൊഴിൽരഹിതനായിത്തീർന്നു. 1815-ൽ, നെപ്പോളിയന്റെ തിരോധാനത്തിനുശേഷം, അദ്ദേഹം വീണ്ടും സർവ്വകലാശാലാ ലൈബ്രേറിയനായിത്തീർന്നു.

റോമായിലേക്കുള്ള മാർഗ്ഗമദ്ധ്യത്തിലാണല്ലോ ബൊളോഞ്ഞാ സ്ഥിതിചെയ്തിരുന്നതു്. വിവിധദേശക്കാരും ഭാഷക്കാരുമായ വിദേശികൾ ബൊളോഞ്ഞായിൽക്കൂടെയാണു റോമായിലേക്കു പോയിരുന്നതു്. അങ്ങനെയുള്ള ഏതെങ്കിലും ഒരു വൈദേശികൻ എത്തിയാലുടനെ, സത്രം അധികാരികൾ വിവരം ഫാദർ മെസോഫാന്തിയെ ധരിപ്പിച്ചിരുന്നു. "ഉടൻതന്നെ അവരെ കാണുകയും, അവരുമായി സംഭാഷണത്തിലേർപ്പെടുകയും അവരുടെ ഉച്ചാരണരീതി മനസ്സിലാക്കുകയും, ആവശ്യമായ നോട്ടുകൾ എഴുതിയെടുക്കുകയും ചെയ്തിരുന്നു" എന്നു മെസോഫാന്തിതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്.

ഭാഷാപഠനത്തിൽ മാത്രമല്ല അദ്ദേഹം ദത്താവധാനനായിരുന്നതു്. നരവംശശാസ്ത്രം, ഭൂഗർഭശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, നാണ്യനിർമ്മാണവിദ്യ മുതലായവയുടെ പഠനത്തിനും അദ്ദേഹം വളരെയധികം സമയം ചെലവഴിച്ചിരുന്നു. ഇതിലേക്കായി രാത്രി ഏറെനേരം ഉറക്കിളച്ചിരിക്കുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല. ഒരു വൈദികനെന്നനിലയിലുള്ള കടമകൾ നിർവ്വഹിക്കുന്നതിനു പുറമേയാണു ഈയുദ്യമങ്ങളിൽ വ്യാപൃതനായിരുന്നതു്. ബൊളോഞ്ഞായിലെത്തിക്കൊണ്ടിരുന്ന വൈദേശികരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കുക തന്റെ പ്രഥമകർത്തവ്യമായി അദ്ദേഹം എപ്പോഴും കരുതിയിരുന്നു.

വിജിഗീഷുവായ നെപ്പോളിയൻ ചക്രവർത്തി 1814-ൽ പരാജിതനായി സെൻറ് ഹെലിനായിലേക്കു നാടുകടത്തപ്പെട്ടു. അതോടുകൂടി ബന്ധനവിമുക്തനായ ഏഴാംപീയൂസു മാർപ്പാപ്പാ റോമായിലേക്കു പ്രത്യാഗമിച്ചു. യാത്രാമദ്ധ്യേ ബൊളോഞ്ഞായിലെത്തിയ തിരുമേനി ഫാദർ മെസോഫാന്തിയെ റോമായിലേക്കു ക്ഷണിച്ചു. പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ സിക്രട്ടറിസ്ഥാനം മാർപ്പാപ്പാ അദ്ദേഹത്തിനു വാഗ്ദാനം ചെയ്തു. പക്ഷേ വിനീതനായ ഫാദർ മെസോഫാന്തി ആ സ്ഥാനം ഉപേക്ഷിക്കുകയാണു ചെയ്തതു്.

മെസോഫാന്തിയുടെ പ്രശസ്തി നാടെങ്ങും പരന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രശസ്തരായ പല പണ്ഡിതന്മാരും ഭാഷാശാസ്ത്രവിശാരദന്മാരും ബൊളോഞ്ഞായിലെത്തി അദ്ദേഹവുമായി പരിചയപ്പെടുകയും, അദ്ദേഹത്തിന്റെ ബഹുഭാഷാവിജ്ഞാനത്തിൽ അത്ഭുതസ്തബ്ധരാകുകയും ചെയ്തു. ഇംഗ്ലണ്ടിലെ സുപ്രസിദ്ധ മഹാകവിയായിരുന്ന ബൈറൺ പ്രഭു മെസോഫാന്തിയെ സന്ദർശിച്ചതിനെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു:—

"ബഹുഭാഷാപാരംഗതൻ, വ്യാകരണസവ്യസാചി, സചേതനഭാഷാസമുച്ചയം, സർവ്വവിജ്ഞാനഭണ്ഡാഗാരം, അങ്ങനെയൊരാളെ ഞാൻ കണ്ടു. ബാബേൽ ഗോപുരനിർമ്മാണകാലത്തു ജീവിച്ചിരുന്നെങ്കിൽ എല്ലാവർക്കും ഒരു ദ്വിഭാഷിയാകുമായിരുന്ന ഒരു അത്ഭുതസൃഷ്ടിതന്നെ. എന്നാൽ തീരെ വിനീതനുമായിരിക്കുന്നു. എനിക്കറിയാവുന്ന എല്ലാ ഭാഷകളിലും ഞാൻ അദ്ദേഹത്തെ പരീക്ഷിച്ചുനോക്കി. ......... അദ്ദേഹം എന്നെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. എന്റെ ഇംഗ്ലീഷിനെപ്പോലും അത്ഭുതപ്പെടുത്തിയിരിക്കുന്നു."

1831-ൽ ബൊളോഞ്ഞായിൽ ഒരു ലഹള പൊട്ടിപ്പുറപ്പെട്ടു. മാർപ്പാപ്പാതിരുമനസ്സിലെ സന്നിധിയിൽ ലഹളക്കാർക്കു വേണ്ടി മാപ്പിരക്കുവാൻ റോമായിലേക്കു പോയ നിവേദകരുടെ കൂട്ടത്തിൽ ഫാദർ മെസോഫാന്തിയും ഉൾപ്പെട്ടിരുന്നു. ഫാദർ മെസോഫാന്തി റോമായിൽതന്നെ താമസിച്ചു തന്റെ കഴിവുകളെ തിരുസഭാസേവനത്തിനായി സമർപ്പിക്കണമെന്നു പതിനാറാം ഗ്രിഗോറിയോസ് മാർപ്പാപ്പാ ഫാദർ മെസോഫാന്തിയോടു് ആവശ്യപ്പെട്ടു. മാർപ്പാപ്പാ തിരുമനസ്സിലെ ആജ്ഞാപൂർവ്വമായ നിർബന്ധത്തിനുശേഷമേ അദ്ദേഹം അതിനു വഴിപ്പെട്ടുള്ളു.

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഫാദർ മെസോഫാന്തിയെ, അധികം താമസിയാതെ ഡൊമസ്റ്റിക് പ്രീലേററു സ്ഥാനത്തേക്കുയർത്തി. ആദ്യം മരിയാ മജ്ജിയോരെ ദേവാലയത്തിലേയും പിന്നീടു സെൻറ് പീറേറഴ്സ് ബസ്ലിക്കായിലേയും കാനൻ ആയി നിയമിതനായി. 1833-ൽ മോൺ: മെസോഫാന്തി വത്തിക്കാൻ സർവ്വകലാശാലയുടെ പ്രധാനാധികാരിയായി. പൗരസ്ത്യറീത്തുകളുടെ മതഗ്രന്ഥങ്ങൾ തിരുത്തുന്നതിനുള്ള തിരുസംഘത്തിന്റെ ആലോചനക്കാരനായും, പിന്നീടു് അതിന്റെ പ്രീഫെക്ടായും മാർപ്പാപ്പാ അദ്ദേഹത്തെ നിയമിച്ചു.

മോൺ: മെസോഫാന്തി ആദ്യമായി പ്രൊപ്പഗാന്താ കോളെജ് സന്ദർശിച്ചതിനെപ്പററി ഒരു കഥയുണ്ടു്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വൈദികവിദ്യാർത്ഥികൾ വന്നു പഠിക്കുന്ന ആ മഹാകലാലയത്തിന്റെ ഇടനാഴിയിൽക്കൂടി അജ്ഞാതനായ ഒരു സാധാരണക്കാരനെപ്പോലെ, അദ്ദേഹം നടന്നുപോയി. ടർക്കിദേശീയനായ ഒരു വിദ്യാർത്ഥിയുടെ മുറിയിലേക്കാണു് അദ്ദേഹം ആദ്യം കടന്നുചെന്നതു്. ആ വിദ്യാർത്ഥിയുമായി അദ്ദേഹം ടർക്കി ഭാഷയിൽ സംഭാഷണത്തിലേർപ്പെട്ടു. ഗ്രീസുകാരനായ ഒരു വിദ്യാർത്ഥി അതിലേ കടന്നുവന്നു. അവനോടു ഗ്രീക്കുഭാഷയിലായി സംസാരം. പിന്നെ വന്നതു് ഒരു അയിറിഷ് വിദ്യാർത്ഥിയായിരുന്നു. അവനെയും നാണിപ്പിക്കത്തക്ക മനോഹരമായ ഗാലിക് ശൈലിയിൽ അദ്ദേഹം സംഭാഷണം തുടർന്നു. വിവിധദേശക്കാരായ വിദ്യാർത്ഥികൾ ധാരാളമായി അടുത്തുകൂടി. ഓരോരുത്തരോടും അവരവരുടെ ഭാഷയിൽ അദ്ദേഹം സംസാരിച്ചു. അത്ഭുതസ്തബ്ധരായ ആ വിദ്യാർത്ഥികളുടെ ഇടയിലെ ഉത്സാഹപ്രകടനങ്ങളും അഭിനന്ദനോൽഘോഷങ്ങളും ഏതുതരത്തിലെന്നു പറയേണ്ടതില്ലല്ലോ.

1838 ഫെബ്രുവരി മാസത്തിൽ മോൺ: മെസോഫാന്തി കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ടു. റീത്തുകളുടെ തിരുസംഘം, ഇൻഡക്സിന്റെ തിരുസംഘം, മെത്രാന്മാരുടെ പരീക്ഷയ്ക്കുള്ള സംഘം എന്നിവയിൽ അദ്ദേഹം അംഗമായി. ഈ നിലകളിലുള്ള സാമാന്യചുമതലകൾ യാതൊരു കോട്ടവുംകൂടാതെ അദ്ദേഹം നിർവഹിച്ചുപോന്നു. പാപ്പാധിപത്യത്തിന്റെ നയതന്ത്രവകുപ്പിലോ, സഭാഭരണകൂടത്തിലോ ഉയർന്ന ഉദ്യോഗങ്ങൾ എന്തെങ്കിലും വഹിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അനുതപിക്കുന്ന പാപികളുടെ കുമ്പസാരം കേൾക്കുകയായിരുന്നു അദ്ദേഹത്തിനു് ഏററവും ഇഷ്ടപ്പെട്ട ജോലി. വിദേശികൾ മാർപ്പാപ്പാ തിരുമേനിയെ മുഖം കാണിക്കുവാൻ വരുമ്പോൾ പലപ്പോഴും ദ്വിഭാഷി ആയിട്ടും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ വിനയവും ലഘുജീവിതവും സന്ദർശകരെ അത്യധികം ആകർഷിച്ചിരുന്നു. ഒരു കുട്ടിയുടെ നിഷ്കളങ്കത അദ്ദേഹത്തിന്റെ പെരുമാററങ്ങളിലും പ്രവർത്തനങ്ങളിലും നിഴലിച്ചിരുന്നു.

ഭാഷാപഠനത്തെപ്പോലെ പ്രിയംകരമായ മറെറാരു വിഷയവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. മരണകാലത്തിനടുത്തും അബിസീനിയായിലെ ഒരു ഭാഷയായ "അംഹാരിക്കു" പഠിക്കുന്നതിലാണു് അദ്ദേഹം വ്യാപൃതനായിരുന്നതു്. ലോകത്തിൽ ഇതിനോളം കുഴപ്പം പിടിച്ച ഒരു ഭാഷ വേറെയില്ലത്രേ. 1848 മാർച്ച് മാസം 15-ാം തീയതി, 75-ാമത്തെ വയസ്സിൽ, ന്യുമോണിയാ രോഗത്താൽ അദ്ദേഹം നിര്യാതനായി. അക്കൊല്ലം ഇററലിയിലുണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ വളരെയധികം ബാധിച്ചതായി പറയപ്പെടുന്നു. ഏററവും അനാഡംബരമായരീതിയിൽ "ഒണോഫ്റിയോ" എന്ന ദേവാലയത്തിൽ അദ്ദേഹത്തെ സംസ്കരിച്ചു. 1855-ൽ ആ കുഴിമാടോപരി ഒരു സ്മാരകസ്തംഭം നിർമ്മിക്കുകയുണ്ടായി.

## ചരമം

ആയവനപ്പള്ളി ഇടവക തെക്കേക്കര ഉലഹന്നാൻ മത്തായി 75-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ എം. എ, പി എച്ച്. ഡി., ഡി ഡി., ഡി. സി. എൽ.

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 22 | ERNAKULAM, JUNE 15, 1949 | No 41


# ക്രിസ്തുമതവിശ്വാസവും ദേശീയസംസ്കാരവും

മദ്രാസിലെ "ഹിന്ദു" പത്രത്തിന്റെ ഇക്കഴിഞ്ഞ ജൂൺ 1-ാം നു- ലക്കത്തിലെ ഒരു മുഖപ്രസംഗത്തിൽ ഇപ്രകാരമെഴുതിയിരിക്കുന്നു:

"ജപ്പാനിലെ സഖ്യകക്ഷിസൈന്യങ്ങളുടെ സുപ്രീം കമാൻററായ ജനറൽ ഡഗ്ലാസ് മക്കാർതർ, വിദൂരപൗരസ്ത്യദേശങ്ങളിൽ സമാധാനത്തിന്റെ പ്രതീക്ഷയെ പ്രദാനംചെയ്യുന്നതു ക്രിസ്തുമതം മാത്രമാണെന്നുള്ള തന്റെ അചഞ്ചലമായ ബോദ്ധ്യം പ്രകാശിപ്പിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. തന്റെ ഈ വിശ്വാസസാക്ഷ്യത്തെ പ്രായോഗികമാക്കി ജപ്പാനെ ക്രൈസ്തവീകരിക്കുവാൻ മൂന്നുലക്ഷം ബൈബിൾ അവിടെ ഇറക്കുമതിചെയ്യുവാൻ അദ്ദേഹം പ്ലാനിട്ടിരിക്കുന്നതായും പറയപ്പെട്ടിരിക്കുന്നു.........ഒരു സുവിശേഷപ്രചാരകന്റെ ഭാഗം വഹിക്കുവാൻ ഈ ജനറലിനു സ്വാതന്ത്ര്യമുണ്ടെന്നുള്ളതിൽ സംശയമില്ല; എന്നാൽ സഖ്യകക്ഷിശക്തികളുടെ ട്രസ്റ്റിയെന്നനിലയിൽ അദ്ദേഹത്തിനു തീർച്ചയായും അതു പാടുള്ളതല്ല. ഈ മാസാരംഭത്തിൽ ടോക്കിയോ സന്ദർശിച്ച മി. എസ്. എൻ. അഗർവാൾ ജപ്പാനേയും ലോകത്തിന്റെ മററു ഭാഗത്തേയും ശരിയായി പ്രബോധിപ്പിച്ചിട്ടുണ്ട്, ക്രിസ്തുമതത്തിലേക്കുള്ള കൂട്ടമായ മാനസാന്തരത്താൽ ജപ്പാനെ സമാധാനപരവും അക്രമരഹിതവുമാക്കാനുള്ള ഔദ്യോഗികപരിശ്രമങ്ങൾ അനുചിതവും വിഫലവുമാണെന്നു. "മതവുംസംസ്കാരവും പറിച്ചുനടുവാൻ സാധ്യമല്ല. ജപ്പാനു് അവളുടെ സ്വന്തം സാംസ്കാരികമായ പിതൃധനംവഴിയായി സ്വയം പരിഷ്ക്കരിക്കുവാനുള്ള സകല സന്ദർഭങ്ങളും പ്രദാനം ചെയ്യപ്പെടേണ്ടതാണു്" എന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു."

## ക്രിസ്തുമതം വേണമെന്നു ജപ്പാൻകാരും ആഗ്രഹിക്കുന്നു

ജപ്പാനിൽ കത്തോലിക്കാമിഷണറിമാർ ദേശീയസംസ്കാരത്തെ നിഷ്കർഷാപൂർവ്വം ആദരിച്ചുപോരുന്നുണ്ടെന്നും, അവർ പ്രദാനംചെയ്യുന്ന ദിവ്യസന്ദേശം ജപ്പാൻകാരുടെ ക്ഷേമാഭിവൃദ്ധിക്കു നിദാനമായിരിക്കുമെന്നുമുള്ള ബോധം അവിടത്തെ രാജ്യതന്ത്രജ്ഞന്മാർക്കുപോലും സ്വീകാര്യമാണെന്നുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ജാപ്പനീസ് മന്ത്രിസഭയിലെ ഒരംഗമായ വാട്ടാറു നരഹാഷി 1946-ൽ ഒരു കൂടിക്കാഴ്ചയിൽ പ്രകാശിപ്പിച്ച അഭിപ്രായം ഇപ്രകാരമായിരുന്നു: "ഷിന്റോമതം മൃതിയടഞ്ഞിരിക്കുകയാണു്. ജപ്പാൻകാർ മതവിഷയത്തിൽ പട്ടിണി കിടക്കുകയാണെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. സജീവമായ ഏതൊരു മതപ്രസ്ഥാനവും ഇപ്പോൾ ജപ്പാനിൽ വിജയം പ്രാപിക്കും. ഈ ജനത്തിന്റെ മനോവീര്യം രക്ഷിക്കുവാനുള്ള ഏകമാർഗ്ഗം ക്രിസ്തുമതമാകുന്നു."

ജപ്പാനിലെ ദേശീയ വിദ്യാഭ്യാസത്തിന്റെ മേധാവിത്വം വഹിക്കുന്ന മന്ത്രി, ഡോക്ടർ ടനേകാ (Tanaka) ഒരു കത്തോലിക്കാ സമ്മേളനത്തിൽ ഈയിടെ പ്രസ്താവിച്ചതും ശ്രദ്ധാർഹമാണു്: "1870-ൽ ജപ്പാൻ പാശ്ചാത്യരാജ്യങ്ങളിലേക്കു ദൃഷ്ടിതിരിച്ചു. ആദ്ധ്യാത്മികമൂല്യങ്ങളെ അന്വേഷിച്ചുകൊണ്ടല്ല പ്രത്യുത സാങ്കേതികമായ പുരോഗമനത്തിനുവേണ്ടിയാണു്; ഈ പുരോഗമനം ആധുനിക ജപ്പാൻകാരെ, സംസ്കാരസമ്പന്നരെങ്കിലും അജ്ഞേയവാദികളും പലപ്പോഴും നിരീശ്വരന്മാരുമായവരെ, സൃഷ്ടിച്ചു. ഓരോ ജപ്പാൻകാരന്റേയും ഇന്നത്തെ കർത്തവ്യം പാശ്ചാത്യസംസ്കാരത്തിന്റെ ആത്മാവും സത്തയും വിസ്മരിച്ചുകൊണ്ടു് അതിന്റെ ബാഹ്യവേഷങ്ങൾമാത്രം പകർത്തുന്ന സമ്പ്രദായം ഒഴിച്ചുവയ്ക്കുകയാണു്. അങ്ങനെ പകർത്തുന്നതു സജീവമായ തായിത്തടിയേയും വേരുകളേയും വിസ്മരിച്ചു് ഇലകളും കൊമ്പുകളും മുറിച്ചെടുത്തു് ഇറക്കുമതി ചെയ്യുന്ന പ്രവൃത്തിയായിരിക്കും. പാശ്ചാത്യനാഗരികതയുടെ തായിത്തടിയും വേരുകളും ക്രിസ്തുമതമാകുന്നു; ക്രിസ്തുമതമെന്നു പറയുമ്പോൾ ഞാൻ വിവക്ഷിക്കുന്നതു കത്തോലിക്കാസഭയെയാണു്, അല്ലാതെ നാം തെററായി സ്വീകരിച്ച വിവിധ പ്രോട്ടസ്റ്റൻറു മതങ്ങളെയല്ല."

ജപ്പാനിലെ സർവ്വകലാശാലാ പ്രൊഫസറായ ഒരു കത്തോലിക്കൻ കഴിഞ്ഞ യുദ്ധവിരാമത്തിന്റെ ഒന്നാം വാർഷികത്തിൽ ചെയ്ത ഒരു പബ്ലിക്കു് പ്രസംഗത്തിലെ പ്രസ്താവം ശ്രദ്ധേയമാണു്:

"1549 ആഗസ്റ്റ് 15-ൽ ജപ്പാനിലെ ഒന്നാമത്തെ പ്രേഷിതനായ വിശുദ്ധ ഫ്രാൻസിസ് സേവ്യർ അക്കാലത്തിനല്പംമുമ്പു കണ്ടുപിടിക്കപ്പെട്ട ജാപ്പനീസ് സാമ്രാജ്യത്തിന്റെ ഏററവും തെക്കേഭാഗത്തുള്ള പ്രദേശങ്ങളിൽ വന്നിറങ്ങി.

"1945 ആഗസ്റ്റ് 15-ൽ ജപ്പാൻ ശത്രുക്കൾക്കു കീഴടങ്ങി; അതോടുകൂടി സ്വാതന്ത്ര്യത്തിന്റേയും സുവിശേഷപ്രചരണത്തിന്റേയും ഒരു പുതിയ യുഗം തുടങ്ങുകയും ചെയ്തിരിക്കുന്നു.

"മാതാവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ രണ്ടു തിരുനാളുകൾ നമ്മുടെ രാജ്യചരിത്രത്തിൽ ഭാവിസന്താനങ്ങൾക്കു് അനുസ്മരണീയമായിരിക്കും. അതിലൊന്നു് 1549-ലേതാണു്. ഈ തിയതി യൂറോപ്പുമായുള്ള നമ്മുടെ സാംസ്കാരികസമ്പർക്കത്തേയും പാശ്ചാത്യരാജ്യങ്ങളിൽ നിന്നു് ഇന്നാട്ടിലേക്കുള്ള ആദ്ധ്യാത്മികമൂല്യങ്ങളുടെ ഇറക്കുമതിയേയും കുറിച്ചുകൊണ്ടിരിക്കും. 1945-ലേതാണു് മറേറതു്. ഈ തീയതി മതേതരമായ നമ്മുടെ സ്ഥാപനങ്ങളുടെ ശിഥിലീകരണത്തേയും നമ്മുടെ സാമുദായികവും രാഷ്ട്രീയവും അന്തർദേശീയവുമായ ആശയങ്ങളുടെ ശുദ്ധീകരണത്തേയും കുറിക്കുന്നതായിരിക്കും. നമ്മുടെ വൈദികചരിത്രത്തിൽ ആദ്യം പറഞ്ഞ ആഗസ്റ്റു പതിനഞ്ചാം തീയതി നമ്മുടെ ക്രൈസ്തവീകരണത്തിന്റെ ഉദയത്തിലെ മാർദ്ദവമായ രശ്മികളുടെ പ്രസരണത്തേയും, അതിനെ തുടർന്നുണ്ടായ നമ്മുടെ ചില നേതാക്കന്മാരുടെ മാനസാന്തരമാകുന്ന മദ്ധ്യാഹ്നപ്രഭയേയും, പിന്നീടുണ്ടായ ക്രിസ്തീയ വേദസാക്ഷിത്വത്തിന്റെ ശോണിമവും എന്നാൽ മഹനീയവുമായ അസ്തമനാനന്തരമുള്ള മങ്ങിയ വെളിച്ചത്തേയും അനുസ്മരിപ്പിക്കും. രണ്ടാമതു പറഞ്ഞ ആഗസ്റ്റ് 15-ാം തീയതിയാകട്ടെ നമ്മുടെ രാജ്യത്തിൽ വിശ്വാസസൂര്യൻ വീണ്ടും ഉദിക്കുന്ന കാലഘട്ടത്തെ അനുസ്മരിപ്പിക്കും; ഈ സൂര്യൻ പിന്നീടൊരിക്കലും അസ്തമിക്കുകയില്ലെന്നാണു നമ്മുടെ പ്രതീക്ഷ.

"പരിശുദ്ധ കന്യക പണ്ടൊരിക്കൽ തന്റെ സ്വർഗ്ഗാരോഹണത്തിന്റെ തിരുനാളിൽ വിശ്വാസത്തെ നമുക്കു പ്രദാനം ചെയ്തു; ഇന്നു് ആ തിരുനാളിൽത്തന്നെ അവിടുന്നു സമാധാനത്തെ നമുക്കു പ്രദാനം ചെയ്തിരിക്കുന്നു; അതു സമാധാനത്തിന്റെ തണലിൽ വിശ്വാസം വീണ്ടും തഴച്ചുവളരുവാൻ വേണ്ടിയാണു്."

ജനറൽ മക്കാർതറുടെ ആശയവും പ്ലാനും ജപ്പാനിലെ അക്രൈസ്തവരായ രാജ്യതന്ത്രജ്ഞന്മാരുടേയും ക്രൈസ്തവരായ പണ്ഡിതന്മാരുടേയും അഭിലാഷങ്ങളോടു പരിപൂർണ്ണമായും യോജിച്ചിരിക്കുന്നുണ്ടെന്നു തെളിയുന്നില്ലയോ?

## മതവും സംസ്കാരവും

ക്രിസ്തുമതം പാശ്ചാത്യരാജ്യങ്ങളിൽ പിടിച്ചുവളർന്നിട്ടുള്ള ഒരു ചെടിയാണെന്നും, അവിടത്തേതിൽനിന്നു ഭിന്നമായ സംസ്കാരമുള്ള പൗരസ്ത്യദേശങ്ങളിലെ അന്തരീക്ഷം അതിനനുകൂലമല്ലെന്നും, തന്മൂലം അതു പൗരസ്ത്യദേശമായ ജപ്പാനിൽ നട്ടാൽ പിടിക്കുകയോ വളരുകയോ ചെയ്കയില്ലെന്നുമാണല്ലോ മി. അഗർവാലിന്റേയും അദ്ദേഹത്തെ പിന്താങ്ങുന്ന പത്രാധിപരുടേയും അഭിപ്രായം. ക്രിസ്തുമതത്തിന്റെ ശരിയായ സ്വഭാവം പരിശോധിച്ചാൽ കാണാം, ഈ അഭിപ്രായം അയഥാർത്ഥമാണെന്നു്. ക്രിസ്തുമതത്തിൽ മറെറല്ലാമതങ്ങളിലുമുള്ളപോലെ പ്രകൃത്യനുസൃതമായ (Natural) വിശ്വാസാനുഷ്ഠാനങ്ങളുണ്ടു്; അതിനും പുറമേ പ്രകൃത്യതീതമായ (Supernatural) വിശ്വാസാനുഷ്ഠാനങ്ങളുമുണ്ടു്. പ്രകൃത്യനുസൃതങ്ങൾ മനുഷ്യബുദ്ധികൊണ്ടു തനിച്ചു കണ്ടുപിടിക്കാവുന്നതാണു്; പ്രകൃത്യതീതങ്ങളാകട്ടെ മനുഷ്യബുദ്ധികൊണ്ടു തനിച്ചു കണ്ടുപിടിക്കുവാൻ സാധിക്കാത്തവയും, ദൈവത്തിന്റെ അരുളപ്പാടുവഴിമാത്രം ലഭിച്ചിട്ടുള്ളവയുമാണു്. ഈ രണ്ടിനം വിശ്വാസാനുഷ്ഠാനങ്ങളിൽ സംസ്കാരത്തോടു് (Culture) അഭേദ്യമായ ബന്ധം ആദ്യത്തേതിനുമാത്രമേയുള്ളു. സംസ്കാരത്തിന്റെ നിർവചനത്തിൽ നിന്നു് ഈ വസ്തുത ഗ്രഹിക്കുവാൻ കഴിയും. സംസ്കാരമെന്നതു്, മനുഷ്യബുദ്ധി കണ്ടുപിടിക്കുന്നതും നിർമ്മിക്കുന്നതും സമ്പാദിക്കുന്നതുമായ മാനസികസമ്പത്താണല്ലോ. പ്രസ്തുത സമ്പത്തു മനുഷ്യജീവിതത്തെ കൂടുതൽ കൂടുതൽ സുഖപ്രദവും ഗുണപൂർണ്ണവുമാക്കുന്നു. ശാസ്ത്രം, കല, വിദ്യാഭ്യാസം, കൃഷി, കച്ചവടം, വ്യവസായം, സാമൂഹ്യാചാരങ്ങൾ മുതലായവയെല്ലാം സംസ്കാരത്തിൽപ്പെടുന്നവയാണു്. പ്രകൃത്യനുസൃതമായ മതവിശ്വാസങ്ങളും മതാനുഷ്ഠാനങ്ങളും മനുഷ്യബുദ്ധിയിൽനിന്നു തനിച്ചു പുറപ്പെടാവുന്നവയാകയാൽ അവയേയും സംസ്കാരത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തുവാൻ വിരോധമില്ല. ദൈവം, ആത്മാവു്, അനന്തജീവിതം മുതലായി മതത്തിന്റെ മൗലികങ്ങളായ തത്വങ്ങൾ മനുഷ്യബുദ്ധിക്കു തനിച്ചു കണ്ടുപിടിക്കാവുന്നതും, ആ തത്വങ്ങൾ അവശ്യം അനുശാസിക്കുന്ന മതാനുഷ്ഠാനങ്ങൾ മനുഷ്യബുദ്ധിക്കു തനിച്ചു ക്രമീകരിക്കാവുന്നതുമാണു്. എന്നുവരികിലും മി. അഗർവാൾ മതത്തേയും സംസ്കാരത്തേയും തിരിച്ചുപറയുന്നതുകൊണ്ടു് പ്രകൃത്യനുസൃതമായ മതത്തേയും അതിന്റെ അനുഷ്ഠാനങ്ങളേയും സംസ്കാരത്തിന്റെ പ്രഥമഘടകമായും, ശാസ്ത്രം, കല, മുതലായവയെല്ലാം ദ്വിതീയഘടകമായും ഞങ്ങൾ തൽക്കാലം പരിഗണിക്കുന്നു.

## അക്രൈസ്തവസംസ്കാരത്തോടു ക്രിസ്തുമതത്തിന്റെ മനോഭാവം

പ്രസ്തുത രണ്ടു ഘടകങ്ങളും ഉൾപ്പെട്ട സംസ്കാരം മനുഷ്യൻ മനുഷ്യജീവിതത്തിനു പ്രദാനംചെയ്യുന്നതാണു്; നേരേമറിച്ചു ക്രിസ്തുമതത്തിലെ പ്രകൃത്യതീതങ്ങളായ വിശ്വാസാനുഷ്ഠാനങ്ങൾ ദൈവം മനുഷ്യജീവിതത്തിനു പ്രദാനംചെയ്തിട്ടുള്ളതാണു്. ഇവയ്ക്കു സംസ്കാരത്തോടു് അഭേദ്യമായ യാതൊരു ബന്ധവുമില്ല. ഏതു രാജ്യത്തിലേയും ഏതു കാലത്തിലേയും സംസ്കാരത്തോടു സംഘട്ടനമൊന്നും കൂടാതെ ഇണങ്ങിച്ചേർന്നു പോകുവാൻ ഇവയ്ക്കു കഴിവുണ്ടു്. ക്രിസ്തുമതത്തിന്റെ സുദീർഘമായ ചരിത്രംതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു. ക്രിസ്തുമതം വേരൂന്നി വളർന്നു പ്രാപിച്ചു സർവ്വവ്യാപകമായിരുന്ന യൂറോപ്പിൽത്തന്നെ വിവിധവർഗ്ഗക്കാരായ ജനങ്ങൾ ആധിപത്യം വഹിക്കുകയും, അവരുടെ വിവിധങ്ങളായ സംസ്കാരങ്ങൾക്കു് അവിടെ സ്ഥാനം ലഭിക്കുകയും ചെയ്തിരുന്നല്ലോ. ആദ്യം ക്രിസ്തുമതം അഭിമുഖീകരിച്ചതു ഗ്രേക്കോ-റോമൻ ജനതതിയേയും അവരുടെ സംസ്കാരത്തേയുമായിരുന്നു. അനന്തരം അവരെ ആക്രമിച്ചു കീഴടക്കിയ കിരാതവർഗ്ഗക്കാരായ ജനതതികളേയും അവരുടെ സംസ്കാരത്തേയും അഭിമുഖീകരിക്കേണ്ടിവന്നു. അടിമത്തം, ഫ്യൂഡലിസം, ക്യാപ്പിററലിസം എന്ന വിവിധ സാമുദായികവ്യവസ്ഥിതികളേയും, റെനേയ്സൻസ്, റെഫർമേഷൻ, റെവലൂഷൻ എന്നീ സാംസ്കാരികവും രാഷ്ട്രീയവുമായ വിവിധ പരിവർത്തനങ്ങളേയും ക്രിസ്തുമതം യൂറോപ്പിൽ തരണം ചെയ്തിട്ടുണ്ടു്. എന്നുവരികിലും അതിന്റെ പ്രകൃത്യതീതങ്ങളായ വിശ്വാസാനുഷ്ഠാനങ്ങൾക്കു യാതൊരു വാട്ടമോ കോട്ടമോ തട്ടിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. വിവിധങ്ങളായ പ്രസ്തുത സംസ്കാരങ്ങളോടു കാര്യമായ യാതൊരു സംഘട്ടനവും കൂടാതെ ക്രിസ്തുമതം യൂറോപ്പിൽ ഇണങ്ങിച്ചേർന്നു പോരുകയാണുണ്ടായതു്. യൂറോപ്പിനു പുറമേയുള്ള ഭൂഖണ്ഡങ്ങളിൽ എത്ര വിവിധങ്ങളായ ജനവർഗ്ഗങ്ങളുടേയും സംസ്കാരങ്ങളുടേയും ഇടയിൽ ക്രിസ്തുമതം സ്ഥാനം പിടിച്ചുകഴിഞ്ഞിരിക്കുന്നു! അവിടെയെങ്ങും സംസ്കാരത്തിന്റെ നാമത്തിൽ ക്രിസ്തുമതത്തിനു യാതൊരു സംഘട്ടനവും വൈഷമ്യവും അനുഭവപ്പെടേണ്ടിവന്നിട്ടില്ല. ക്രിസ്തുമതത്തിലെ പ്രകൃത്യതീതങ്ങളായ വിശ്വാസാനുഷ്ഠാനങ്ങളെ അഭംഗമായി പാലിച്ചുപോരുവാൻ ഏററവുമധികം നിഷ്കർഷയുള്ള കത്തോലിക്കാസഭയുടെ നിലയും ചരിത്രവുമാണു ഞങ്ങളിവിടെ പ്രധാനമായി ഉന്നയിക്കുന്നതു്. പ്രകൃതവിഷയത്തിൽ സഭയുടെ ഉപദേശവും നയവും ഇപ്രകാരം സംക്ഷേപിക്കാം:

സംസ്കാരത്തിന്റെ ഘടകങ്ങളെ പ്രഥമമെന്നും ദ്വിതീയമെന്നും മുകളിൽ വിവേചിച്ചുവല്ലോ. ദ്വിതീയഘടകത്തെ സംബന്ധിച്ചിടത്തോളം യാതൊരു ജനതതിയുടേയും യാതൊരാചാരാനുഷ്ഠാനങ്ങളിലും തിരുസ്സഭ ഒരു വിധത്തിലും കൈകടത്തുകയില്ല. എന്നല്ല, സന്മാർഗ്ഗദൃഷ്ട്യാ ദോഷമില്ലാത്തിടത്തോളം അവയെ സംരക്ഷിക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്നാണു സഭയുടെ ആഗ്രഹം. എന്നാൽ പ്രഥമഘടകമായ പ്രകൃത്യനുസൃതമതത്തിന്റേയും അതിന്റെ അനുഷ്ഠാനങ്ങളുടേയും കാര്യത്തിൽ തിരുസ്സഭയ്ക്കു മേൽപ്രകാരം നിഷ്പക്ഷത പാലിക്കുവാൻ നിവൃത്തിയില്ല. കാരണം, അക്കാര്യങ്ങൾ സഭയുടെ അദ്ധ്യാപനപരിധിയിൽ ഉൾപ്പെടുന്നു. അക്രൈസ്തവരായ ജനതതികൾ സ്വീകരിക്കുന്ന പ്രകൃത്യനുസൃതങ്ങളായ മതവിശ്വാസങ്ങളിലും മതാനുഷ്ഠാനങ്ങളിലും അബദ്ധങ്ങളായി വല്ലതുമുണ്ടെങ്കിൽ അവയെ സഭ സ്വീകരിക്കുകയില്ല. ആ ജനതതികളിൽനിന്നു കത്തോലിക്കാമതം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത അബദ്ധങ്ങൾ നിരാകരിക്കുകയും സുബദ്ധമായവ സ്വീകരിക്കുകയും ചെയ്യണമെന്നു സഭയ്ക്കു നിർബന്ധമുണ്ടു്. ഇതിനെല്ലാം തെളിവായി സഭയുടെ ഔദ്യോഗികമായ ഉപദേശങ്ങളും ഉത്തരവുകളും ചൂണ്ടിക്കാണിക്കാവുന്നതാണു് അവയെപ്പററി അടുത്തതിൽ.

## പ്രസക്തക്കുറിപ്പുകൾ

### കർശനമായ നിയന്ത്രണം

ബാലികാബാലന്മാരുടേയും യുവതീയുവാക്കന്മാരുടേയും പാരായണത്തിനായി പ്രസിദ്ധീകൃതങ്ങളാകുന്ന ഗ്രന്ഥങ്ങളുടെമേൽ കർശനമായ നിയന്ത്രണം ആവശ്യമാണെന്നു് ഫ്രഞ്ചു നാഷനൽ അസംബ്ലി ഒരു പ്രമേയം പാസാക്കിയിരിക്കുന്നു. നീതിന്യായവകുപ്പിന്റെ മന്ത്രിയായിരുന്ന ആൻഡറെ മരിയെയാണു് പ്രസ്തുത പ്രമേയം അവതരിപ്പിച്ചതു്. തസ്കരസംഘങ്ങളുടെ നടപടികളെപ്പററിയുള്ള വിവരണങ്ങൾ, കഠോരകൃത്യങ്ങളെ വിഷയമാക്കിയുള്ള കഥകൾ, വഷളായ കാര്യങ്ങളെപ്പററിയുള്ള പ്രതിപാദനങ്ങൾ ആദിയായവ നിരോധിക്കപ്പെടുന്നതാണു്, വിദ്യാഭ്യാസപ്രവ

ത്തകർ, ന്യായാധിപന്മാർ, കുടുംബപ്രതിനിധികൾ എന്നിവർ അടങ്ങിയ ഒരു സമിതിയായിരിക്കും ജനതാമദ്ധ്യത്തിൽ നിന്നകററേണ്ട പ്രസിദ്ധീകരണങ്ങൾ ഏവയെന്നു തീരുമാനിക്കുന്നതു്. നിരോധനത്തെ ആദരിക്കാത്ത പ്രസാധകന്മാൎക്കു തടവു്, പിഴ ആദിയായ ശിക്ഷകൾ നല്കപ്പെടുന്നതായിരിക്കും. സന്മാൎഗ്ഗബോധത്തിനു യോജിക്കാത്തവയും തിന്മചെയ്യുന്നതിനു പ്രത്യക്ഷമായോ പരോക്ഷമായോ പ്രേരണ നല്കുന്നവയുമായി എത്രയേറെ ഗ്രന്ഥങ്ങൾ ഇക്കാലത്തു നമ്മുടെ നാട്ടിൽ പ്രചരിക്കുന്നു. അവയ്ക്കെതിരായി നടപടികൾ എടുക്കേണ്ടതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ആത്മഹത്യ ചെയ്യുന്നതിനു തുനിയുന്ന ആൾക്കെതിരായി നടപടികൾ നടത്തണമെന്നു നിയമമുണ്ടാക്കിയിട്ടുള്ള രാഷ്ട്രീയാധികാരികൾ, ആത്മഹത്യപോലുള്ള ഹീനകൃത്യങ്ങൾ ചെയ്യുന്നതിനു പ്രചോദനം നല്കുന്ന ഗ്രന്ഥങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിക്കുന്നതിനെ തടയാതിരിക്കുന്നതാണു് വളരെ വിചിത്രമായിരിക്കുന്നതു്.

**ദേശീയമാക്കൽ**

"വസ്തുവകകളെല്ലാം ദേശീയമാക്കുക എന്നുള്ളതായിരിക്കരുതു് ഒരു രാജ്യത്തിന്റെ സാമ്പത്തികപദ്ധതിയുടെ അടിസ്ഥാനം. ദേശീയമാക്കൽ ഒരു സാമാന്യനിയമമാക്കുകയാണെങ്കിൽ, അതു ക്രമവിരുദ്ധമായിരിക്കും." ന്യായമായ പരിധി വിട്ടുള്ള ദേശീകരണപദ്ധതിയുടെ അനാശാസ്യതയെപ്പററി ഇപ്രകാരമൊരു മുന്നറിവും പരിശുദ്ധപിതാവു് 300 വ്യവസായപ്രവൎത്തകർ തന്നെ സന്ദൎശിച്ച അവസരത്തിൽ നല്കുകയുണ്ടായി. "ക്വാദ്രജേസിമോ ആന്നോ" ഉദ്ധരിച്ചുകൊണ്ടു "ന്യായാനുസൃതമായ ചില പരിധികൾക്കുള്ളില"ല്ലാതെ ദേശീയമാക്കൽ പാടില്ലെന്നു തിരുമേനി പ്രസ്താവിച്ചു. രാഷ്ട്രത്തിന്റെ കൎത്തവ്യം പൗരന്മാരുടെ ന്യായമായ അവകാശങ്ങളെ ഗ്രസിക്കുകയല്ല, സംരക്ഷിക്കുകയാണെന്നും അവിടുന്നു തുടൎന്നു പ്രസ്താവിച്ചു. കൽക്കരി, ഉരുക്കു്, ഇരുമ്പു മുതലായ മൗലികവ്യവസായങ്ങളും (Key industries) ഗതാഗതം, തപാൽ മുതലായ പൊതുജനോപകാരമാൎഗ്ഗങ്ങളും (Public utilities) ദേശീയമാക്കാമെന്നും ചില സാഹചര്യങ്ങളിൽ അവശ്യം ദേശീയമാക്കേണ്ടതാണെന്നും ഏവരും സമ്മതിക്കും. പക്ഷെ നിലം, പുരയിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഉല്പാദനമാൎഗ്ഗങ്ങളേയും ദേശീയമാക്കുന്നതു സ്വാഭാവികനീതിക്കു വിരുദ്ധവും പൗരന്മാരുടെ ക്ഷേമത്തിനും ശ്രേയസ്സിനും രാജ്യത്തിന്റെ ഉത്തമതാല്പൎയ്യങ്ങൾക്കും ഹാനികരവുമാണു്.

## അടുത്ത ആഴ്ചയിൽ

ജൂൺ
19 ഞാ: പന്തക്കുസ്താ 2-ാം ഞായർ
20 തി: സിൽവേരിയൂസ്
21 ചൊ: അലോഷ്യസ് ഗൊൺസാഗ
22 ബു: ജോൺ ഫിഷർ
23 വ്യാ: ആവുദ്രെ
24 വെ: ഈശോയുടെ തിരുഹൃദയം
25 ശ: സ്നാപകയോഹന്നാൻ

## പ്രാദേശികവാൎത്തകൾ

മററക്കരയിൽ ഒരു സി. എ. സി. ശാഖ ജൂൺ 5-ാംനു റവ. ഫാ. കുര്യാക്കോസ് ഉൽഘാടനം ചെയ്തിരിക്കുന്നു.

—വാഴക്കുളം സെൻറ് ജോർജ്ജ്സ് ട്രെയിനിംഗ് സ്കൂളിൽനിന്നും 1949-ലെ ടി. ടി. സി. പരീക്ഷയ്ക്കു ചേൎന്നിരുന്ന 40 പേരിൽ 33 പേരും ജയിച്ചിരിക്കുന്നു. ഹെഡ്മാസ്റ്റർ വെ. റവ. ഫാ. ജോർജ്ജ് മേനാച്ചേരി ബി. എ. എൽ. ടി. യും അസിസ്റ്റൻറ് മി. കെ. വക്കീയും അനുമോദനാർഹരാണു്.

—വാഴക്കുളം ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സി. വൈ. എം. എ., വിൻസെൻറ് ഡി പോൾ സഖ്യം, സൊഡാലിററി, ആരാധനാസഖ്യം എന്നിവയുടെ സംയുക്തവാർഷികം ജൂൺ 12-ാംനു റവ. ഫാദർ ജോസഫ് പാദരക്കാട്ടിൽ ബി. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു: തദവസരത്തിൽ മി. വി. ഒ. റോക്കി ബി. എ., ബ്രദർ പീററർ റെഡി എം. എ. എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—മുക്കാട്ടുകര ചിറയത്തു മഞ്ഞിയിൽ പറഞ്ചു കുഞ്ഞുവറീതിന്റെ മകൻ സി. കെ. ജോർജ് വൈദികപഠനത്തിനു പോകുന്നതു പ്രമാണിച്ചു് സ്ഥലം സെൻറ് മേരീസ് ക്ലബിന്റെവകയായി ഒരു യാത്രയയപ്പു സൽക്കാരം നൽകിയിരിക്കുന്നു.

[താമസിച്ചു കിട്ടുന്ന വാൎത്തകൾ പ്രസിദ്ധപ്പെടുത്തുന്നതല്ല.]

## തിരുവിതാംകൂർ വാൎത്തകൾ

—തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിന്റെ ഉൽഘാടനം ജൂലൈ 1-ാംനു അനൗപചാരികവും അനാർഭാടവുമായിട്ടായിരിക്കും നടത്തപ്പെടുന്നതു്. അന്നു കൊച്ചിയിലേയും തിരുവിതാംകൂറിലേയും മന്ത്രിമാരെല്ലാം രാജിവയ്ക്കുന്നതും പുതിയ പാർട്ടിലീഡർ രൂപവൽക്കരിക്കുന്ന മന്ത്രിസഭയിലെ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു ചാർജ്ജെടുക്കുന്നതുമായിരിക്കും.

## കാഥികനു മെഡൽ

വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ പട്ടാഭിഷേകവാർഷികം പ്രമാണിച്ചു് ഇക്കഴിഞ്ഞ ശനിയാഴ്ച വൈകുന്നേരം സെൻറ് ആൽബർ



ട്ട്സ് കോളെജ് ഹാളിൽവെച്ചു നടന്ന അനുമോദനയോഗത്തിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കാഥികൻ ശ്രീ ജോസഫ് ചിറയടൻ പാർട്ടി നടത്തിയ "മഗ്ദലന മറിയം" കഥാപ്രസംഗത്തിൽ അതീവസന്തുഷ്ടനായ തിരുമേനി കാഥികനെ അഭിനന്ദിച്ചു് ആശീർവ്വദിക്കുകയും ഒരു സ്വർണ്ണമെഡൽ സമ്മാനിക്കുകയുമുണ്ടായി.

—തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടിന്റെ പ്രധാനമന്ത്രി ശ്രീ പറവൂർ ടി. കെ. നാരായണപിള്ളയായിരിക്കുമെന്നു വിശ്വസിക്കപ്പെടുന്നു.

—തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടിന്റെ സർജ്ജൻ ജനറലായി ഡോക്ടർ ജേക്കബ് തളിയത്തിനെ നിയമിച്ചിരിക്കുന്നു.

—കോട്ടയത്തുനിന്നു പുറപ്പെടുന്ന "ദേശബന്ധു" എന്ന ദിനപത്രത്തിന്റെ ലൈസൻസു് ഗവമ്മെൻറു് റദ്ദുചെയ്യുകയും ജാമ്യസംഖ്യ കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു.

—നാലും അഞ്ചും ഫോറങ്ങളിലേക്കുള്ള പുതിയ സിലബസ് ഈ വിദ്യാലയവർഷത്തിൽത്തന്നെ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാനരൂപീകരണത്തോടുകൂടി തിരുവിതാംകൂർ അതിൎത്തികളിലെ ചവുക്കകൾ നിൎത്തലാക്കുന്നതിനും തന്മൂലം നേരിടുന്ന നഷ്ടപരിഹാരാൎത്ഥം തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടിന്റെ അതിൎത്തിപ്രദേശങ്ങളിൽ അവ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നതായറിയുന്നു.

—ഭക്ഷ്യധാന്യങ്ങളേയും പരുത്തങ്ങളേയും വിൽപനനികുതിയിൽ നിന്നു ഒഴിവാക്കണമെന്നു്, തൽസംബന്ധമായ അന്വേഷണം നടത്തുന്നതിനു നിയമിതമായിരിക്കുന്ന കമ്മിററി സമൎപ്പിച്ചിരിക്കുന്ന റിപ്പോർട്ട് ഗവമ്മെൻറു് അംഗീകരിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച ഗവമ്മെൻറു പ്രഖ്യാപനം അടുത്തുതന്നെ പുറപ്പെടുന്നതാണു്.


# മതപാഠം

## ഗ്രന്ഥകൎത്താ: ഫാ. ജോസഫ് വിതയത്തിൽ

അദ്ധ്യയനസമിതികളിൽ ഉപയോഗിക്കുന്നതിനായി എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നിദ്ദേശപ്രകാരം രചിക്കപ്പെട്ടതു്.

**അദ്ധ്യാപകനേയും വിദ്യാൎത്ഥികളേയും രംഗപ്രവേശം ചെയ്യിച്ചുകൊണ്ടുള്ള മാതൃകാ ക്ലാസ്സുകളാണു് ഉള്ളടക്കം.**

നല്ല മേനിക്കടലാസ്, ആകർഷകമായ അച്ചടി

പേജ് 226 വില 1 ക. 8 ണ.

**കച്ചവടക്കാൎക്കു ആകർഷകമായ കമ്മീഷൻ കൊടുക്കുന്നതാണു്.**

മാനേജർ,

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം


—ഐക്യസംസ്ഥാനരൂപീകരണത്തോടുകൂടി തിരുവിതാംകൂർ സ്റ്റേററ് ട്രാൻസ്പോർട്ട് സൎവ്വീസു് ചിററൂർവരെ നീട്ടുവാൻ തീരുമാനിച്ചിരിക്കുന്നു.

—ഇക്കൊല്ലം പുതിയ വിദ്യാലയങ്ങൾക്കു് അനുവാദം നല്കുന്ന വിഷയത്തിൽ ഗവമ്മെൻറു് അനുവൎത്തിച്ച നയത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു് ശ്രീ മന്ദത്തു പത്മനാഭപിള്ള പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിനു മറുപടിയായി തിരുവിതാംകൂർ ഇൻഫർമേഷൻ ഡയറക്ടർ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. അതിൽ നല്കിയിരിക്കുന്ന ചില സ്ഥിതിവിവരക്കണക്കുകൾ താഴെ ചേൎക്കുന്നു:

ഗേൾസ് ഹൈസ്കൂളിനുള്ള അപേക്ഷകൾ 15—അതിൽ ക്രിസ്ത്യൻ വിഭാഗക്കാരുടേതു 14— അനുവദിച്ചതു 12. നായർവിഭാഗക്കാരുടേതു 1— അനുവദിച്ചതു 1. മററുവിഭാഗക്കാരാരും അപേക്ഷിച്ചിട്ടില്ല ഹൈസ്കൂളിനുള്ള അപേക്ഷ:—

| | |
|---|---|
| ക്രിസ്ത്യാനികളുടേതു് | 66 |
| അനുവദിച്ചതു് | 28 |
| നായർ | 10 |
| അനുവദിച്ചതു് | 6 |
| ഈഴവർ | 6 |
| അനുവദിച്ചതു് | 2 |
| മററു ഹിന്ദുക്കൾ | 7 |
| അനുവദിച്ചതു് | 3 |
| മുസ്ലീം | 2 |
| അനുവദിച്ചതു് | 1 |


## Wanted

A trained S. F. or permit holder or an ex-service man to officiate in class IV B (unaided) newly opened. Apply in person within a week. Manager, St. Antony's Church School, Perambra, Kodakara. 28-10-24


## കൊച്ചിവാൎത്തകൾ

—തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടുകളുടെ തലസ്ഥാനം തിരുവനന്തപുരത്തും ഹൈക്കോടതി എറണാകുളത്തുമായിരിക്കുമെന്നു റിപ്പോർട്ടുകളിൽ കാണുന്നു.

—സെക്രട്ടറിയേററ് സംയോജനം സംബന്ധിച്ചു് കൊച്ചി സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരെല്ലാം ജൂലൈ ആരംഭത്തോടുകൂടി തിരുവനന്തപുരത്തെത്തുന്നതാണു്. ആകെ 150 ഉദ്യോഗസ്ഥന്മാർ തന്മൂലം കൊച്ചിവിടുന്നതാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

### തിരുവിതാംകൂർ കൊച്ചി ഉടമ്പടിവ്യവസ്ഥകൾ

—തിരുവിതാംകൂർ കൊച്ചി യൂണൈറഡ് സ്റ്റേററിന്റെ രൂപവൽകരണാൎത്ഥം ഇരു രാജാക്കന്മാരും തമ്മിൽ ചെയ്തിരിക്കുന്ന ഉടമ്പടിയിലെ പ്രധാനവ്യവസ്ഥകൾ താഴെ ചേൎക്കുന്നു:

ജൂലൈ 1-ാംനു രണ്ടു രാജ്യങ്ങളും കൂടി ഒരു സംയുക്തസംസ്ഥാനമായിത്തീരുന്നതും അന്നുമുതൽ ഇരുരാജ്യങ്ങളുടെയും എല്ലാ അധികാരങ്ങളും ചുമതലകളും ബാദ്ധ്യതകളും യൂണൈറഡ് സ്റ്റേററിന്റേതായിത്തീരുന്നതുമാണു്. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്കു് ആജീവനാന്തം യൂണൈറഡ് സ്റ്റേററിന്റെ രാജപ്രമുഖനായിരിക്കാം. എന്നാൽ ഏതെങ്കിലും വിധത്തിൽ തൽസ്ഥാനം ഒഴിവായാൽ ഇൻഡ്യാ ഗവൎണ്ണർ ജനറലായിരിക്കും പകരം നിയമനം നടത്തുന്നതു്. രാജപ്രമുഖനെ സ്വകൃത്യനിൎവ്വഹണത്തിൽ സഹായിക്കുന്നതിനായി ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതാണു്. സംയുക്തനിയമസഭ ഒരു ഭരണഘടന രൂപവൽക്കരിച്ചു് പ്രവൎത്തനമാരംഭിക്കുന്നതുവരെ രാജപ്രമുഖനും മന്ത്രിസഭയും ഇൻഡ്യാ ഗവമ്മെൻറിന്റെ നിദ്ദേശങ്ങൾ അനുസരിച്ചു പ്രവൎത്തിക്കണം. നീതിനിൎവ്വഹണത്തിനാവശ്യമായി വരുന്ന അടിയന്തിരാധികാരനിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനു രാജപ്രമുഖനധികാരമുണ്ടായിരിക്കും. എന്നാൽ അങ്ങനെയുള്ള നിയമങ്ങൾക്കു ആറുമാസത്തിൽ കൂടുതൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഇരുരാജ്യങ്ങളിലേയും നാടുവാഴികൾക്കു് പ്രിവിപേഴ്സിലേക്കായി സ്റ്റേററ് മുതലെടുപ്പിൽനിന്നു അനുവദിച്ചിരിക്കുന്ന സംഖ്യകൾ അവരുടെ കാലത്തോളം (തിരുവിതാംകൂർ മഹാരാജാവിനു പ്രതിവർഷം 18 ലക്ഷം ക യും കൊച്ചി മഹാരാജാവിനു് $2\frac{1}{2}$ ലക്ഷം ക. യും) നല്കപ്പെടുന്നതും അവയിൽനിന്നു യാതൊരുവിധ നികുതിയും ഈടാക്കുവാൻ പാടില്ലാത്തതുമാണു്. എല്ലാ സ്വകാൎയ്യസ്വത്തുക്കളുടേയും ഉടമസ്ഥാവകാശം ഇരുരാജാക്കന്മാൎക്കും ഉണ്ടായിരിക്കും. തങ്ങളുടെ രാജ്യത്തു മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ ശിക്ഷ കുറയ്ക്കുന്നതിനോ മാററുന്നതിനോ നിൎത്തിവയ്ക്കുന്നതിനോ ഉള്ള അധികാരം ഇരുനാടുവാഴികൾക്കും തുടൎന്നുണ്ടായിരിക്കുന്നതാണു്. സംയുക്തസംസ്ഥാനത്തിന്റെ പൊതുമുതലെടുപ്പിൽനിന്നും പ്രതിവർഷം 51 ലക്ഷം ക. വീതം ദേവസ്വങ്ങൾക്കായി നല്കേണ്ടതും പ്രസ്തുതസംഖ്യ ദേവസ്വംബോർഡുകൾ കൈകാൎയ്യം ചെയ്യുന്നതുമാണു്. ഇരുരാജ്യങ്ങളിലേയും പബ്ലിക് സൎവ്വീസിലെ സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ നിലയ്ക്കു് സംയോജനത്തോടുകൂടി യാതൊരുവിധ ഹാനിയും സംഭവിക്കാൻ പാടുള്ളതല്ല.

## എം എൽ. എ സമ്മേളനം

അടുത്ത വ്യാഴാഴ്ച (ജൂൺ 16-ാം തീയതി) അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വക്കിംഗ് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒരു കോൺഫറൻസ് കോട്ടയത്തുവച്ചു നടത്തുന്നതിനു ജൂൺ 12-ാം തീയതി സമ്മേളിച്ച വക്കിംഗ് കമ്മിററി യോഗം തീൎച്ചയാക്കിയതനുസരിച്ചു കൊച്ചിയിലേയും തിരുവിതാംകൂറിലേയും നിയമസഭകളിലെ ഇപ്പോഴത്തേയും മുൻകാലങ്ങളിലേയും കത്തോലിക്കാമെമ്പറന്മാരേയും കേരളത്തിൽ കത്തോലിക്കരുടെ ഉടമസ്ഥതയിൽ നടത്തപ്പെടുന്ന പത്രങ്ങളുടെ മാനേജർമാരേയും പത്രാധിപന്മാരേയും ക്ഷണിച്ചിരിക്കുന്നതായി അറിയുന്നു.

ജപാപ്പസ്തോലസഖ്യം

# ഏററം വലിയൊരവസരം

നിത്യസ്മരണാർഹനായ 13-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1899 ജൂൺ 11-ാംനു- മനുഷ്യവർഗ്ഗത്തെ മുഴുവനും ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ച മഹാസംഭവത്തിന്റെ കനകജൂബിലി ആഘോഷിക്കപ്പെടുന്ന വത്സരമായതുകൊണ്ട്, ഇക്കൊല്ലത്തെ തിരുഹൃദയത്തിരുനാൾ അസാധാരണമായ തീക്ഷ്ണതയോടെ കൊണ്ടാടുവാൻ എല്ലാവരും ഉത്സുകരാകുമെന്നു നിസ്സന്ദേഹം പ്രസ്താവിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഏവരുടേയും സവിശേഷമായ ശ്രദ്ധപതിയത്തക്കവണ്ണം ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രത്യേകനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നുള്ളതും പ്രത്യേകം സ്മർത്തവ്യമത്രെ.

ജപാപ്പസ്തോലസഖ്യങ്ങളും സഖ്യാംഗങ്ങളും ഇക്കാര്യത്തിൽ അപ്പസ്തോലന്മാർക്കൂടിയാകണമെന്നാണ മാർപ്പാപ്പാ തിരുമേനിയുടെ അഭിലാഷം. "ജപാപ്പസ്തോലസഖ്യം തിരുഹൃദയഭക്തിയുടെ പൂർണ്ണരൂപമാണെന്നും, തിരുഹൃദയഭക്തി ജപാപ്പസ്തോലസഖ്യത്തിൽനിന്നു അവിഭാജ്യമാണെന്നും" ഉള്ളതാണ് ഇതിനു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നൽകിട്ടുള്ള പ്രധാനകാരണം.

എങ്ങനെ ആഘോഷിക്കണം?

ഈ ചുമതല ഏതുവിധം നിവർത്തിക്കണമെന്നതാണ് ഇവിടെ പ്രധാനമായി പര്യാലോചിക്കേണ്ടതു്. പ്രസ്തുത ജൂബിലി സംശയലേശമെന്യേ ആന്തരികമായ ഒരുക്കങ്ങളോടും ബാഹ്യമായ ആഡംബരങ്ങളോടുംകൂടി ആഘോഷിക്കപ്പെടേണ്ട ഒന്നാണെന്ന് ആരും സശിരഃകമ്പം സമ്മതിക്കും. 13-ാം ലെയോൻ മാർപ്പാപ്പായുടെ "ആന്നും സാക്രും 11-ാംപീയൂസ് തിരുമനസ്സിലെ "കാസ്പ്രിമാസ്" "മിസെരെന്തിസ്സിമുസ് റെദെംപ്തോർ" എന്നീ മൂന്നു വിശ്വലേഖനങ്ങളുടെ വെളിച്ചത്തിൽ, ഈശോയുടെ തിരുഹൃദയത്തിന്റെ ഈ സുവർണ്ണജൂബിലി ആഘോഷിക്കുന്നതിനു വേണ്ടതായ മനോഭാവവും ചൈതന്യവും പദ്ധതികളും പ്രസ്പഷ്ടമായി ആക്കും ദർശിക്കാൻ കഴിയുകയും ചെയ്യും.

ഏതദ്വിഷയകമായി ലോകപ്രസിദ്ധനും തിരുഹൃദയപ്രേഷിതനുമായ ഫാദർ മത്തെയോ ക്രൗളി പ്രസ്താവിക്കുന്നതു് അത്യന്തം ശ്രദ്ധേയമാണ്. "പ്രോജ്ജ്വലമായ വിശ്വാസത്തോടും, തുടിക്കുന്ന സ്നേഹത്തോടും, അപാരമായ തീക്ഷ്ണതയോടും, അനിതരസാധാരണമായ ചടങ്ങുകളോടുംകൂടി ഈ തിരുനാൾ ആഘോഷിക്കപ്പെടേണ്ടതാണ്. കുടുംബത്തിൽ ഇതിനെ ഒരസാധാരണദിനമാക്കുക; ദേവാലയത്തിൽ ഇതിനെ പരിശുദ്ധ കുർബാനയുടെ ഒരു വിജയദിനമാക്കുക; സമുദായത്തിൽ ഇതിനെ ഒരു പൊതുപരിഹാരദിനമാക്കുക— എന്നിങ്ങനെയാണ്.

എന്തെല്ലാം നാം ചെയ്യണം?

എപ്രകാരമാണ് ഇതു നാം സാധിക്കേണ്ടതു്? ഇക്കൊല്ലത്തെ തിരുഹൃദയത്തിരുനാൾ ദിനമായ ജൂൺ 24-ാംനു- ആണല്ലോ പ്രസ്തുത സുവർണ്ണജൂബിലി വിശേഷവിധിയായി കൊണ്ടാടപ്പെടേണ്ടതു്. ലോകത്തിന്റെ സാർവ്വത്രിക പ്രതിഷ്ഠ നിർവ്വഹിക്കുന്നതിനു് 1899-ൽ 13-ാം ലെയോൻ മാർപ്പാപ്പാ നിശ്ചയിച്ചപ്പോൾ, മൂന്നു ദിവസം ഉൾക്കൊള്ളുന്ന ഒരു പരിപാടിയാണ്, തിരുമനസ്സുകൊണ്ട് ഉദ്ദേശിച്ചതു്. ഇതിനനുരൂപമായി, കുടുംബത്തിൽ ഒരു ത്രിദിനം ആചരിക്കുന്നതു വിഹിതമായിരിക്കും.

ഇതിലേക്കു കുടുംബങ്ങളിൽ തിരുഹൃദയം പ്രതിഷ്ഠിച്ചിരിക്കുന്നസ്ഥാനത്തു് ഉചിത അലങ്കാരങ്ങൾ ചെയ്യുകയും, പ്രത്യേക പ്രാർത്ഥനകളും,തിരുഹൃദയലുത്തിനിയായും ചൊല്ലുകയും; തിരുഹൃദയകീർത്തനങ്ങൾ ആലപിക്കുകയും ചെയ്യുന്നതു സ്തുത്യർഹമായിരിക്കും. തിരുനാളിന്റെ തലേരാത്രിയാകട്ടെ, രാത്രിയാരാധനകൂടി നടത്തുന്നതു് ആശാസ്യമായിരിക്കും. തിരുഹൃദയത്തിരുനാളിൽ, കുടുംബം മുഴുവനും പൊതുവായ പരിഹാരക്കുർബാന സ്വീകരണം കാഴ്ചവച്ചും, തങ്ങളേയും കുടുംബത്തേയും മിശിഹാരാജനു സമർപ്പിക്കുന്ന പ്രതിഷ്ഠാകർമ്മത്തെ നവീകരിച്ചും മററും കുടുംബത്തിലെ ആഘോഷങ്ങളെ സമാപിക്കാവുന്നതാണ്.

മൂന്നു പ്രധാന സംഗതികൾ

എന്നാൽ, മൂന്നു പ്രധാന സംഗതികൾ ഇനിയും അവശേഷിക്കുന്നു. ഒന്നാമതായി പ്രതിഷ്ഠയുടെ അതിവിശിഷ്ടങ്ങളായ ആശയങ്ങൾക്കനുസരണം വ്യക്തിപരവും കുടുംബപരവുമായി ജീവിതം ക്രമീകരിച്ചു്, കുടുംബത്തിലെ ഓരോ അംഗവും ജീവിക്കണമെന്നുള്ളതാണ്. തിരുഹൃദയപ്രതിഷ്ഠ ഇനിയും കഴിച്ചിട്ടില്ലാത്ത കുടുംബങ്ങളിൽ അതു് ഉത്തമമായി സാഘോഷം നടത്തുന്നതിനും, പ്രതിഷ്ഠ നിർവ്വഹിച്ചിട്ടുള്ള കുടുംബങ്ങളിൽ, ആഘോഷപൂർവ്വം അതു നവീകരിക്കുന്നതിനും ഓരോരുത്തരേയും സതീക്ഷ്ണം പ്രോത്സാഹിപ്പിക്കുകയെന്നതാണ രണ്ടാമത്തെ സ്നേഹകൃത്യം. എല്ലാററിലും ഉപരിയായി മനുഷ്യസമുദായത്തിനുവേണ്ടി, പൊതുപരിഹാരം നിർവ്വഹിച്ച് തിരുഹൃദയത്തെ സമാശ്വസിപ്പിക്കുകയും, ദിവ്യനാഥന്റെ അനുഗ്രഹാശിസ്സുകൾ സമൃദ്ധിയായി എല്ലാവർക്കും വാങ്ങാൻ ദത്താവധാനരായിരിക്കുകയും വേണം.

പ്രത്യേക ശ്രദ്ധയ്ക്കു്

1. ഇത്ദൃശമായ പരിപാടി പ്രചരിപ്പിക്കുന്നതിനു് ഇനി അധികം സമയമില്ലാത്തതിനാൽ, ഉള്ള സമയം സഫലമായി ഉപയോഗിക്കാൻ എല്ലാ സഖ്യശാഖകളും സഖ്യാംഗങ്ങളും ഉററുശ്രമിക്കട്ടെ.

2. സഖ്യത്തിന്റെ ശാഖാധികൃതന്മാരും പ്രോമോട്ടറന്മാരും ഇക്കാര്യങ്ങളെ ഏവരുടേയും ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുവാൻ സോത്സാഹം പ്രവർത്തിക്കട്ടെ.

3. തിരുഹൃദയത്തിൽനിന്നു്, പ. കന്യ. അമലോത്ഭവഹൃദയത്തെ വേർപെടുത്താൻ പാടില്ലാത്തതിനാൽ— പ്രത്യേകിച്ചു്, ഫാത്തിമാ സന്ദേശങ്ങൾക്കുശേഷം — തിരുഹൃദയപ്രതിഷ്ഠയോടുകൂടി മാതാവിന്റെ വിമല ഹൃദയത്തിനും, ഓരോരുത്തനും തങ്ങളേയും കുടുംബത്തേയും പ്രതിഷ്ഠിക്കട്ടെ.

4. മാർപ്പാപ്പാ തിരുമേനി ജപാപ്പസ്തോലസഖ്യാംഗങ്ങളിൽ നിന്നു തീക്ഷ്ണതരമായ പ്രവർത്തനം ജൂബിലിവിഷയകമായി പ്രതീക്ഷിക്കുന്നതുകൊണ്ടു്, നമ്മുടെ പരിശ്രമങ്ങളുടെ ഒരു സംക്ഷിപ്തവിവരണം—എന്തെല്ലാം ചടങ്ങുകൾ നിർവ്വഹിക്കപ്പെട്ടു; എത്ര പ്രതിഷ്ഠകൾ പുതുതായി നടത്തപ്പെട്ടു; എത്ര പ്രതിഷ്ഠാനവീകരണങ്ങൾ സാധിച്ചു ഇത്യാദി —. ജപാപ്പസ്തോലസഖ്യത്തിന്റെനാഷണൽസെക്രട്ടറിവഴി, പ. പിതാവിനു അയച്ചുകൊടുക്കേണ്ടതിലേക്കു്, ഓരോ ശാഖകളിൽനിന്നും (ഇഷ്ടമുള്ള അംഗങ്ങൾക്കും എഴുതി അയക്കാം.) ഓരോ റിപ്പോർട്ടു് എന്റെ പേർക്കു സദയം അയച്ചുതരണമെന്നും, എല്ലാ ശാഖകളേയും അംഗങ്ങളേയും സാദരം അറിയിച്ചുകൊള്ളുന്നു.

5. ഈ ലേഖനം ഓരോ ശാഖകൾക്കും, ഓരോ അംഗങ്ങൾക്കും, അയക്കപ്പെടുന്നതായി കരുതണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

ഫാ. ജോർജ് മണ്ണാറ
സഖ്യഡിറക്ടർ
വിൻസെൻഷ്യൻ ആശ്രമം
തോട്ടകം, വൈക്കം.

——

# ലീലായുടെ സാരി

(9-ാം പേജ് തുടർച്ച)

ല്ലോ എന്നു വിചാരിച്ചു നീ ദുഃഖിക്കേണ്ട. നിനക്കു ഞാൻ ഒരമ്മതന്നെ ആയിരിക്കും." കവിഞ്ഞു തുളുമ്പുവാൻ ഭാവിക്കുന്ന കൃതജ്ഞതയെ എങ്ങനെയാണു പ്രകടിപ്പിക്കേണ്ടതെന്നു് ആ കുഞ്ഞിനു് അറിഞ്ഞുകൂടായിരുന്നു. അവളുടെ കണ്ണീർകണങ്ങൾ അച്ചാമ്മയ്ക്കു പ്രത്യുത്തരം നൽകി. ഇതിനിടയിൽ അവർ ഒരു കാര്യം വിസ്മരിച്ചുപോയിരുന്നു. ആ സാരി! ലീലായുടെ പെട്ടി തുറന്നുനോക്കി. അവിടെയുമില്ല.

"എടീ, നീ സാരി വാങ്ങിയില്ലേ?"

"ഉവ്വ്."

"അതെവിടിരിക്കുന്നു?"

"എന്റെ പെട്ടിക്കകത്തിരിപ്പുണ്ടല്ലോ."

"ആഹ, എന്നിട്ടു ഞാൻ പെട്ടിക്കകത്തു നോക്കിയല്ലോ. ആ കസവു ബോർഡറുള്ള നിന്റെ സാരികളൊന്നുംതന്നെ അതിന്റകത്തു കണ്ടില്ല. പിന്നെ ഒരു പുത്തൻസാരി വാങ്ങിക്കുവാൻ അപ്പച്ചൻ അയച്ച ചെക്കു നിനക്കു കിട്ടിയില്ലേ?"

"അതു കിട്ടിയായിരുന്നു."

"എന്നാൽ ആ രൂപാകൊടുത്തു വാങ്ങിച്ച സാരി എവിടെ?"

"എൻറമ്മച്ചി, ഉള്ളതു പറയണമല്ലോ; ആ സാരി ഞാൻ വാങ്ങിയില്ല. അത്തരം ഒന്നലക്കുന്നതിനു തന്നെ രൂപ 15 ആകും. രണ്ടു മൂന്നു ദിവസത്തിൽ ഒരിക്കലെങ്കിലും ഒന്നു മാറണം. അപ്പോൾ രൂപാ എത്രയാകുമെന്നു് ഒന്നു കണക്കു കൂട്ടിക്കെ, ഞാൻ അതു ഉപയോഗിക്കണമെങ്കിൽ."

"രൂപാ എത്രയായാലെന്തു്, അതു ഞങ്ങൾക്കറിയാം. നീ നന്നായി നടക്കാൻ വേണ്ടിയല്ലേ അപ്പച്ചൻ ലോഭംകൂടാതെ പണമയച്ചുതരുന്നതു്? പിന്നെ നീ എന്തിനു് ഇത്ര ലുബ്ധുകാണിക്കുന്നു?"

"ലുബ്ധുകൊണ്ടല്ല അതു വാങ്ങാത്തതു്. കൂടുതൽ ഉപകാരപ്രദമായ വിധത്തിൽ ഞാൻ അതു ചെലവുചെയ്തു."

"അതെങ്ങനെയാണെന്നൊന്നു വേഗം പറഞ്ഞേ."

"ഇപ്പോൾ അഞ്ചുരൂപായിൽ കൂടിയ സാരി ഒന്നുംതന്നെ വാങ്ങാറില്ല. എന്റെ അലങ്കാരത്തിനുവേണ്ടി ഞാൻ ചെലവുചെയ്യുമായിരുന്ന പണംകൊണ്ടു് എന്റെ കൂട്ടത്തിൽ പഠിക്കുന്ന ചില പാവപ്പെട്ട വിദ്യാർത്ഥിനികളുടെ അത്യാവശ്യങ്ങൾ ഞാൻ നിറവേററിക്കൊടുക്കുന്നു."

"എന്നുവച്ചാൽ?"

"അവർക്കു ഫീസു കൊടുക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ ഞാൻ അതു കൊടുക്കുന്നുണ്ടു്."

"ഓഹോ, നിന്നെ ഒരു രൂപക്കൂട്ടിൽ എടുത്തുവയ്ക്കണം. ഒരു പുണ്യാളത്തി! നിന്നെപ്പോലുള്ളവരൊക്കെ ഇങ്ങനാണോ ചെയ്യുന്നതു്? അവർക്കാർക്കും നല്ല സാരിയില്ലേ?"

"ചിലർക്കെല്ലാം വിലപിടിപ്പുള്ള സാരികളുണ്ടു്. എന്നാൽ ഞാനും എന്റെ കൂട്ടുകാരും ലളിതജീവിതവും ഉന്നതാദർശങ്ങളും ഒരു പ്രമാണമായി സ്വീകരിച്ചിരിക്കയാണ്."

"എന്റെ മകളേ, നീ നിന്റെ തരപ്പടിയിലുള്ളവരെപ്പോലെ പ്രവർത്തിക്കണം. അല്ലാതെ ഇങ്ങനെയൊക്കെ തുടങ്ങിയാൽ വല്ലവരും നിന്നെ ഭ്രാന്തി എന്നു വിളിക്കും."

"എൻറമ്മച്ചി, ക്രിസ്തുനാഥനുവേണ്ടി ഭ്രാന്തികളാകുവാൻതന്നെ ഞങ്ങൾ നിശ്ചയിച്ചിരിക്കയാണ്."

"ഞങ്ങളെന്നുവച്ചാൽ, അപ്പോൾ ഭ്രാന്തുകാണിക്കുവാൻ നിങ്ങൾ ഒരു കൂട്ടുകെട്ടുണ്ടാക്കിയിരിക്കയാണ്, അല്ലേ?"

"ഒരു കൂട്ടുകെട്ടെന്നു വേണമെങ്കിൽ പറയാം. ലീജിയൻ ഓഫ് മേരി എന്നാണ് ആ സംഘടനയുടെ പേരു്."

"ഓഹോ, ഞാനോർക്കുന്നു, ഞാനോർക്കുന്നു. ഞാൻ ഹോസ്റ്റലിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ മദർ ജനറൽ അതിനെപ്പററി ഒരുപദേശം പറഞ്ഞതായി ഞാനോർക്കുന്നു. അതൊരു നല്ല സംഘടനയാണ്. അതാണെങ്കിൽ ഞാനൊരു വിരോധവും പറയുന്നില്ല."

"എന്നെ അവർ അതിന്റെ പ്രസിഡണ്ടായി തെരഞ്ഞെടുത്തിരിക്കയാണ്."

"കൊള്ളാം മകളെ. ഞാൻ ആദ്യം ഒന്നു തെററിധരിച്ചുപോയി, വല്ല "ഇസ്സ" ക്കാരുടേംകൂടെ നീ കൂടിക്കളഞ്ഞോ എന്നു്. ലോകത്തെ നന്നാക്കുവാനുള്ള വേലയിൽ നീയും ഒരു പങ്കുവഹിക്കുന്നതു ഞങ്ങൾക്കഭിമാനകരമാണ്."

"എന്നാൽ അമ്മച്ചിയും ഈ സംഘടനയിൽ ഒന്നു ചേരരുതോ?"

"ഒരു വീടന്വേഷിക്കാനുള്ളവർക്കു് ഇതുവല്ലതും പററുമോ പെണ്ണേ?"

"അതു സാരമില്ല. പ്രവർത്തകാംഗമായി ചേരുന്നവർ ആഴ്ചയിൽ ഒരിക്കൽ നടക്കുന്ന മീററിംഗിൽ സംബന്ധിക്കയും രണ്ടുമണിക്കൂർ സംഘടനയുടെ നിയോഗത്തിൽ പരസേവനം അനുഷ്ഠിക്കയും ചെയ്യണം. സഹായകാംഗമെങ്കിൽ ദിവസന്തോറും അതിന്റെ പ്രാർത്ഥന നടത്തിയാൽ മതിയാകും."

"നിന്റെ അപ്പച്ചൻ വന്നിട്ടു ഞാനൊന്നാലോചിക്കട്ടെ."

——

# മെത്രാൻപട്ടാഭിഷേക വാർഷികം

വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതിന്റെ 16-ാം വാർഷികം ആഘോഷിക്കുന്നതിനായി ജൂൺ 11-ാംനു- സെൻറാൽബർട്ട്സ് കോളെജ് ഹാളിൽ ഒരു പൊതുയോഗംകൂടി. ഈശ്വരപ്രാർത്ഥന, അതിരൂപതയുടേയും വിവിധ സംഘടനകളുടേയും ആഭിമുഖ്യത്തിലുള്ള ഹാരാർപ്പണം, മി. സി. ടി. ജോർജ്ജിന്റെ മംഗളഗാനം, പ്രഫ.സർ ടി. ജെ. ജേക്കബ് എം. എ. യുടെ അനുമോദനപ്രസംഗം, വേദോപദേശപരീക്ഷയിൽ വിജയികളായവർക്കു സമ്മാനദാനം എന്നിവയ്ക്കുശേഷം മെത്രാപ്പോലീത്താതിരുമേനി മറുപടിപ്രസംഗം നടത്തി. പ്രസ്തുത പ്രസംഗത്തിൽ വന്ദ്യതിരുമേനി, അതിരൂപതാ തൊഴിലാളി ഫെഡറേഷന്റെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു വൈദികനെ നിയമിക്കാൻ ഉദ്ദേശിക്കുന്ന കാര്യം പ്രസ്താവിക്കയും വിദ്യാർത്ഥിനീവിദ്യാർത്ഥികൾ വേദോപദേശം പൂർവ്വാധികം ഉത്സാഹത്തോടെ പഠിക്കണമെന്നു ഉദ്ബോധിപ്പിക്കുകയും ചെയ്തു. കത്തോലിക്കാ വിദ്യാഭ്യാസത്തെ പരാമർശിക്കയിൽ, അമേരിക്കയിലെ കത്തോലിക്കർ ഗവമ്മെൻറു വിദ്യാലയങ്ങളിൽ ഫീസില്ലാതിരുന്നിട്ടും കുട്ടികളെ അങ്ങോട്ടു് അയക്കാതെ, ഫീസും കൊടുത്തു കത്തോലിക്കാ വിദ്യാലയങ്ങളിലേക്കു് അയക്കുന്ന സംഗതി മാതൃകയായി ചൂണ്ടിക്കാണിച്ചു.

യോഗാനന്തരം ശ്രീ ജോസഫ് ചിറയേടൻ ആൻറ് പാർട്ടിയുടെ കഥാകാലക്ഷേപവുമുണ്ടായിരുന്നു.

# നിങ്ങൾക്കറിയാമോ?

(4-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ.

2 4 സ്ഥലത്തു്.

3 മത്തായി 26, 26—28; മർക്കോസ് 14, 22—24; ലൂക്കാ 22,19—20; വി. പൗലോസ് കൊറീന്ത്യക്കാർക്ക് എഴുതിയ ഒന്നാം ലേഖനം 11, 23—25.

4 വി. ലൂക്കായും വി. പൗലോസും.

5 ഉണ്ടു്. a) I കൊറി: 10, 14—21 :മിശിഹായുടെ ശരീരവും രക്തവും ഉൾക്കൊള്ളുന്ന ക്രിസ്ത്യാനികൾ വിഗ്രഹാരാധന പരിവർജ്ജിക്കണമെന്നു് ഉപദേശിക്കുന്നു.

b) I കൊറി: 11, 27—29: കർത്താവിന്റെ ശരീരവും രക്തവും അയോഗ്യമായി സ്വീകരിക്കുന്നവർ ചെയ്യുന്ന അപരാധത്തെപ്പററി പ്രസ്താവിക്കുന്നു.

c) നടപടി 2, 42: "അവർ ശ്ലീഹന്മാരുടെ ഉപദേശത്തിൽ സ്ഥിരപ്പെട്ടും, പ്രാർത്ഥനയിലും എവുക്കാറെസ്തിയാ (കുർബാന) മുറിക്കുന്നതിലും പങ്കുകൊണ്ടും ഇരുന്നു."

d) നടപടി 20, 7: "ആഴ്ചവട്ടത്തിലെ ഒന്നാംദിവസം എവുക്കാറെസ്തിയാ മുറിക്കുവാനായി ഞങ്ങൾ ഒന്നിച്ചുകൂടിയപ്പോൾ ... ..."

e) എബ്രാ: 13, 7—15: "നമുക്കു ബലിപീഠമുണ്ടു്. കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്കു് അതിൽനിന്നു ഭക്ഷിക്കുവാൻ പാടില്ല."

ചെറുകഥ

# ലീലായുടെ സാരി

(ജി. സി. ടീലാർ)

കോളെജിലുള്ളവർക്കെല്ലാം സുപരിചിതമാണ് ആ പേർ—ലീലാ. വിലകൂടിയ വസ്ത്രങ്ങളേ അവൾ ധരിക്കൂ. അരയടി വീതിയുള്ള കസവുബോർഡർ സാരിക്കു്.ബ്ലൌസു് വണ്ണപ്പകിട്ടുള്ളതു്. വാർകുന്തലിൽ സെൻറു്, മുഖത്തു പൗഡർ—സദാ പൂശിക്കൊള്ളും. പരസ്സ്ഥാപരമായ ഒരു പ്രവൃത്തി എന്നാണു് അതെപ്പററി സാധാരണയുള്ള വ്യാഖ്യാനം. ലീലായുടെയും സഖികളുടെയും അഭിപ്രായം, പരിഷ്കാരസൂര്യൻെറ പൊൻകിരണങ്ങൾ ലോകത്തെ മാർദ്ദവമായി തലോടിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു ശപാസം മുട്ടുന്ന രീതിയിലുള്ള വസ്ത്രധാരണം അത്ര പന്തിയല്ലെന്നാണു്. ഉടുപ്പാണു് അവരിൽ ചിലർക്കു്. അതു കാൽമുട്ടുകൾക്കു കീഴ്പോട്ടു ഇറങ്ങിയിട്ടില്ല. ദേഹം മുഴുവനും വസ്ത്രംകൊണ്ടു പൊതിയുന്നവരെ മുത്തശ്ശിമാർ എന്നാണു് അവർ വിളിക്കാറു്.

ഒരിക്കൽ ഒരു മഹായോഗത്തിൽവച്ചു ഗംഭീരമായ ഒരു വാദപ്രതിവാദം നടന്നു. വസ്ത്രധാരണമായിരുന്നു വിഷയം. "നിങ്ങളുടെ പിതാമഹന്മാരുടെ കൂടാരങ്ങളിൽത്തന്നെ നിങ്ങൾ കിടന്നുറങ്ങരുതു്. ലോകം പുരോഗമിക്കയാണു്; അതോടൊന്നിച്ചു നിങ്ങളും മുന്നോട്ടു പോകുക" എന്നുള്ള മസ്സിനിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു ലീലായുടെ പ്രൗഢമായ പ്രഭാഷണം. വിപ്ലവകരമായ അനേകം ആശയങ്ങളാണു് ആ ഗഹ്വരത്തിൽനിന്നും ഒഴുകി ഒഴുകി വീണതു്. "കണ്ണാടിക്കമ്പനിക്കാരും", "കൈയില്ലാബ്ലൗസുകാരും", "ചുരുക്കുപ്പുവിദഗ്ധരും" ആഞ്ഞാഞ്ഞു് "ഹിയർ"വിളിച്ചും കൈകൊട്ടിയും അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. പ്രതിപക്ഷത്തു പ്രത്യക്ഷപ്പെട്ടതു സാറാമ്മ. അല്പം ആശങ്കയോടെയാണു് അവൾ എഴുന്നേററതു്. "പഴഞ്ചൻ"മട്ടിലുള്ള അവളുടെവസ്ത്രധാരണം കണ്ടപ്പോൾത്തന്നെ ഒരു "ശൂക്കോട്ട"വിമാനം ഹാളിൽക്കൂടിപറന്നു. എങ്കിലും അവൾ തുടങ്ങി: "നിറപ്പകിട്ടുള്ള സാരികളും കഴുത്തിറങ്ങിയ ബ്ലൗസുകളും സൗന്ദര്യവർദ്ധകമെന്നു കരുതപ്പെടുന്ന മററു കൃത്രിമസാധനങ്ങളും സ്ത്രീത്വത്തിനു ഭൂഷണമല്ല എന്നത്രേ കറാച്ചിയിലെ ഒരു വനിതാസമ്മേളനത്തിൽവച്ചു് സുചേതാ കൃപലാനി പ്രസംഗിച്ചതു്."

രംഗം നിശ്ശബ്ദമായി. അടുത്തകാലത്തു് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡൻറായിരുന്നു കൃപലാനി. അദ്ദേഹത്തിൻെറ ഭാര്യ ഒരപരിഷ്കൃത എന്നെങ്ങനെ പറയും? പോരെങ്കിൽ അവരുടെ പുറകെ നിൽക്കുവാൻ കുറേ ഇംഗ്ലീഷ് അക്ഷരങ്ങളും! അവൾ തുടന്നു: "വസ്ത്രങ്ങൾ കാലിൽനിന്നും കൈയിൽനിന്നും കഴുത്തിൽനിന്നും ചുരുങ്ങിച്ചുരുങ്ങി എവിടംവരെ എത്താൻ സാധിക്കുമോ അവിടംവരെ ആയിട്ടുണ്ടു്. കുറച്ചുകാലംമുമ്പു് വാഷിംഗ്ടണിൽവച്ചു നടത്തിയ ഒരു വസ്ത്രധാരണപ്രദർശനത്തിൽ ഒരു മഹതി ഇപ്രകാരം പറയുകയുണ്ടായി:- ഈ വസ്ത്രങ്ങളെല്ലാം ഉപയോഗശൂന്യങ്ങളാണു്; കാരണം യാതൊന്നിനേയും സുന്ദരമാക്കുകയോ മറയ്ക്കുകയോ ചെയ്യുന്നില്ല അതു്. വളയത്തിൽക്കൂടി ചാടിച്ചാടി വളയം കൂടാതെ ചാടാൻ പഠിക്കും എന്ന മട്ടിലായിട്ടുണ്ടു് ഇന്നത്തെ വസ്ത്രധാരണരീതി...... പോലീസുകാർക്കു ലാത്തിയുള്ളതു് ഒരനുഗ്രഹംതന്നെ. അതു ഭയന്നിട്ടാണു് ഇക്കൂട്ടർ കന്നുകാലികളോടൊപ്പം പുറത്തലഞ്ഞുനടക്കാത്തതു്."

ലീലായുടേയും സഖികളുടേയും ഉത്തമാംഗങ്ങൾ കുനിഞ്ഞുപോയി.ഡെസ്കുകൾക്കിടയിൽ അവരുടെ ലജ്ജ മറഞ്ഞുനിന്നു. മററാരും കാണാതെ സാരിത്തുമ്പുകൾകൊണ്ടു മറച്ചു അവർ കൈത്തണ്ടുകൾ. മറുപടിപ്രസംഗത്തിനായി ലീലായ്ക്കു് അദ്ധ്യക്ഷയിൽനിന്നും ഒരു ക്ഷണം. എന്നാൽ ആരുടേയും തല പൊങ്ങിക്കണ്ടില്ല. ഒടുവിൽ സ്വസ്ഥാനത്തുനിന്നും എഴുന്നേററു അദ്ധ്യക്ഷ.

"പ്രിയപ്പെട്ട സഹോദരികളേ, ഇന്നത്തെ ചൂടുപിടിച്ച വാദപ്രതിവാദത്തിൽ ജയാപജയത്തേക്കാൾ സത്യം ഗ്രഹിക്കുവാനുള്ള ഒരവസരം നിങ്ങൾക്കു ലഭിച്ചു എന്നു ഞാൻ വിചാരിക്കുന്നു. ഉപദേശങ്ങൾകൊണ്ടു പലപ്പോഴും ലഭിക്കാത്ത നല്ല ഫലങ്ങൾ സ്വന്തമായ വിചിന്തനങ്ങളിൽനിന്നും ഉളവാകാറുണ്ടു്. പരിഷ്കാരം എത്രമാത്രം പുരോഗമിച്ചിരുന്നാലും ഒരു മനുഷ്യനു തലകുത്തി നടക്കുവാൻ സാധിക്കുകയില്ല. വസ്ത്രം നമ്മുടെ ഒരാവശ്യം നിർവ്വഹിക്കുന്നു. അതായതു് നമ്മുടെ ദേഹത്തെ സുന്ദരമായ വിധത്തിൽ മറയ്ക്കുക എന്നതു്. അതു നിർവ്വഹിക്കാത്തപ്പോൾ വസ്ത്രം അപമാനകരമായിത്തീരുന്നു. ശ്രീമതി സുചേതാ കൃപലാനിയുടെ ഉൽകൃഷ്ടമായ ഒരഭിപ്രായം ഉദ്ധരിച്ചുകൊണ്ടാണല്ലോ സാറാമ്മ പ്രസംഗം തുടങ്ങിയതു്. ഉത്തമരായ സ്ത്രീകളെ നാം മാതൃകയായി സ്വീകരിക്കണം.അഭിസാരികകളും വ്യഭിചാരിണികളും നമ്മുടെ മാതൃകയായിരിക്കുവാൻ നാം ഒരുനാളും ആഗ്രഹിക്കയില്ലല്ലോ. എങ്കിലും അറിയാതെ തന്നെ ചിലർ അവരുടെ പുറംപൂച്ചുകളിൽ മനംമയങ്ങിപ്പോകുന്നു. ഏതോ ചില വിഡ്ഢിത്തങ്ങൾ പരിഷ്കാരങ്ങളാണെന്നു ചിലർ ഭ്രമിക്കാറുണ്ടു്. പരിഷ്കരണത്തിനെന്ന നാട്യത്തിൽ സത്യത്തെയും സുസ്ഥിതിയെയും തകിടംമറിക്കുവാൻവേണ്ടി നടത്തുന്ന ഒരു പ്രക്ഷോഭണത്തെക്കാൾ വലിയ അകൃത്യം വേറെയില്ല—എന്നു് സി. ഡിമ്മോൺസ് എന്ന താത്വികൻ പറഞ്ഞിരിക്കുന്നു. ഈ തോതുവച്ചു നമുക്കൊന്നു അളന്നുനോക്കാം, നമ്മുടെ മഹിളാമണികളിൽ പലരും വലിയ ഒരകൃത്യം ചെയ്യുന്നില്ലേ എന്നു്.

"നമുക്കു വിദ്യാഭ്യാസമുണ്ടു്. പക്ഷേ യഥാർത്ഥ സംസ്കാരമുണ്ടോ? 1946-ൽ വായിച്ച ഒരു പത്രക്കുറിപ്പു് എൻെറ ഓർമ്മയിൽ ഇപ്പോഴും തങ്ങിനിൽക്കുന്നു. ഗാന്ധിയുടെ പുതിയ ശിഷ്യർ എന്ന തലക്കെട്ടിൽ ആ വാർത്ത ഇങ്ങനെ പോകുന്നു:— "ലളിതജീവിതരീതിയിൽ ഞങ്ങൾ സന്തോഷം കണ്ടെത്തിയിരിക്കുന്നു. ആ ഇൻഡ്യക്കാരൻ മി. ഗാന്ധിയുടെ പുസ്തകങ്ങൾ വായിച്ചതു മുതൽ കൃത്രിമസുഖങ്ങൾ ഞങ്ങളെ ആകർഷിക്കുന്നില്ല," എന്നാണു് 18 വയസ്സുള്ള റജിനാൾഡ് ഹാർഫി എന്ന സഹോദരകാരൻ പറയുന്നതു്. ഈ യുവാവിൻെറ കീഴിൽ സഹോക്കിലെ 30 ഗ്രാമങ്ങളിലുള്ള ചെറുപ്പക്കാർ ഈ ആദർശമനുസരിച്ചു ജീവിക്കുവാൻ സംഘടിച്ചിരിക്കയാണു്. ഈ സംഘടനയിലെ യുവാക്കന്മാർ സിനിമാശാലകളെ ഉപേക്ഷിച്ചു. യുവതികൾ "ലിപ്സ്റ്റിക്കുകൾ" വേണ്ടെന്നു വച്ചിരിക്കുന്നു. നാട്ടിൻപുറങ്ങൾ സാമ്പത്തികമാക്കിത്തീർക്കണമെന്നാണു് ഇവരുടെ ഉന്നം. കൽക്കരി ഡിസ്ട്രിക്ടുകളിൽ ഈ പുതിയ ജീവിതരീതി പ്രചരിപ്പിക്കുവാൻ പ്രസംഗകരെ അയച്ചുകഴിഞ്ഞുവത്രേ—ഒരു നല്ല മാതൃക മനുഷ്യരെ എന്തുമാത്രം സംസ്കരിക്കുന്നു എന്നു കണ്ടാലും! നമ്മുടെ മുമ്പിൽ ക്രിസ്തുവിൻെറയും അവിടുത്തെ ദിവ്യജനനിയുടെയും സജീവമാതൃക വയ്ക്കപ്പെട്ടിരിക്കുന്നു. എന്നാലും നമ്മളിൽ എത്രയോ പേർ അതു കാണാതെ കടന്നുപോകുന്നു.

"മനുഷ്യൻെറ സ്വഭാവത്തിൽ രണ്ടു വശങ്ങൾ നാം കാണുന്നു. ഒന്നു മനുഷ്യത്വം. മറേറതു മൃഗീയത്വം. മനുഷ്യത്വം ഉയരുമ്പോൾ നഗ്നതയിൽ മനുഷ്യനു ലജ്ജയുണ്ടാകുന്നു. ഇതുകൊണ്ടാണു സംസ്കാരം സിദ്ധിച്ച കാട്ടാളന്മാർ വസ്ത്രത്തിനായി ശ്രമിക്കുന്നതു്. മൃഗീയത്വം ശക്തിപ്പെടുമ്പോൾ നഗ്നനായിത്തീരുവാൻ മനുഷ്യൻ ഇഷ്ടപ്പെടുന്നു. ഒരു കുരങ്ങിനെ ഒന്നുടുപ്പിച്ചുനോക്കുക. അല്പനേരം കഴിയുമ്പോൾ ആ വസ്ത്രം അതു ദൂരെ എറിയും. എന്നാൽ സംസ്കാരത്തിൻെറ മറയിൽ മനുഷ്യൻ ഇപ്പോൾ വസ്ത്രമുപേക്ഷിക്കുവാൻ ശ്രമിക്കുന്നു. ഇതുകൊണ്ടായിരിക്കാം സെനെക്കാ പറഞ്ഞതു്—സംസ്കാരത്തിൻെറ സോപാനത്തിലൂടെ മനുഷ്യത്വത്തിൻെറ കൊടുമുടികളിലേക്കു് ഉയരുന്ന മനുഷ്യൻ കാലിത്തൊഴുത്തിലെയും കോഴിക്കൂടത്തിലെയും സമത്വസ്വാതന്ത്ര്യങ്ങളിലേക്കു് എടുത്തുചാടുവാൻ അന്തരാന്തരാ വ്യാമോഹിക്കാറുണ്ടു് എന്നു്. ഒരു സ്ത്രീയുടെ സ്ത്രീത്വം ആഭരണങ്ങളിലോ, വസ്ത്രങ്ങളിലോ, സുഗന്ധതൈലങ്ങളിലോ അല്ല സ്ഥിതിചെയ്യുന്നതെന്നു നാം മനസ്സിലാക്കണം. പിൽക്കാലത്തു ലോകത്തിനു നന്ദിപൂർവ്വം സ്മരിക്കത്തക്ക എന്തെങ്കിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതുതന്നെയാണു് എൻെറ ഏററം വലിയ സ്മാരകം—എന്നു് എജിസ്സാവൂസ് എന്ന മഹാൻ പ്രസ്താവിച്ചിരിക്കുന്നു. ഒരു സ്ത്രീയുടെ സ്മാരകവും അവളുടെ സുകൃതങ്ങളത്രേ. ആകയാൽ വി. പത്രോസിൻെറ ഉൽബോധനത്തോടുകൂടി ഞാൻ വിരമിക്കട്ടെ—നിങ്ങൾ സ്വതന്ത്രരായി; സ്വാതന്ത്ര്യം സ്വന്ത ദുഷ്ടതയ്ക്കു് ഒരു മറയായി പിടിക്കുന്ന മനുഷ്യരെപ്പോലെ ആകരുതു്; ഈശ്വരൻെറ ഭൃത്യരായ നിങ്ങൾ, നിങ്ങളുടെ സൽക്കർമ്മങ്ങൾകൊണ്ടു ദൈവത്തെ അറിയാത്ത മൂഢന്മാരുടെ വായ് അടയ്ക്കണം—."

ഓരോരുത്തർക്കും ഇരിപ്പിടത്തിൽനിന്നും അനങ്ങുവാൻ ശക്തിയുണ്ടായില്ല. ചിന്തകൾ അവരുടെമേൽ ഏണി ചാരി കയറുകയായിരുന്നു. ലീലായെയാണു് അതു ഗാഢമായി സ്പർശിച്ചതു്. അവളുടെ കൂട്ടുകാർക്കുമുണ്ടായി മാനസാന്തരം. സാറാമ്മയെ ആദ്യം പരിഹസിച്ചവർ ഇപ്പോൾ അവളുടെ മുഖത്തു നോക്കുവാൻ ധൈര്യപ്പെടുന്നില്ല. അവളുടെ വസ്ത്രധാരണരീതിയാണു് ഏററം ഉത്തമമെന്നു് ഉല്പതിഷ്ണുക്കളും അവസാനം മനംകൊണ്ടു സമ്മതിച്ചു.

* * *

"നമ്മുടെ ലീലായ്ക്കു് ഒരു നല്ല സാരി വാങ്ങുവാൻ കുറേ രൂപാ അയച്ചുകൊടുക്കണ്ടേ? അവളുടെ എഴുത്തു വന്നിട്ടു മാസം രണ്ടു കഴിഞ്ഞല്ലോ."—അച്ചാമ്മ ഓർപ്പിച്ചു.

"അധികമായില്ലല്ലോ രണ്ടുമൂന്നെണ്ണം വാങ്ങിച്ചുകൊടുത്തിട്ടു്. സാരി വിശക്കുമ്പം തിന്നുന്നോമറേറാ ഒണ്ടോ?"—പ്രതിവചിച്ചു തോമ്മസ്.

"രണ്ടു മൂന്നെണ്ണം മതിയാകുമോ കോളെജിലും മററും പഠിക്കുന്ന പെമ്പിള്ളേർക്കു്? മൂന്നു ദിവസം കൂടുമ്പഴെങ്കിലും ഒന്നു മാറണ്ടേ?"

"എന്നാൽ എന്തോ അയച്ചുകൊടുക്കണം? ഒരെണ്ണം കൂടെയാവട്ടെ. പഴയതു തന്നെ പത്തുപതിനാറില്ലേ?"

"ഒന്നാണേലും മതിയായിരിക്കും. എന്നാലും അതിത്ര ഭമനിയായിരിക്കണം. അതിനാ അവളു കൂടെക്കൂടെ എഴുതുന്നതു്."

"ഒരു ചെക്കെഴുതിയേക്കാം. തുക എന്തോ വേണം?"

"ആയിരം രൂപായുടെ ഒരു ചെക്കങ്ങെഴുതിയേക്കു്."

"ആയിരം രൂപാ ഒരു സാരിക്കു്! കൊള്ളാം കൊള്ളാം. ഇത്ര വിലയുള്ളതെന്തിനാണു്? നാളെയെങ്ങാനും അവളെ കെട്ടിക്കാൻ പോണു്?"

"അവളെന്നാ പിച്ചക്കാരത്തിപ്പെണ്ണോ മററാ ആണോ. അഞ്ചാറു ലക്ഷത്തിൻെറ അനുഭവിക്കാനൊള്ളവളല്ലേ? വാങ്ങിച്ചുകൊടു് ഒരെണ്ണം നല്ലതു്. എങ്കിലല്ലേ വല്ലവരും ചോദിക്കൂ അവൾ എവിടത്തേതാണെന്നു്."

ആ യുക്തി തോമ്മസിനു വളരെ ഇഷ്ടപ്പെട്ടു. തൻെറ ഏകപുത്രിക്കുവേണ്ടി എന്തും ചെയ്യുവാൻ അയാൾ സദാ സന്നദ്ധനായിരുന്നു. തൃശ്ശൂർ ഏതെങ്കിലും ഒരു കുബേരകുടുംബത്തിലെ യുവാവിനെക്കൊണ്ടു് അവളെ വിവാഹം ചെയ്യിച്ചാൽ തൻെറ ജന്മസാഫല്യമടഞ്ഞു എന്നാണു് അയാൾ വിചാരിച്ചിരിക്കുന്നതു്. കോളെജ് വിദ്യാർത്ഥിനികളുടെ കൂട്ടത്തിൽ ലീലായെ ജയിക്കത്തക്ക ഒരു സൗന്ദര്യറാണി ഉണ്ടാകരുതെന്നു് അയാൾക്കു നിർബന്ധവുമായിരുന്നു. കൈവിറയൽ കൂടാതെ 1000 രൂപായുടെ ഒരു ചെക്കു എഴുതി അയാൾ കോളെജിലേക്കു് അയച്ചുകൊടുത്തു.

"പുളുമടിസ്സിലക്കാരാണു്" തോമ്മസും ഭാര്യയും. 1000 രൂപായുടെ സാരി അവർ കണ്ടിട്ടില്ല. അതിനാൽ 1000 രൂപായുടെ സാരി ഉടുത്തുവരുന്ന മകളെ കാണുവാൻ അച്ചാമ്മ വെമ്പൽപൂണ്ടുനിൽക്കയാണു്. വിശ്രമവേളകളിൽ ലീലായെക്കുറിച്ചും അവളുടെ സാരിയെക്കുറിച്ചും ആയിരുന്നു അച്ചാമ്മയുടെ ദിവാസ്വപ്നങ്ങൾ. മകളുടെ എഴുത്തു രണ്ടു ദിവസങ്ങൾക്കു മുമ്പേ ലഭിച്ചു. ക്രിസ്മസ് അവധിക്കു കോളെജ് പൂട്ടി താൻ വീട്ടിലേക്കു പുറപ്പെടുന്ന ദിവസം എന്നാണെന്നു് അറിയിക്കയായിരുന്നു അതിലെ ആദ്യവാചകത്തിൻെറ ജോലി. പടിക്കൽ ബസ്സു വന്നാലുടൻ അച്ചാമ്മ ഇറങ്ങിനോക്കും ഉൽക്കണ്ഠയോടുകൂടി. വൈകുന്നേരത്തെ ബസ്സിലായിരുന്നു ലീലാ. പടിക്കൽ അതു വന്നുനിന്നു. അച്ചാമ്മയുടെ ഹൃദയത്തിൻെറ തുടിപ്പു വർദ്ധിച്ചു. ബസ്സിൽനിന്നു രണ്ടുപേർ ഇറങ്ങി. ഒന്നു് ഒരു പെൺകുട്ടി. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ അവൾക്കു്. ലീലാ അവളെയും കൂട്ടിക്കൊണ്ടു വീടിൻെറ പടിപ്പുര കടന്നു. അവരെത്തന്നെ നോക്കിനിന്ന അച്ചാമ്മയ്ക്കു് ഈർഷ്യത്തിൻെറ ഒരു തികട്ടൽ ഉണ്ടായി.

"ഈ പെണ്ണു് ഏതാടി?"—കണിയാരം പൊട്ടിക്കുന്നമട്ടിലുള്ള ഒരു ചോദ്യം. ആ സാധുബാലിക ഞെട്ടിപ്പോയി. അവളുടെ കണ്ണുകളിൽ ബാഷ്പകണങ്ങൾ പൊടിച്ചു. ഒരടി മുന്നോട്ടുവയ്ക്കുവാൻ പിന്നീടവൾക്കു കെല്പുണ്ടായില്ല. ലീലാ കൂടുതൽ പ്രശാന്തയായി. ഹൃദയമുള്ള ഒരു പെൺകടുവായാണു് അമ്മച്ചി എന്നവൾക്കറിയാം. "അമ്മച്ചി പിണങ്ങരുതു്. ഞാൻ ആലുവാ ബസ്സ്സ്റ്റാൻറിൽ വന്നപ്പോൾ അനാഥയായ ഈ ബാലികയെ അവിടെ കണ്ടു. ഇവളെക്കൂടെ എൻെറ കൂട്ടത്തിൽ കൊണ്ടുപോന്നു എന്നേയുള്ളു. ഇവളുടെ അപ്പനും അമ്മയും മരിച്ചുപോയി. ആ തക്കംനോക്കി ഇവളെയും ഇവളുടെ ഒരാങ്ങളയെയും മുതലാളി അവരുടെ താമസസ്ഥലത്തുനിന്നും ഇറക്കിവിട്ടതാണു്."

അച്ചാമ്മയുടെ ഹൃദയം ആർദ്രതകൊണ്ടു നിറഞ്ഞു. "എൻെറ മകളേ, നീ ചെയ്തതു വലിയൊരുപകാരം. ഇത്തരം കഠിനഹൃദയരായ മുതലാളികൾ മനുഷ്യരുടെ ഇടയിൽ ഉണ്ടല്ലോ എന്നു ഞാൻ ഓർത്തുപോകുന്നു. ദൈവംതന്നെ അവരുടെമേൽ നീതി നടത്തും."

ആ സാധുബാലികയെ നല്ല വസ്ത്രങ്ങൾ ഉടുപ്പിക്കുവാൻ അച്ചാമ്മതന്നെ ബദ്ധശ്രദ്ധയായി. പുതിയ വസ്ത്രങ്ങൾക്കുള്ളിൽ അവൾ ലീലായുടെ ഒരു കൊച്ചുസഹോദരിയാണെന്നു തോന്നിപ്പോകുമായിരുന്നു. "മകളേ, നിനക്കമ്മയില്ല

(ശേഷം 8-ാം പേജിൽ)


## Medical Sisters of St. Joseph

വി. യൗസേപ്പിതാവിൻെറ ആശുപത്രിസഹോദരികൾ

ഇക്കൊല്ലം ഇതേവരെ സ്വീകരിച്ചിട്ടുള്ള കുട്ടികൾക്കു പുറമേ രണ്ടു കുട്ടികളേക്കൂടി എടുക്കുന്നതാണു്. സ്കൂൾഫൈനൽ പാസായ കുട്ടികൾ മാത്രം അപേക്ഷ അയച്ചാൽ മതി. സഭയിൽ ചേർന്നു നേഴ്സിങ്ങ്, കമ്പൗണ്ടിങ്ങ് മുതലായവ പഠിക്കാൻ സന്നദ്ധത ഉള്ളവരായിരിക്കണം. ഉടൻ എഴുതുക:

Mgr. Joseph C. Panjikaran, Dharmagiri, Kothamangalam



## ഹിന്ദിശിക്ഷക്

1-ാം ഭാഗം

ഹിന്ദിപഠിക്കുവാൻ ഏററവും നല്ല പുസ്തകം. വില 8 ണ.

By Pandit C. V. Joseph R. B. V. P. H. P.

ആവശ്യപ്പെടുക.

മൂക്കന്നൂർ അനാഥശാല ഡിപ്പൊ, ബ്രോഡ്‌വെ, എറണാകുളം

പ്രഭാഷണം

# ഭക്തിയുടെ മാനദണ്ഡം

"എന്റെ സഹോദരന്മാരേ, ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ വിസ്മയിക്കേണ്ട. നാം മരണത്തിൽനിന്നു ജീവനിലേക്കു മാറിയിരിക്കുന്നുവെന്നു നമ്മുടെ സഹോദരന്മാരെ നാം സ്നേഹിക്കുന്നതുകൊണ്ടു നാം അറിയുന്നു. സ്വന്തസഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. സ്വന്തസഹോദരനെ ദ്വേഷിക്കുന്ന ഏവനും കൊലപാതകിയാകുന്നു. കൊലപാതകിയായ ഒരുവനിലും നിത്യജീവൻ വസിക്കുവാൻ കഴിവില്ല എന്നു നിങ്ങൾക്കു് അറിയാമല്ലോ. അവിടുന്നു നമുക്കുവേണ്ടി സ്വന്തം പ്രാണനെ നൽകിയതിൽനിന്നു നമ്മോടുള്ള അവിടുത്തെ സ്നേഹം നാമറിയുന്നു. നാമും സഹോദരന്മാർക്കുവേണ്ടി നമ്മുടെ പ്രാണനെ നൽകേണ്ടതു യുക്തമാകുന്നു. ലൗകികസമ്പത്തു് ഉണ്ടായിരിക്കയും മുട്ടുപാടുള്ള തന്റെ സഹോദരനെ കാണുകയും അവനോടു കരുണതോന്നാതിരിക്കയും ചെയ്യുന്നവനിൽ ദൈവസ്നേഹം ഉണ്ടായിരിക്കുന്നതു് എങ്ങനെ? എന്റെ മക്കളേ, നാം വാക്കുകളാലും നാവിനാലുമല്ല, പ്രവൃത്തികളാലും സത്യത്തിലും അന്യോന്യം സ്നേഹിക്കണം." (പന്തക്കുസ്ത 2-ാം ഞായർ; ലേഖനം 1 യോഹന്നാൻ III, 13-18).

ഇന്നത്തെ മനുഷ്യൻ ജീവിക്കുന്നതു് അപ്പംകൊണ്ടു മാത്രമല്ല, പ്രത്യുത അർദ്ധസത്യങ്ങൾകൊണ്ടു കൂടിയാകുന്നുവെന്നു സുപ്രസിദ്ധ ചിന്തകനായിരുന്ന ജി. കെ. ചെസ്റ്റർട്ടൻ പ്രസ്താവിച്ചിട്ടുണ്ടു്. വെറും അസത്യങ്ങൾക്കു—പച്ചനുണകൾക്കു—പ്രചാരം സിദ്ധിക്കുക സാദ്ധ്യമല്ല. എന്നാൽ അർദ്ധസത്യങ്ങൾക്കു—കുറേ നേരും അതിലുമധികം നുണയും സമ്മിശ്രമായിരിക്കുന്ന സിദ്ധാന്തങ്ങൾക്കു—പ്രചാരം സിദ്ധിക്കുവാൻ എളുപ്പമുണ്ടു്. കാരണം, സത്യാസത്യങ്ങളെ വിവേചിച്ചറിയുവാനും നല്ലതിനെ സ്വീകരിക്കുവാനും തീയതിനെ തിരസ്കരിക്കുവാനും തക്ക ചിന്താപ്രാഗത്ഭ്യം സാധാരണക്കാരനു കൈവന്നിട്ടുണ്ടായിരിക്കയില്ല. കമ്മ്യൂണിസ്റ്റ് സിദ്ധാന്തവും ഒരു അർദ്ധസത്യമാണെന്നു പറയാം; കുറെ പരമാർത്ഥം അതിൽ അടങ്ങിയിട്ടുണ്ടു്. സാമ്പത്തികമായ വലിയ അസമത്വങ്ങൾ ഇന്നു മാനവസമുദായത്തെ അലങ്കോലപ്പെടുത്തുന്നുണ്ടു്. ധനവാന്മാർ സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കയും ധനത്തേയും മററു സ്ഥാപിതതാല്പര്യങ്ങളേയും പരിരക്ഷിക്കയും ചെയ്യുന്നു. ദരിദ്രന്മാരാകട്ടെ പട്ടിണിയാലും മററു ക്ലേശങ്ങളാലും കഷ്ടതകളനുഭവിക്കയും തങ്ങളുടെ അധഃസ്ഥിതിയിൽത്തന്നെ എന്നും ജീവിതം തുടൎന്നുകൊണ്ടുപോകയും ചെയ്യുന്നു. വളരെയധികം സ്വത്തു ചുരുക്കംപേരുടെ കൈകളിലമൎന്നിരിക്കുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും വെറും കൈയോടെ ദാരിദ്ര്യത്തിൽ ക്ലേശിക്കുന്നു. ഈ ഭയങ്കരമായ അസമത്വം പരിഹരിക്കേണ്ടതാണെന്നു കമ്മ്യൂണിസ്റ്റുകാർ പറയുന്നുണ്ടെങ്കിൽ അതു വാസ്തവമല്ലേ? എന്നാൽ ഇതിനു അവർ നിൎദ്ദേശിക്കുന്ന മാൎഗ്ഗങ്ങൾ അബദ്ധങ്ങളാണെന്നു മാത്രമേയുള്ളു.

ഈ അസമത്വങ്ങളേയും അനീതികളേയും അകററുവാൻ സത്യവിശ്വാസികളെന്നഭിമാനിക്കുന്നവരും, കുമ്പസാരം, കുർബാന, കൊന്ത തുടങ്ങിയ ഭക്തകൃത്യാനുഷ്ഠാനങ്ങളിൽ ആമഗ്നരുമായ കത്തോലിക്കരിൽപോലും ചിലർ ശ്രമിക്കുന്നില്ലെന്നുള്ളതു് വേദനാജനകമായ ഒരു പരമാർത്ഥമാണു്. പലപ്പോഴും അവർ ദരിദ്രരുടെ നേരെ സഹതാപം പ്രകടിപ്പിക്കുന്നുണ്ടായിരിക്കാം. എന്നാൽ അതു "കഷ്ടം!" എന്നുള്ള വാക്കിൽ മിക്കപ്പോഴും അവസാനിക്കുകയല്ലാതെ പ്രവൃത്തിരൂപം കൈക്കൊള്ളാറുണ്ടോ? "ആ വീട്ടുകാരുടെ സ്ഥിതിയോർത്താൽ വളരെ കഷ്ടമാണു്! എങ്ങനെയാണു് അവർ കഴിഞ്ഞുകൂടുന്നതു്? പാവങ്ങൾ! എന്തുചെയ്യാം; എല്ലാം ദൈവനിശ്ചയം" എന്നിങ്ങനെ സഹാനുഭൂതിയുടെ ബഹിഃസ്ഫുരണങ്ങൾ നാവിൽ മാത്രമായി കഴിഞ്ഞുകൂടുന്നവരും, മനുഷ്യർ തന്നെ വരുത്തിവെച്ചിട്ടുള്ള കടുത്ത അനീതികൾ നീതിസ്വരൂപനായ ദൈവത്തിന്റെമേൽ കെട്ടിയേല്പിച്ചു് കൃതാർത്ഥതയടയുന്നവരും ധാരാളമില്ലേ? പട്ടിണിക്കു പരിഹാരം കണ്ടെത്തുവാനും അതിനെ ഭൂമുഖത്തുനിന്നു ഉച്ചാടനം ചെയ്യുവാനും അങ്ങനെ മനുഷ്യരുടെ ക്ലേശങ്ങൾക്കു ഒരറുതിവരുത്തുവാനും പരസ്നേഹത്താൽ പ്രേരിതരായി കോൺഫറൻസുകൾ കൂടുകയും പദ്ധതികൾ ആലോചിക്കയും ചെയ്യുന്ന പല നേതാക്കന്മാരും നാവുകൊണ്ടുള്ള ചില കസർത്തുകൾ കാണിക്കയും കടലാസ്സിൽ മാത്രം നിത്യവിശ്രമം കൊള്ളുന്ന ചില നിൎദ്ദേശങ്ങൾ സമൎപ്പിക്കയുമല്ലാതെ പ്രവൃത്തിരൂപത്തിൽ എന്താണു ചെയ്തിട്ടുള്ളതു്! ഇവരോടെല്ലാം വി. യോഹന്നാൻ ഇന്നത്തെ ലേഖനത്തിൽ പറയുന്നു: "സ്വന്തം സഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.... ലൗകികസമ്പത്തുണ്ടായിരിക്കയും മുട്ടുപാടുള്ള തന്റെ സഹോദരനെ കാണുകയും അവനോടു കരുണതോന്നാതിരിക്കയും ചെയ്യുന്നവനിൽ ദൈവസ്നേഹം ഉണ്ടാകുന്നതെങ്ങനെ? എന്റെ മക്കളേ, നാം വാക്കുകളാലും നാവിനാലുമല്ല, പ്രവൃത്തികളാലും സത്യത്തിലും അന്യോന്യം സ്നേഹിക്കണം."

നാമെല്ലാവരും ദൈവത്തെ അറിഞ്ഞു സ്നേഹിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവരാണു്. ഈ ദൈവസ്നേഹം ഒരുവനിൽ കുടികൊള്ളുന്നുണ്ടോ എന്നറിയുന്നതിനുള്ള ഏററവും ശരിയായ മാനദണ്ഡവും ഉരകല്ലുമാണു് പരസ്നേഹപ്രവൃത്തികൾ. കാണപ്പെടുന്ന മനുഷ്യനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുണ്ടെന്നു പറയുന്നുവെങ്കിൽ അതു പച്ചനുണയാണെന്നു വി. യോഹന്നാൻതന്നെ സമർത്ഥിക്കുന്നുണ്ടു്. ദിവ്യപൂജയിൽ സംബന്ധിച്ചും ദിവ്യകാരുണ്യം സ്വീകരിച്ചും ദൈവസ്നേഹത്തിൽ നിമഗ്നനായി ദേവാലയത്തിൽനിന്നു വീട്ടിലേക്കു തിരിച്ചെത്തുന്ന ഒരു ധനവാനായ ഭക്താത്മാവു അയൽവീടുകളിലെ പട്ടിണിയുടേയും ക്ലേശങ്ങളുടേയും നേരെ കണ്ണടച്ചുകളയുന്നുവെങ്കിൽ അയാളുടെ ഭക്തിയും ദൈവസ്നേഹവും ചോദ്യംചെയ്യപ്പെടേണ്ടതല്ലേ? തനിക്കു സഹായിക്കുവാൻ കഴിവുണ്ടായിട്ടും അന്യനെ സഹായിക്കാത്ത ഭക്താത്മാവായ ഒരു ധനാഢ്യൻ പ്രത്യേകം മനസ്സിലാക്കേണ്ട ഒരു പരമാർത്ഥമുണ്ടു്: അതായതു്, അയാൾ ഒരു വലിയ പാപമാണു ചെയ്യുന്നതെന്നു്. "ധനവാൻ മരിച്ചു നരകത്തിൽ അടക്കപ്പെട്ടു." കാരണം? വി. ആഗുസ്തീനോസ് പറയുന്നു, ദരിദ്രനായ ലാസറിനെ സഹായിക്കാത്തതുകൊണ്ടാണെന്നു്. "ശപിക്കപ്പെട്ടവരേ...നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു, നിങ്ങളെനിക്കു ഭക്ഷിപ്പാൻ തന്നില്ല..." എന്നുള്ള വിധിവാചകത്തിലും നരകത്തിൽ പോകുവാൻ മാത്രം ഗൗരവമുള്ള കുററമാണു് പരന്മാരെ അവരുടെ അത്യാവശ്യങ്ങളിൽ സഹായിക്കാതിരിക്കുന്നതെന്നു സ്പഷ്ടമായി കാണുന്നു. ഈ വാസ്തവം ധനവാന്റെ ഹൃദയത്തിൽ ആഴമായി പതിയട്ടെ. എനിക്കിഷ്ടമുണ്ടെങ്കിൽ മാത്രം അന്യരെ സഹായിച്ചാൽ മതിയെന്നു ആരും വിചാരിച്ചുപോകരുതു്. "കരുണ കാണിക്കാത്തവന്റെമേൽ കരുണയില്ലാത്ത വിധിയുണ്ടാകും." (യാക്കോ. II, 13)

പഴയ നിയമത്തിൽ പുറപ്പാടിന്റെ പുസ്തകത്തിൽ, ഏഴുകൊല്ലത്തിലൊരിക്കൽ നിലം കൃഷിചെയ്യാതെ സാധുക്കൾക്കായി വിട്ടുകൊടുക്കണമെന്നും ലേവായക്കാരുടെ പുസ്തകത്തിൽ നിലം കൊയ്യുമ്പോൾ കുറച്ചു ഭാഗം കൊയ്യാതെ നിറുത്തി സാധുക്കൾക്കായി കൊടുക്കണമെന്നും അനുശാസിക്കുന്നുണ്ടു്. ഇസയ്യാസ് ദീർഘദർശിയുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "നിന്റെ അപ്പം ദരിദ്രർക്കു കൊടുക്കുക; അഗതികളേയും പാർപ്പിടമില്ലാത്തവരേയും നിന്റെ വീട്ടിൽ സ്വീകരിക്കുക; നഗ്നനായി ഒരുവനെ കാണുമ്പോൾ നിന്റെ സ്വന്തം ജഡമായ അവനെ പുച്ഛിക്കാതെ അവനെ വസ്ത്രം ധരിപ്പിക്കുക." (Lviii 7). ക്രിസ്തുവിന്റെ ആഗമനത്തോടുകൂടിയാണു് പരസ്നേഹപ്രവൃത്തികൾക്കു പ്രഥമസ്ഥാനം നൽകപ്പെട്ടതു്. മനുഷ്യവ്യക്തിയുടെ സ്ഥാനവും മാഹാത്മ്യവും—അവൻ ദൈവത്തിന്റെ പ്രതിച്ഛായയാണു്, ദൈവത്തിന്റെ പുത്രനാണു്, മിശിഹായുടെ സഹോദരനാണു് എന്നിങ്ങനെയുള്ള തത്വങ്ങൾ—കൂടുതൽ സ്പഷ്ടമായപ്പോൾ പരസ്നേഹത്തിന്റെ ആവശ്യകതയും കടമയും ഗൗരവതരമായിത്തീൎന്നു.

വട്ടമുള്ള കുളമായാലും വെള്ളംവന്നു കെട്ടിനിൽക്കുമ്പോൾ തീരം പൊട്ടുകയും വെള്ളമെല്ലാം വാൎന്നുപോകുകയും ചെയ്യും. എന്നാൽ ഓവുവെച്ചുകൊണ്ടു കുറേശ്ശെയായി പുറത്തു വിട്ടുകൊണ്ടിരുന്നാൽ കുളത്തിലെ വെള്ളം സുസ്ഥിരമായിരിക്കും. ഇതുപോലെതന്നെ ധനവാന്മാർ ദാനധർമ്മമാകുന്ന ഓവിൽക്കൂടി ധനം കുറേശ്ശെ പുറത്തു വിട്ടുകൊണ്ടിരിക്കണം. അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ സുസ്ഥിതിക്കു അതുപകരിക്കുന്നതാണു്. കൂടാതെ ധനവാന്മാർ വിൽപത്രമെഴുതുമ്പോൾ, എത്ര സ്വത്തുണ്ടായാലും അതുമുഴുവനും കളത്രപുത്രാദികൾക്കുമാത്രം എന്നുള്ള സ്വാർത്ഥമനസ്ഥിതി കൈവിട്ടുകൊണ്ടു്, ദരിദ്രർക്കു സഹായം നൽകുന്നതിനുള്ള ഏൎപ്പാടുകൾ ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ടൈററസ് ചക്രവൎത്തി ഒരു സാധുവിനെ സഹായിക്കാതെ ഒരു ദിവസവും വിട്ടുകളഞ്ഞിരുന്നില്ല. ഏതെങ്കിലും ഒരു ദിവസം അങ്ങനെ സഹായിക്കാതിരുന്നാൽ "ഒരു ദിവസം ഞാൻ നഷ്ടമാക്കിക്കളഞ്ഞല്ലോ!" (Diem perdidi) എന്നു അദ്ദേഹം വിലപിച്ചിരുന്നു. ഇതുപോലെതന്നെ നിദ്രയ്ക്കുമുമ്പു രാത്രിയുടെ പ്രശാന്തതയിൽ കഴിഞ്ഞുപോയ ദിനകൃത്യങ്ങളെക്കുറിച്ചു ആത്മസംശോധനം നടത്തുമ്പോൾ എല്ലാ ദിവസവും ആർക്കെങ്കിലും സഹായം ചെയ്വാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള കൃതാർത്ഥത നമുക്കു സമാശ്വാസം നൽകട്ടെ.

(ജെ. ചെമ്മണൂർ)

പുസ്തകാഭിപ്രായം

## ഒരാത്മാവിന്റെ കപ്പൽയാത്ര

(പരിഭാഷകൻ: ജെ. വലിയപറമ്പിൽ. സെൻറ ജോസഫ്സ് പ്രസ്സ്, തിരുവല്ല. പക്ഷം 38. വില 4 ണ.)

ഫാദർ ആൽബെർട്ടു മുത്തുമല എസ്. ജെ. ഇംഗ്ലീഷുഭാഷയിൽ എഴുതിയിട്ടുള്ള The Cruise of a Soul എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണു് "ഒരാത്മാവിന്റെ കപ്പൽയാത്ര." സത്യാന്വേഷണസംരംഭങ്ങളിലേർപ്പെടുന്നവർക്കു് ഉണ്ടാകാവുന്ന പ്രതികൂലസാഹചര്യങ്ങളേയും മാനസികമായ അസ്വാസ്ഥ്യതകളേയും ധൈര്യപൂർവ്വം അഭിമുഖീകരിച്ചു ജീവിതമാകുന്ന പ്രക്ഷുബ്ധസാഗരത്തിലെ പാറക്കെട്ടുകളിൽ മുട്ടി ഉടഞ്ഞുപോകാതെ സത്യാന്വേഷണസംരംഭമാകുന്ന കപ്പലിൽ നിർബാധം യാത്രചെയ്തു കത്തോലിക്കാസഭയാകുന്ന സമാധാനത്തിന്റെ തുറമുഖത്തു് അവർ എത്തിച്ചേരുന്നതിനു് "ഒരാത്മാവിന്റെ കപ്പൽയാത്ര" ഉപകരിക്കുമെന്നുള്ള പ്രതീക്ഷയോടെയാണു് ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തിയതെന്നു് പരിഭാഷകൻ പ്രസ്താവിച്ചിരിക്കുന്നു. മഹത്തായ ഈ ആദർശത്തെ മനോഹരമായി ഈ പരിഭാഷയിൽ ചിത്രീകരിച്ചിട്ടുണ്ടു്. പരർക്കു നന്മ ചെയ്യുവാനുള്ള പരിഭാഷകന്റെ ഈ ആഗ്രഹം സാധിതമാകണമെങ്കിൽ ഈ ഗ്രന്ഥം പലരും വാങ്ങിക്കുകയും സംശയക്ലേശാദികളിൽ മുഴുകിക്കിടക്കുന്നവർക്കു വാങ്ങിച്ചു അയച്ചുകൊടുക്കുകയും വേണം. അങ്ങനെ ഒരാത്മാവു് അനന്തതുറമുഖമെത്തുമെങ്കിൽ പരിഭാഷകൻ കൃതകൃത്യനാകുമായിരിക്കും. എന്നാൽ അനേകർ അപ്രകാരം സംസാരസിന്ധുവിലെ ഈ കപ്പൽയാത്ര വിജയപൂർവ്വം കഴിച്ചു തുറമുഖത്തെത്തട്ടെ എന്നാണു് എന്റെ ആശംസ. അതിൽ കൂടുതലായി ഈ ലഘുലേഖയ്ക്കു് എന്തു മംഗളമാണു് ആശംസിക്കാവുന്നതു്.

T. M.

## ഫ്രാൻസിസ് സേവ്യർ

(പരിഭാഷകൻ ജെ. വലിയപറമ്പിൽ. സെൻറ ജോസഫ്സ് പ്രിൻറിങ്ങ ഹൗസ്, തിരുവല്ല. പക്ഷം 71. വില 8 ണ.)

സുവിശേഷത്തെപ്രതി ബന്ധുമിത്രാദികളെ പരിത്യജിച്ചു കരയും കടലും കടന്നു നമ്മുടെ മാതൃഭൂമിയിലെത്തി ഭാരതത്തിന്റെ ദ്വിതീയാപ്പസ്തോലനായി വിലസുന്ന വി. ഫ്രാൻസീസു സേവ്യറിന്റെ സംഭവബഹുലമായ ജീവചരിത്രത്തെ സംക്ഷേപിച്ചു സുപ്രസിദ്ധ പണ്ഡിതനായ ഫാദർ സി. സി. മാർട്ടിന്റെയിൽ എഴുതിയിട്ടുള്ള ഒരു ലഘുലേഖയുടെ പരിഭാഷയാണു "ഫ്രാൻസീസു സേവ്യർ". വിശുദ്ധനോടുള്ള ഭക്തിയാൽ പ്രേരിതനായി കഴിഞ്ഞ ഡിസമ്പർമാസത്തിൽ ഗോവായിലെത്തി വിശുദ്ധന്റെ കബറിടം സന്ദർശിച്ച തിരുവല്ലാ അഡ്മിനിസ്റ്റ്രേറർ മാർ സെവേരിയോസു തിരുമേനിയാണു് അവതാരിക എഴുതിയിരിക്കുന്നതു്. തിരുമേനി പറയുന്നു: "ലളിതസുന്ദരമായ ഭാഷയിലും സരസകോമളമായ രീതിയിലും എഴുതപ്പെട്ടിട്ടുള്ള "ഫ്രാൻസീസു സേവ്യർ" എന്ന ഈ ലഘുഗ്രന്ഥം വായിക്കുന്ന ഒരുവനിലെങ്കിലും ഈ വിശുദ്ധനിൽ പ്രശോഭിച്ചിരുന്ന ഉൽകൃഷ്ടഗുണഗണങ്ങളുടെ ഒരു കണികയെങ്കിലും ഉണ്ടാകാതിരിക്കുകയില്ലെന്നാണു നമ്മുടെ പ്രതീക്ഷ." ആത്മരക്ഷയുടെ പ്രാധാന്യത്തെ വേണ്ടപോലെ ഗ്രഹിച്ചു പരിത്യാഗശീലത്തിന്റെയും വിപദി ധൈര്യത്തിന്റെയും മാതൃകയായ വിശുദ്ധ ഫ്രാൻസിസു സേവിയറിന്റെ സുന്ദരമായ ഈ ജീവിതചരിത്രം ആദ്ധ്യാത്മികജീവിതത്തിൽ നഷ്ടധൈര്യരായി കാണപ്പെടുന്ന ആധുനികൎക്കു കൈകണ്ട ഔഷധമാണു്. ഉത്തമമായ വേല ഉത്തമമായി നിൎവ്വഹിച്ച പരിഭാഷകനു കൂപ്പുകൈ.

T. M.

## ദുഃഖിതന്മാർ ഭാഗ്യവാന്മാർ

(ഫാദർ ലാസർ സി. ഡി. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.)

"മതതത്വബോധിനി" 11 ഭാഗങ്ങളുടേയും, "തൊഴിലാളികളോടു്", "തിരുസ്സഭാംബിക," "പാരമ്പര്യസ്തവം", "ധ്വസ്തരത്നം" എന്നീ നാലു "കുസുമ"ങ്ങളുടേയും കർത്താവെന്നനിലയിൽ പ്രസിദ്ധനായിത്തീൎന്നിരിക്കുന്ന റവ. ഫാദർ ലാസർ സി. ഡി., ബി. എ. എൽ. ടി. രചിച്ചിട്ടുള്ള ഒരു പുതിയ പുസ്തകമാണു് "ദുഃഖിതർ ഭാഗ്യവാന്മാർ". "കുരിശുകളുടെ രഹസ്യം", "ശത്രുസ്നേഹം", "ഒരു കോളിളക്കം", "പുഞ്ചിരി" ആദിയായി ആലോചനാമൃതങ്ങളും അനുവാചകൎക്കു ആശ്വാസദായകങ്ങളുമായ ഇരുപത്തൊന്നു അദ്ധ്യായങ്ങൾ ഇതിലുണ്ടു്. അനുദിനസംഭവങ്ങളെ ആധാരമാക്കിയുള്ള ഉദാഹരണങ്ങളും ലളിതവും ഹൃദ്യവുമായ പ്രതിപാദനരീതിയും ഇതിനെ പണ്ഡിതപാമരഭേദമെന്യേ ആർക്കും വായിച്ചു ഗ്രഹിക്കാവുന്ന ഒരു ഗ്രന്ഥമാക്കിത്തീർത്തിരിക്കുന്നു. ദുരിതങ്ങളുടെ നടുവിൽക്കൂടി ജീവിതയാത്ര തുടരുന്നതിനു നിർബദ്ധരായിരിക്കുന്ന വ്യക്തികൾക്കു ഈ ഗ്രന്ഥം ആശ്വാസത്തിന്റെ ചൂണ്ടുപലകയായിരിക്കും. തപ്തഹൃദയങ്ങളിൽ സംതൃപ്തി പകരുന്നതിനായുള്ള ഫാദർ ലാസറിന്റെ ഈ സദുദ്യമം സർവ്വതോമുഖമായ വിജയംവരിക്കട്ടെയെന്നാണു് അസ്മാദൃശന്മാരുടെ അകമഴിഞ്ഞ പ്രാർത്ഥന.

P. I. J.

## കുരിശു ലണ്ടനിലേക്ക്

10 അടി ഉയരവും 5 അടി വീതിയുമുള്ളതും ക്രിസ്തുനാഥൻ തൂങ്ങിമരിച്ച സാക്ഷാൽ കുരിശിന്റെ അവശിഷ്ടം സംവഹിക്കുന്നതുമായ ഒരു വലിയ കുരിശും വഹിച്ചുകൊണ്ടു് കഴിഞ്ഞ ദുഃഖശനിയാഴ്ച ആരംഭിച്ച പ്രദക്ഷിണം സിറിയായും ലെബനാനും കടന്നു റോമിലെത്തി. പരിശുദ്ധ പിതാവിന്റെ ആശീർവ്വാദം വാങ്ങിയശേഷം വീണ്ടും പുറപ്പെട്ടു. ഫ്രാൻസിലും ബൽജിയത്തിലും കൂടി പ്രസ്തുത കുരിശു ലണ്ടനിലേക്കു കൊണ്ടുപോകുന്നതാണു്. അവിടെ നിന്നും ഒരുപക്ഷേ ഡബ്ളിനിലേക്കും അമേരിക്കൻ ഐക്യനാടുകളിലേക്കും അതു സംവഹിക്കപ്പെടാനിടയുണ്ടു്.

വിമർശനവീഥി

# ഒരുതരം ഭൗതികവാദത്തേയും സയൻസ് പിന്താങ്ങുന്നില്ല

"ജയഭാരതം" ദ്വൈമാസികത്തിന്റെ ഏപ്രിൽലക്കത്തിലെ "സൗന്ദര്യം" എന്ന ലേഖനത്തിൽനിന്നു് ഒരു മാന്യൻ താഴെ ഉദ്ധരിക്കുന്ന ഭാഗം പകർത്തി ഞങ്ങൾക്കയക്കുകയും അതിനെപ്പററിയുള്ള "ഒരു വിമർശം സത്യദീപത്തിൽ കണ്ടാൽക്കൊള്ളാമെന്നു ആഗ്രഹിക്കുകയും" ചെയ്തിരിക്കുന്നു.

"ഊഹത്തിൽമാത്രം നിലയുറപ്പിക്കുന്ന ഭൗതികവാദം പരാജയപ്പെട്ടതിനുശേഷം ശാസ്ത്രീയമായ ഭൗതികവാദം ജന്മമെടുത്തിരിക്കയാണിപ്പോൾ. വിമർശകന്മാർ ഈയിടെയായി ഭൗതികവാദം തകർന്നു, ഈശ്വരൻ പുനഃസ്ഥാപിക്കപ്പെട്ടു, ആത്മാവും ഉയർത്തെണീററിരിക്കുന്നു, എന്നൊക്കെ അവകാശപ്പെടാറുണ്ടു്. വാസ്തവത്തിൽ മനസ്സിനേയും ആത്മാവിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായിക്കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുവാൻ തുടങ്ങുകയും ചെയ്യുന്ന സയൻസാണു് ഇരുപതാം ശതകത്തിലുള്ളതു്. ഈ അത്ഭുതകരവും ആശ്വാസപ്രദവും ആയ അന്തരീക്ഷത്തിലേക്കു ശാസ്ത്രത്തെ നയിക്കുന്ന വിഷയത്തിൽ ഡാർവ്വിനും ഫ്റോയ്ഡിനും പാവ്ലോവിനും ഐൻസ്റ്റീനും മഹത്തായ പങ്കുണ്ടായിട്ടുണ്ടു്."

### ഭൗതികവാദം ഊഹമാത്രം

ഈ ഉദ്ധരണിയിൽ പറയുന്ന രണ്ടുതരം ഭൗതികവാദത്തിൽ (Materialism) ഊഹത്തിൽമാത്രം നിലയുറപ്പിക്കുന്നതും അതിനാൽ പരാജയപ്പെട്ടതുമായ ഭൗതികവാദമാണല്ലോ ഒരുതരം. ശാസ്ത്രീയമായ (Scientific) ഭൗതികവാദം മറേറതരവും. ആദ്യത്തെ ഭൗതികവാദം പതിനേഴു പതിനെട്ടു നൂററാണ്ടുകളിൽ ശക്തി പ്രാപിച്ചിരുന്നു. പദാർത്ഥം (Matter), അതിന്റെ ശക്തി (Energy) എന്നിവ രണ്ടുമാത്രമേ മൗലികമായി സ്ഥിതിചെയ്യുന്നുള്ളുവെന്നും, പ്രപഞ്ചത്തിൽ കാണുന്ന സകല വസ്തുക്കളും ജീവികളും ഈ രണ്ടു മൗലികഘടകങ്ങളുടെ നാനാപ്രകാരങ്ങളായ സംയോജനത്തിന്റേയും പ്രവർത്തനത്തിന്റേയും ഫലംമാത്രമാണെന്നും, പദാർത്ഥത്തിൽനിന്നു വിഭിന്നമായ പ്രകൃതിയോടും ലക്ഷണങ്ങളോടും കൂടിയ ആത്മാവു് എന്നൊന്നില്ലെന്നും, തന്മൂലം ദൈവത്തിലും ആത്മാവിലും അനന്തരജീവിതത്തിലും മററുമുള്ള വിശ്വാസം കേവലം അന്ധമാണെന്നും പ്രസ്തുത ഭൗതികവാദം പഠിപ്പിച്ചിരുന്നു. അന്നത്തെ സയൻസിന്റെ നാമത്തിലാണു് അങ്ങനെ പഠിപ്പിച്ചിരുന്നതു്. പ്രസ്തുതപഠനം "ഊഹത്തിൽമാത്രം നിലയുറപ്പിക്കുന്ന" ഒന്നായിരുന്നുവെന്നുള്ളതു യഥാർത്ഥംതന്നെ.

സയൻസിന്റെ പ്രതിപാദനവിഷയം പദാർത്ഥവും അതിന്റെ ശക്തിയുംമാത്രമാകയാൽ, പ്രകൃതിയിലും ലക്ഷണങ്ങളിലും പദാർത്ഥത്തിൽനിന്നു വിഭിന്നമായ ആത്മാവു് സയൻസിന്റെ പരിധിക്കപ്പുറം കിടക്കുന്നതിനാൽ, പദാർത്ഥവും അതിന്റെ ശക്തിയും മാത്രമേ സ്ഥിതി ചെയ്യുന്നുള്ളുവെന്നു സയൻസു് കൈകാര്യം ചെയ്തിരുന്ന ചിലർ "ഊഹിച്ച"തിൽ ആശ്ചര്യമില്ലല്ലോ. എന്നാൽ പ്രപഞ്ചത്തിൽ കാണുന്നതും സയൻസുതന്നെ കണ്ടുപിടിച്ചിട്ടുള്ളതുമായ വ്യാപാരങ്ങളെ ബുദ്ധിയുപയോഗിച്ചു പരിശോധിക്കുമ്പോൾ, പദാർത്ഥവും അതിന്റെ ശക്തിയും മാത്രമല്ല സ്ഥിതിചെയ്യുന്നതെന്നും പ്രകൃതിയിലും ലക്ഷണങ്ങളിലും അവയിൽനിന്നു ഭിന്നമായ ആത്മാവും പ്രപഞ്ചത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നും സമ്മതിക്കേണ്ടതാണെന്നു തത്വശാസ്ത്രജ്ഞന്മാർ (Philosophers) യുക്തിയുക്തം സമർത്ഥിച്ചിട്ടുണ്ടു്. സയൻസു് എന്ന പദത്തിന്റെ അർത്ഥം ജ്ഞാനം എന്നാണല്ലോ. ഈ അർത്ഥത്തിൽ തത്വശാസ്ത്രവും (Philosophy) ഒരു സയൻസുതന്നെയാണു്. സയൻസു എന്നുമാത്രം സാധാരണയായി വിളിക്കപ്പെടുന്ന നാനാതരം പ്രകൃതിശാസ്ത്രങ്ങളുടെ പ്രതിപാദനവിഷയം ഒന്നു വേറെ, തത്വശാസ്ത്രത്തിന്റെ പ്രതിപാദനവിഷയമൊന്നു വേറെ എന്ന വ്യത്യാസമേയുള്ളു. തത്വശാസ്ത്രജ്ഞന്മാർ അനിഷേധ്യങ്ങളായ ന്യായവാദങ്ങളാൽ ആത്മാവിന്റേയും, ദൈവത്തിന്റേയും, അനന്തരജീവിതത്തിന്റേയും മററും അസ്തിത്വം തെളിയിച്ചിട്ടുള്ളതുകൊണ്ടു്, ആ ന്യായങ്ങളെ ഖണ്ഡിക്കുവാൻ എതിരാളികൾക്കു സാദ്ധ്യമല്ലാത്തതുകൊണ്ടു്, ഭൗതികവാദത്തിന്റെ നിഷേധങ്ങൾ കേവലം "ഊഹത്തിൽമാത്രം നിലയുറപ്പിക്കുന്ന"താണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

### ഭൗതികവാദത്തെ സയൻസ് പിന്താങ്ങുന്നില്ല

തത്വജ്ഞന്മാർ മാത്രമല്ല, ശാസ്ത്രജ്ഞന്മാർതന്നെയും, അതും ഒന്നാംകിടയിൽ നില്ക്കുന്ന ശാസ്ത്രജ്ഞന്മാർ, ഭൗതികവാദത്തെ നിഷേധിക്കുകയും ആത്മാവിന്റേയും ദൈവത്തിന്റേയും അനന്തരജീവിതത്തിന്റേയും മററും അസ്തിത്വം സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. അതിനു തെളിവു് 17, 18 നൂററാണ്ടുകളിലെ ശാസ്ത്രജ്ഞന്മാരിൽ മഹാഭൂരിപക്ഷവും മതവിശ്വാസികളായിരുന്നുവെന്നതുതന്നെ. കഴിഞ്ഞ നൂററാണ്ടിലെ ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യരിൽപ്പെട്ട കെൽവിൻ പ്രഭു തന്റെ നാമത്തിൽ മാത്രമല്ല, സയൻസിന്റെ നാമത്തിൽതന്നെ സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വം പ്രഖ്യാപിച്ചിട്ടുണ്ടു്. "സയൻസു് സൃഷ്ടിശക്തിയെ സമ്മതിച്ചു പറയുന്നു; അതൊരു വിശ്വാസസത്യമായി സ്വീകരിക്കുവാൻ സയൻസു് നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു."

ബർലിൻ സർവ്വകലാശാലയിലെ ഒരു പ്രൊഫസറായിരുന്ന ക്രോണിഗ് (Kronig) പറയുന്നതു കേട്ടാലും:

"പ്രപഞ്ചത്തിൽ ഒരു ബുദ്ധിശക്തിയുടെ അസ്തിത്വം ബുദ്ധിയുള്ള യാതൊരു മനുഷ്യനും സംശയിക്കുകയില്ലെന്നാണു് എന്റെ വിശ്വാസം; മാഗ്നററിസത്തിന്റെ അസ്തിത്വം യാതൊരു പ്രകൃതിശാസ്ത്രജ്ഞനും നിഷേധിക്കാത്തതുപോലെ. ഇങ്ങനെയിരിക്കെ, ബുദ്ധിയുടെ വ്യാപാരത്താൽമാത്രം സംഭവിക്കാൻ കഴിയുന്നതാണെന്നു ഏററവും ഉചിതമായി സംശയലേശമെന്യേ വ്യാഖ്യാനിക്കപ്പെടാവുന്ന വസ്തുതകളെ വ്യാഖ്യാനിക്കുവാൻ മനുഷ്യർ ബുദ്ധിയെ ഉപയോഗിക്കാത്തതെന്തുകൊണ്ടെന്നു് എനിക്കു മനസ്സിലാകുന്നില്ല."

ബോയിൽ (R. Boyle) എന്ന ശാസ്ത്രജ്ഞൻ പറയുന്നതു കേട്ടാലും:

"ദൈവത്തിന്റെ കരം കണ്ടെത്താതെ സൃഷ്ടിയുടെ രഹസ്യങ്ങളെപ്പററിയുള്ള ജ്ഞാനത്തിലേക്കു യഥാർത്ഥശാസ്ത്രജ്ഞരു ഒരിക്കലും പ്രവേശിക്കുവാൻ സാദ്ധ്യമല്ല."

ലീബിഗ് (Liebig) എന്ന ശാസ്ത്രജ്ഞൻ പറയുന്നു:

"ഒരു ഇല അല്ലെങ്കിൽ ഒരു പുഷ്പം രാസശക്തികളാൽ(Chemical forces) രൂപീകൃതമാകുവാനോ വളർച്ചയിലെത്തുവാനോ കഴിയുമെന്നു വിശ്വസിക്കുന്നതിനെക്കാൾ ഞാൻ തയ്യാറുള്ളതു്, രസതന്ത്രത്തെയോ സസ്യശാസ്ത്രത്തെയോ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥത്തിനു മൃതപദാർത്ഥത്തിൽനിന്നു വളർന്നുവരുവാൻ സാധിക്കുമെന്നു വിശ്വസിക്കാനാണു്."

ഡാർവ്വിൻതന്നെയും ഭൗതികവാദത്തെ ഇപ്രകാരം നിഷേധിക്കുന്നു:

"പ്രകൃതിസംഭവങ്ങളുടെ ഈ മഹത്തായ അനുഗമനം അന്ധവും യാദൃച്ഛികവുമായ പ്രവർത്തനങ്ങളുടെ ഫലമാണെന്നു വിശ്വസിക്കുവാൻ മനസ്സു വിസമ്മതിക്കുന്നു. അത്തരം ഒരനുമാനത്തെ ബുദ്ധി പ്രതിഷേധിക്കുന്നു."

### പുതിയ സയൻസും ഭൗതികവാദത്തെ നിഷേധിക്കുന്നു

ഈശ്വരനേയും ആത്മാവിനേയും 20-ാം നൂററാണ്ടിലെ സയൻസു് നിഷേധിക്കുന്നുവെന്നാണല്ലോ "ജയഭാരത" ലേഖകൻ പ്രസ്താവിക്കുന്നതു്. ഇവിടെയും സയൻസും സയൻസു് പണ്ഡിതന്മാരും തമ്മിലുള്ള വ്യത്യാസം അനുസ്മരിക്കേണ്ടിയിരിക്കുന്നു. 20-ാം നൂററാണ്ടിലെ സയൻസു് പണ്ഡിതന്മാരിൽ ചിലരും, മുൻനൂററാണ്ടുകളിലെ സയൻസു് പണ്ഡിതന്മാരെപ്പോലെ, ദൈവത്തേയും ആത്മാവിനേയും നിഷേധിക്കുന്നുണ്ടെന്നു സമ്മതിക്കാം. എന്നാൽ അതുകൊണ്ടു് അവയെ സയൻസു നിഷേധിക്കുന്നുവെന്നു പറഞ്ഞുകൂടാ. സയൻസു് എന്നു പറയുമ്പോൾ സയൻസു് പണ്ഡിതന്മാർ മിക്കവാറും എല്ലാവരും ഉൾപ്പെടുന്നു. മാത്രമല്ല, സയൻസു് അതിന്റെ സ്വഭാവത്താൽതന്നെ നിഷേധിക്കുന്നുവെന്നും അർത്ഥമാകും. എന്നാൽ മുകളിൽ സൂചിപ്പിച്ചതുപോലെ ദൈവം, ആത്മാവു് മുതലായ അഭൗതികങ്ങൾ സയൻസിന്റെ പ്രതിപാദനപരിധിക്കു് അപ്പുറത്തുള്ളതാകയാൽ സയൻസിന്റെ നാമത്തിൽ അവയുടെ നിഷേധം അവകാശപ്പെടാൻ ന്യായമില്ല. ഇനി ഇരുപതാം നൂററാണ്ടിലെ സയൻസു് പണ്ഡിതന്മാരെത്തന്നെ എടുക്കുക. എന്നാലും കാണാം അവരിൽ ബഹുഭൂരിപക്ഷവും ദൈവത്തിലും ആത്മാവിലും വിശ്വാസമുള്ളവരാണെന്നും തന്മൂലം ഭൗതികവാദത്തെ നിഷേധിക്കുന്നവരാണെന്നും. ഇതിനൊരു ദൃഷ്ടാന്തം പറയാം. സി. എൽ. ഡ്റാബ്രിഡ്ജ് (C. L. Drawbridge, M. A.) എന്ന പണ്ഡിതൻ ഇംഗ്ലണ്ടിലെ റോയൽ സൊസൈററിയെന്ന ശാസ്ത്രജ്ഞസംഘത്തിലെ അംഗങ്ങളെല്ലാവരോടും മതത്തെപ്പററിയുള്ള അവരുടെ അഭിപ്രായങ്ങൾ പ്രകാശിപ്പിക്കുവാൻ ആവശ്യപ്പെട്ടു. അവർക്കദ്ദേഹം അയച്ച ചോദ്യങ്ങളിലൊന്നു് "യേശുക്രിസ്തു പഠിപ്പിച്ചവിധത്തിലുള്ള ഒരു പുരുഷാത്മകനായ ദൈവത്തിന്റെ അസ്തിത്വം സയൻസു് നിഷേധിക്കുന്നുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നോ?" എന്നായിരുന്നു. സംഘത്തിലെ 26 അംഗങ്ങൾ മറുപടി പറഞ്ഞു, സയൻസു അതു നിഷേധിക്കുന്നുണ്ടെന്നു്; 103 അംഗങ്ങൾ മറുപടി പറഞ്ഞതു്, സയൻസു് അതു നിഷേധിക്കുന്നില്ലെന്നാണു്. വേറൊരു ചോദ്യം ഇങ്ങനെയായിരുന്നു: "ശാസ്ത്രീയചിന്തയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ആശ്ചര്യകരങ്ങളായ വികാസങ്ങൾ മതവിശ്വാസത്തിനു് അനുകൂലങ്ങളാണെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ?" വിചാരിക്കുന്നില്ലെന്നു 27 പേരും, വിചാരിക്കുന്നുണ്ടെന്നു 99 പേരും മറുപടി പറഞ്ഞു. ഇതുപോലുള്ള മറുപടികളെല്ലാം ഉള്ളടക്കി മി. ഡ്റാബ്രിഡ്ജ് "ശാസ്ത്രജ്ഞന്മാരുടെ മതം" (Religion of Scientists) എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥം പരസ്യംചെയ്യുകയുമുണ്ടായി. 1931-ലോ മറേറാ ആണു് ഈ പ്രശ്നോത്തരങ്ങൾ നടന്നതു്. 20-ാം നൂററാണ്ടിലാണെന്നു തീർച്ചതന്നെ. പ്രശ്നോത്തരങ്ങളിൽനിന്നു വെളിവാകുന്നതെന്താണു്? 20-ാം നൂററാണ്ടിലെ സയൻസു പണ്ഡിതന്മാർ ഭൂരിഭാഗവും ദൈവത്തിലും ആത്മാവിലും വിശ്വസിക്കുന്നവരാണെന്നും, തന്മൂലം ഭൗതികവാദത്തെ നിഷേധിക്കുന്നവരാണെന്നുമല്ലയോ?

### മഹാശാസ്ത്രജ്ഞന്റെ സാക്ഷ്യം

കാലിഫോർണിയായിലെ ടെക്നാളജിക്കൽ ഇൻസ്റ്റിററ്യൂട്ടിലെ ആളും സാർവദേശീയപ്രസിദ്ധിയുള്ള പ്രകൃതിശാസ്ത്രജ്ഞനുമായ റോബർട്ടു് മില്ലിക്കൻ (Robert Millikan) പ്രകൃതവിഷയത്തെ പരാമർശിച്ചു രണ്ടു ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ടു്. അതിലൊന്നിൽ (Science and the New Civilization) പറഞ്ഞിട്ടുള്ളതിങ്ങനെയാണു്: "ഇങ്ങനെയെല്ലാമിരിക്കെ, സയൻസിന്റെ ഭൗതികത്വത്തെപ്പററി ഇനിയും സംസാരിക്കുന്ന ആരെങ്കിലുമുണ്ടോ? അനേകനൂററാണ്ടുകൾക്കുമുമ്പു് ബൈബിളിലെ സങ്കീർത്തനകർത്താവിനോടൊന്നിച്ചു അഭിവന്ദനപൂർവ്വം ഇപ്രകാരം പ്രഖ്യാപിക്കുവാനാണു് ശാസ്ത്രജ്ഞനു് അധികം ന്യായമുള്ളതു്. "ആകാശങ്ങൾ ദൈവമഹത്വത്തെ പ്രകീർത്തിക്കുകയും അന്തരീക്ഷം അവിടുത്തെ കരകൗശലത്തെ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഭൗതികവാദം തീർച്ചയായും ആധുനികസയൻസിന്റെ പാപങ്ങളിലൊന്നല്ല."

അദ്ദേഹത്തിന്റെ രണ്ടാമത്തെ ഗ്രന്ഥത്തിൽ (Science and Religion) പ്രകൃതത്തെപ്പററി അദ്ദേഹം പറയുന്നതിങ്ങനെയാണു്:

"സയൻസു് നമ്മെ കാണിക്കുവാൻ തുടങ്ങിയതു ക്രമീകൃതമായ ഒരു പ്രപഞ്ചത്തെയാണു്; ബുദ്ധിശൂന്യമല്ലാത്ത ഒരു പ്രപഞ്ചത്തെയാണു്; അറിയുവാനും പ്രവചിക്കുവാനും നമുക്കു കഴിയുന്ന തരത്തിൽ വ്യാപരിക്കുന്ന ഒരുപ്രപഞ്ചത്തെയാണു്; ഒരു വാക്കിൽ പറഞ്ഞാൽ നിയമംവഴിയായി പ്രവർത്തിക്കുന്ന ഒരു ദൈവത്തെയാണു്."

ചിക്കാഗോ സർവകലാശാലയിൽ ഫിസിക്സ് പ്രൊഫസറായ ആർതർ കോമ്പ്റൺ (Arthur Compton) തന്റെ ഒരു ഗ്രന്ഥത്തിൽ (The Freedom of Man) പറയുന്നതുകേട്ടാലും: "സയൻസു് മതത്തിന്റെ വിരോധിയല്ലെന്നുമാത്രമല്ല, അതിന്റെ സഖിയുമാണു്. പ്രകൃതിയുടെ ജ്ഞാനം നമ്മിൽ വർദ്ധിക്കുംതോറും പ്രകൃതിയുടെ ദൈവത്തെപ്പററി നമുക്കു കൂടുതലായ അറിവു ലഭിക്കുന്നു. ഇന്നത്തെ സയൻസുപണ്ഡിതന്മാരിൽ നിരീശ്വരനില ആദരിക്കുന്നവർ തീർച്ചയായും ചുരുക്കമാണു്."

ഇതുപോലെ ഒന്നാംകിടയിൽ നില്ക്കുന്ന അനേകം ശാസ്ത്രജ്ഞന്മാരുടെ സാക്ഷ്യങ്ങളിൽനിന്നും തെളിയുന്നതു്, ഇരുപതാം നൂററാണ്ടിലെ സയൻസുംദൈവത്തിന്റേയും ആത്മാവിന്റേയും അസ്തിത്വത്തെ സംശയിക്കുകയോ നിഷേധിക്കുകയോ ചെയ്യുകയല്ല, പ്രത്യുത സമ്മതിക്കുകയാണു് ചെയ്യുന്നതെന്നത്രേ. തന്മൂലം "ആത്മാവിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായി കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുവാൻ തുടങ്ങുകയും ചെയ്യുന്ന സയൻസാണു് ഇരുപതാം ശതകത്തിലുള്ളതു്" എന്ന പ്രസ്താവം അടിസ്ഥാനരഹിതം തന്നെ.

"ശാസ്ത്രീയമായ ഭൗതികവാദം" എന്നു ലേഖകൻപറയുന്നതു് മനസ്സിലാകുന്നില്ല. ആ ഭൗതികവാദത്തിൽ "മനസ്സിനേയും ആത്മാവിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായി കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുവാൻ തുടങ്ങുകയും". ചെയ്തിരിക്കുന്നു എന്ന പ്രസ്താവത്തെ അടുത്ത ലക്കത്തിൽ പരിശോധിക്കാം.

## ജൂബിലിയാഘോഷം

കർദ്ദിനാൾ ഫൊസാററിയുടെ മെത്രാൻ പട്ടാഭിഷേക രജതജൂബിലി മേയ് 15-ാംനു ആഘോഷിക്കപ്പെട്ടിരിക്കുന്നു.


## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | |
|---|---|
| പലിശനിരക്കു കറൻറു | 1½ ശതമാനം |
| സേവിംഗ്സു് | 3 |
| ഷോർട്ടു് നോട്ടീസു് | 3 |
| സ്ഥിരനിക്ഷേപം | |
| 6 മാസകാലാവധി. | 4 |
| 12 | 4½ |
| 24 | 5 |

ഇതിനുംപുറമെ ആവശ്യക്കാർക്കു് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്.

ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുങ്കുന്നം, ചങ്ങനാശ്ശേരി, ഉല്ലല

# Sathya Deepam

Vol. 22 — Ernakulam June 15, 1949 — No. 41


## കർബ്ബാനയുടെ ചരിത്രം

(1-ാം പേജ് തുടർച്ച)

വ്യാപിക്കയും ചെയ്തു. ഏതന്മൂലം അടക്കമില്ലാത്ത ചില ആളുകൾ പട്ടക്കാരൻ തിരുശരീരവും രക്തവും ഉയർത്തുമ്പോൾ "കുറെക്കൂടി ഉയർത്തിപ്പിടിക്കണേ" എന്നു് ഉച്ചത്തിൽ അപേക്ഷിക്കപോലും ഉണ്ടായിട്ടുണ്ടു്. കർബ്ബാനയുടെ പ്രധാനഘട്ടങ്ങളിൽ മണികിലുക്കുന്ന ഏർപ്പാടു് ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കാൻവേണ്ടി ഉണ്ടാക്കിയതാണു്. ആദ്യഘട്ടത്തിൽ മണി ജനലുകളിൽക്കൂടി പുറത്തേക്കു നീട്ടി വരാന്തകളിലും മററങ്ങളിലും മുട്ടുകുത്തിയിരുന്നവരെ പൂജയുടെ പ്രധാനഘട്ടങ്ങൾ അറിയിക്കാൻ വേണ്ടി ഉച്ചത്തിൽ കിലുക്കുകയായിരുന്ന സമ്പ്രദായം.

ഇപ്പോൾ കർബ്ബാനയിൽ കാഴ്ചവയ്പു് പട്ടക്കാരന്റെ കൃത്യമായിട്ടാണല്ലോ നാം കാണുന്നതു്. എന്നാൽ പണ്ടു് അങ്ങനെയായിരുന്നില്ല. ജനങ്ങൾ ആ സന്ദർഭങ്ങളിൽ വിശുദ്ധീകരണത്തിനുവേണ്ട അപ്പവും വീഞ്ഞും സമർപ്പിക്കയും വൈദികൻ അവ സ്വീകരിക്കയും ചെയ്കയായിരുന്നു അന്നത്തെ ആചാരം.

കർബ്ബാനയ്ക്കു് ഇക്കാലത്തു വൈദികന്മാർ ധരിക്കുന്ന തിരുവസ്ത്രങ്ങളും മററു സാമഗ്രികളും വ്യവസ്ഥിതിപ്രാപിച്ചതും ഉദ്ദേശം മദ്ധ്യശതാബ്ദങ്ങൾക്കു ശേഷമായിരുന്നു. 1570-ൽ അഞ്ചാം പീയൂസ് മാർപ്പാപ്പായുടെ കാലത്താണു തിരുസഭയിലെ കർബ്ബാനക്രമം ആകപ്പാടെ സംസ്കരിച്ചു് ശരിപ്പെടുത്തപ്പെട്ടതു്. ആകയാൽ അന്നുമുതൽ ദിവ്യബലിയുടെ അനുഷ്ഠാനം സംബന്ധിച്ചു് സഭയിൽ അഭിനന്ദനീയങ്ങളായ പല വ്യവസ്ഥകളും ഉണ്ടായിവന്നതായി വിചാരിക്കാം. ഏതായാലും തിരുസഭയ്ക്കു് ഏതാചാരവും കാലോചിതമായി സംസ്കരിക്കാൻ വേണ്ട പരമാധികാരം ഉള്ളതുകൊണ്ടു് പരിശുദ്ധബലിയുടെ അനുഷ്ഠാനത്തിൽ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ അതിന്റെ പഴമയ്ക്കു ഭംഗം വരുത്തിയെങ്കിലും ഭക്തിവർദ്ധനയ്ക്കും മാഹാത്മ്യത്തിനും പൂർവ്വോപരി യോജിച്ചതുതന്നെയെന്നുള്ളതിനു സംശയമില്ല.

* പകപ്പ്വകാശം ലേഖകനു്.

—

## സംഭവകഥകൾ

### ജപമാലയുടെ ശക്തി

ബെൽജിയം കോംഗോയിലെ ഒരു മിഷനറിയായ ഫാദർ ജാൻസൻ "ക്ലേവർ ആൽമനക്" എന്ന പ്രസിദ്ധീകരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം ചുവടെ ചേർക്കുന്നു:

കഴുത്തിൽ ജപമാല ധരിച്ചിരുന്ന ഒരു ക്രിസ്ത്യാനി സ്ത്രീ ജോലിസ്ഥലത്തുനിന്നു മടങ്ങുന്നവഴി ഒരു ക്ഷുദ്രക്കാരി എതിരേ വരുന്നതു കണ്ടു. അവൾക്കു ഭയം തോന്നുകയാൽ പുറകോട്ടുപോയെങ്കിലോ എന്നു വിചാരിച്ചെങ്കിലും, ക്ഷുദ്രക്കാരിതന്നെ പുറകോട്ടു ഓടുന്നതായിട്ടാണു കണ്ടതു്. മാത്രമല്ല, അവൾ ഇപ്രകാരം പറകയും ചെയ്തു: "ഞാൻ നിന്നെ ഉപദ്രവിക്കുന്നതിനു് ആഗ്രഹിച്ചെങ്കിലും എനിക്കും നിനക്കും മദ്ധ്യേ ഒരു തീജ്വാല പൊട്ടിപ്പുറപ്പെടുകയാൽ എനിക്കു പുറകോട്ടു പോകേണ്ടിവന്നു." ക്രിസ്ത്യാനിസ്ത്രീയുടെ കഴുത്തിൽ കിടന്ന കൊന്ത ചൂണ്ടിക്കാണിച്ചുകൊണ്ടു് അവൾ തുടർന്നു: "അത്തരം സാധനങ്ങൾ ധരിക്കുന്നവരുടെ മേൽ ഞങ്ങളുടെ വിദ്യകളൊന്നും ചെലവാകയില്ല"

### മനസ്സു തിരിച്ച വിധം

ഡോക്ടർ ടിമോത്തി പപ്പിൻ ഭക്തനായ ഒരു കത്തോലിക്കനായിരുന്നു. മൂന്നു പ്രാവശ്യം അദ്ദേഹം വിവാഹം ചെയ്യുന്നതിനിടയായി. എല്ലാ പ്രാവശ്യവും പ്രത്യേകാനുവാദപ്രകാരം അകത്തോലിക്കാ സ്ത്രീകളെയാണു വിവാഹം ചെയ്തതു്. അവർ മൂന്നു പേരെയും അദ്ദേഹം കത്തോലിക്കാ സഭയിലേക്കു മനസ്സുതിരിക്കയും ചെയ്തു. അതെങ്ങനെ സാധിച്ചുവെന്നു ചോദിച്ചപ്പോൾ അദ്ദേഹം നല്കിയ മറുപടി ഇതാണു്: "സ്ത്രീകളെല്ലാം വലിയ ജിജ്ഞാസയുള്ളവരാണു്. അൽഫോൻസസു് റൊഡ്റിഗസിന്റെ "ക്രിസ്തീയ പരിപൂർണ്ണത" എന്ന ഗ്രന്ഥത്തിന്റെ ആദ്യവാല്യം എന്റെ കൈവശമുണ്ടായിരുന്നു. "ആദ്ധ്യാത്മിക കാര്യങ്ങൾക്കു നാം കല്പിക്കേണ്ട പ്രാധാന്യം" എന്നതിനെപ്പററിയാണു് അതിലെ ആദ്യാദ്ധ്യായം. ആ പുസ്തകം ഞാൻ ഏറെക്കുറെ രഹസ്യമായി വായിക്കയും അതിനുശേഷം, ഞാൻ എന്തൊക്കെയാണു വായിക്കുന്നതെന്നു ഭാര്യ അറിയേണ്ട എന്ന ഭാവത്തിൽ പുസ്തകം ഒളിച്ചുവയ്ക്കുകയുമായിരുന്നു പതിവു്. പക്ഷെ അവൾ അതു എങ്ങനെയെങ്കിലും കണ്ടുപിടിക്കയും വായിക്കയും ചെയ്യുമായിരുന്നു. തൽഫലമായി ആദ്ധ്യാത്മികമൂല്യങ്ങളുടെ വൈശിഷ്ട്യം അവൾ മനസ്സിലാക്കുന്നതിനു ഇടവന്നു. ആ പുസ്തകത്തിൽ വാദപ്രതിവാദങ്ങൾ ഒന്നുംതന്നെയില്ല. സത്യസഭയിലേക്കു നിഷ്കപടഹൃദയങ്ങളെ ആകർഷിക്കുന്ന ഋഷിവാദക്കുദശായുടെ അരുപിയാണു് അതിലുള്ളതു്. ഇങ്ങനെയാണു എന്റെ ഭാര്യമാരായിരുന്ന സ്ത്രീകൾ യഥാക്രമം മനസ്സുതിരിയുന്നതിനിടവന്നതു്." (The Catholic Digest)

### ഈ കപ്പലിൽ പററുകയില്ല

മർഫി—അതായിരുന്നു കത്തോലിക്കാചൈതന്യം നിറഞ്ഞ ആ ഐറിഷ് യുവാവിന്റെ പേരു്. അവന്റെ ജോലിയാകട്ടെ ഒരു ഇററാലിയൻ കപ്പലിൽ കത്തോലിക്കാ വൈദികർക്കു കുർബ്ബാന ചൊല്ലുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ദിവ്യബലിയിൽ ശുശ്രൂഷ നടത്തുകയുമായിരുന്നു.

ഒരു ദിവസം ജോലിയെല്ലാം കഴിച്ചശേഷം മർഫി പ്രാതൽ കഴിക്കാൻ പോയി. അപ്പോഴിതാ കൂട്ടുകാരിൽ ഒരാൾ ഓടിവന്നു പറയുന്നു: "കപ്പേളയിൽ ഒരച്ചൻ കുർബ്ബാന ചൊല്ലാൻ ഒരുങ്ങിനില്ക്കുന്നു. വേഗം ചെല്ലണം."

"ഇനിയാരും കുർബ്ബാന ചൊല്ലാനില്ലല്ലോ." മർഫി പ്രതിവചിച്ചു.

"ഉണ്ടു്. ഞാൻ കണ്ടതല്ലേ?" ആഗതൻ ഉറപ്പിച്ചു പറഞ്ഞു.

മർഫി ഒററ ഓട്ടംകൊണ്ടു് സങ്കീർത്തിയിൽ എത്തിക്കഴിഞ്ഞു. തിരുവസ്ത്രങ്ങൾ ധരിച്ചുനിന്നിരുന്ന വൈദികനെ അവൻ കപ്പേളയിലേക്കു ആനയിച്ചു.

ബലിപീഠത്തിന്റെ താഴത്തെ പടിയിൽനിന്നുകൊണ്ടു് അദ്ദേഹം ഇംഗ്ലീഷിൽ ചൊല്ലിത്തുടങ്ങിയപ്പോഴാണു് മർഫിക്കു കാര്യം മനസ്സിലായതു്.

"I will go up to the altar of God" (ഞാൻ ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കു കയറും) എന്ന ആദ്യവാചകം അദ്ദേഹം ഉച്ചരിച്ചു.

"ഉവ്വ്വ!! ഈ കപ്പലിൽ അതു പററുകയില്ല." മർഫി പാതിരിയെ സധൈര്യം അനുസ്മരിപ്പിച്ചു.

അദ്ദേഹത്തിന്റെ സാന്ത്വനങ്ങളെല്ലാം വിഫലീഭവിച്ചതേയുള്ളു. അതൊരു കത്തോലിക്കാ ചാപ്പലാണെന്നും അവിടെ മററു മതസ്ഥർക്കു കർമ്മങ്ങൾ നടത്താൻ അനുവാദമില്ലെന്നും ആ ആംഗ്ലിക്കൻ വൈദികൻ താമസംവിനാ മനസ്സിലാക്കി.

(Catholic Digest—April 1949)

## തിരുഹൃദയസ്തവം

("പാഹിമാം ജഗദീശ്വര" എന്ന മട്ടു്)


യേശുവിൻ വിമലഹൃത്തേ! ആശ്രിതജന-
ശാശ്വതസുഖസമ്പത്തേ!
പേശലതരഭക്തിമാർഗ്ഗമണിദീപമേ!
ക്ലേശപാശവിനാശ ശേഷിയേറിടും ഹൃത്തേ! (യേശു

2. പാപപ്പാഴിരുൾ നീക്കുവാൻ താതപികരത-
ദീപം കൊളുത്തി ധാത്രിയിൽ
പാപികൾക്കഭയവും പാപമുക്തിയും പശ്ചാ-
ത്താപത്തിൻ ഫലമായി കല്പിച്ചു വിജയിക്കും (യേശു

3. ജീവകാരുണ്യാമൃതം കാതലായ് വായ്ക്കും
ദേവേശഹൃദയാബ്ജമേ,
താവകഭരണശ്രീ ഭൂവിൽ നിറഞ്ഞു നിത്യ-
ഭാവുകമഖിലർക്കും കൈവരുവാൻ തുണയ്ക്ക! (യേശു

4. ശാന്ത സുന്ദര സ്വാന്തമേ! താവക ദിവ്യ-
കാന്തികന്ദളവീചിയിൽ
താന്തരാമഖിയങ്ങൾ നീന്തിക്കളിക്കാറായ്
സ്വാന്തമലിഞ്ഞു വരം നല്കി കാത്തുകൊള്ളണേ! (യേശു

(ററി. വി. അഗസ്റ്റിൻ)



അപ്പവും വീഞ്ഞും കൊണ്ടു് മെൽക്കിസദേക്ക അർപ്പിച്ച ബലി പരിശുദ്ധ കർബ്ബാനയുടെ പ്രതിഛായയായിരുന്നു.

## GLEANINGS

### Maxims

The following beautiful principles were found among the notes and effects of the saintly Cardinal Merry del Val. They had been written for his own personal guidance, and they afford a glimpse into his soul:

"Pray slowly, but if you notice that you have said a prayer hastily or distractedly, do not repeat it, but ask God to give you the grace to do better another time."

"When you see that you have failed, at once make an act of the virtue contrary to the fault."

"God gives His graces at the moment when one needs them. We must not torment ourselves, forseeing sacrifices which at the moment He is not asking of us. And we must not doubt that God will give us strength to do what He demands of us."

"Do not forget that unless you crucify yourself, you will crucify Jesus Christ."

* *

### Programme for Parents

Here are five simple rules for parents who wish to turn their offspring into juvenile delinquents. They are listed by Lt. Ralph Brophy, head of the police juvenile bureau in Des Moines, Iowa:

1 Don't give your child any religious or spiritual training.

2 Don't let him discuss his plans, problems or pleasures, so he will not develop affection, security or trust in you.

3 Don't open your home to his companions; they will muss up the place. Don't be concerned where he spends his free time.

4 Never praise your child for his worth-while effort, because he might take advantage of your effort and try harder to please you in the future.

5 Just don't pay any attention to what your child does or says. He should be able to take care of himself in this day and age.

To which we might add that a good many parents have been following these simple rules for years, and have found that invariably they produce the desired result.

* *

### The Catholic Press

"At no time has the apostolate of the Catholic Press and its high mission in the diffusion of divine truth been of greater importance than in these days when the enemies of God have become so numerous and so insidious in the propagation of the doctrines of darkness".

*Pope Pius XII*

* *

Richard Heber, English book-collector, was never satisfied with a single copy of a book. "No gentleman can be without three copies," he used to say, "one for use, one for show, and one for borrowers."


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam